ഡയറി 1966

സോവിയറ്റ്-ഇന്ത്യാ സൗഹൃദം

പുസ്തകം 2. ലക്കം 8 **സോവിയററു സമീക്ഷ** ഫിബ്രവരി 18, 1967

സോവിയററ്-ഇന്ത്യാ
സൗഹൃദസഹകരണങ്ങളുടെ
ഡയറി

ജനുവരി-ഡിസംബർ 1966

ഇതിലെ ലേഖനങ്ങൾക്ക് നൊവോസ്തി
പ്രസ്സ് ഏജൻസിയോട്ട് കടപ്പെട്ടിരിക്കുന്നു

എഡിററർ : ജി. കൊളക്കൊളോവ്

മാനേജിങ്ങ് എഡിററർ : എൽ. എസ്. കറിലോവ്

Printed and Published by L. V. Sorokin for the Information branch of the U. S. S. R. Consulate General in Madras, 44 Thyagaraya Road, Madras-17
Printed at Janatha Press, Madras-5.

ആമുഖം

*"സോവിയററ് സമീക്ഷ"*യുടെ ഈ ലക്കത്തിൽ, സോവിയററ്-ഇന്ത്യാസൗഹൃദത്തിൻെറയും സഹകരണത്തിൻെറയും 1966-ലെ ഡയറിഞങ്ങൾ വായനക്കാർക്ക സമപ്പിക്കുകയാണ്.

1967 ഫെബ്രുവരി 2, സോവിയററ്-ഇന്ത്യാസാമ്പത്തികസഹകരണത്തിൻെറ 12-ാം വാഷികദിനമായിരുന്നു. (1965 ഫെബ്രുവരി 2-ാം തീയതിയാണ്, ഭിലായി ഉരുക്കുപ്ലാൻറിനെ സംബന്ധിച്ച കരാറിൽ, സോവിയററ് ഗവർമ്മെണ്ടും ഇന്ത്യാഗവർമ്മെണ്ടും ഒപ്പുവെച്ചതു്.)

1966 ശ്രദ്ധേയമായ ഒരു വർഷമായിരുന്നു. സോവിയററ് യൂണിയനും ഇന്ത്യയും തമ്മിലുള്ള, സൗഹാർദ്ദഭരിതവും സമാധാനപരവുമായ സഹകരണബന്ധങ്ങൾ അധികതരം വികസിച്ച ഒരു കൊല്ലമാണതു്. ഈ സഹകരണം എല്ലാ രംഗങ്ങളിലും — രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികരംഗങ്ങളിലെല്ലാം — വളർന്നു കൊണ്ടിരിക്കുകയാണ്.

താഷ്കണ്ടോടുകൂടിയാണ് കൊല്ലമാരംഭിച്ചതു്. മദ്ധ്യേഷ്യയിലെ ആ പ്രാചീനനഗരത്തിൽ വെച്ച്, സോവിയററ് ഗവമ്മെണ്ടിൻെറ ഒത്താശയോടുകൂടി ഇന്ത്യയുടെയും പാകിസ്ഥാൻെറയും ഉത്തരവാദപ്പെട്ട നേതാക്കൾ ചേർന്നു നടത്തിയ സമ്മേളനം, ഒരു മഹാസംഭവമായിരുന്നു. അയൽരാജ്യങ്ങളായ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധങ്ങളെ താറുമാറാക്കിയ യുദ്ധത്തിന്നു അതു വിരാമമിട്ടു; എന്നു മാത്രമല്ല, താഷ്കണ്ട്സ്പിരിററിന്നു് ജന്മം നൽകുകയും ചെയ്തു.

താഷ്കണ്ട്സ്പിരിററ് ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു. സ്റ്റേററുകൾ തമ്മിൽ സമാധാനനിർഭരമായ നല്ല അയൽപക്കബന്ധങ്ങൾ വളർത്തുന്നതിന്നും, എല്ലാ പ്രമുഖപ്രശ്നങ്ങളും സമാധാനപരമായി പരിഹരിക്കുന്നതിന്നും അതു എല്ലായ്പോഴും വഴി തെളിക്കുന്നതായിരിക്കും.

രാഷ്ട്രീയരംഗത്തു്, മററു രണ്ടു സംഭവങ്ങൾ കൂടി പ്രത്യേകം എടുത്തുപറയത്തക്കതായുണ്ടു്. അവയിൽ ഒന്നു്, പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ

ഗാന്ധിയുടെ സോവിയററ് സന്ദർശനമാണ്. 1966 ജൂലായി മാസത്തിൽ സോവിയററ് യൂണിയനിലെത്തിയ ശ്രീമതി ഗാന്ധി, എൽ ഐ. ബ്രഷ് നേവ്, എ. എൻ. കോസിഗിൻ തുടങ്ങിയ പ്രമുഖ സോവിയററ് നേതാക്കളുമായി "സൗഹൃദത്തിൻെറയും അന്യോന്യധാരണയുടെയും അന്തരീക്ഷത്തിൽ" സംഭാഷണം നടത്തുകയുണ്ടായി. പൊതുതാല്പര്യമുള്ള പ്രധാനപ്പെട്ട സാർവ്വദേശീയപ്രശ്നങ്ങളെപ്പററി ഇരുരാജ്യങ്ങളുടെയും നേതാക്കൾ അഭിപ്രായവിനിമയം നടത്തി; സോവിയററ്-ഇന്ത്യാബന്ധങ്ങൾ കൂടുതൽ ദൃഢീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുവാനുള്ള സാദ്ധ്യതകളെപ്പററി അവർ ചർച്ച നടത്തുകയും ചെയ്തു.

ശ്രീമതി ഇന്ദിരാഗാന്ധിയുടെ പര്യടനം അവസാനിക്കാറായപ്പോൾ പുറപ്പെടുവിച്ച സംയുക്തകമ്യൂണിക്കയിൽ, "സാമ്രാജ്യവാദികളുടെയും മററു പ്രതിലോമശക്തികളുടെയും ആക്രമണനടപടികൾ നിമിത്തം" സാർവ്വദേശീയസ്ഥിതി മോശപ്പെടുകയും യുദ്ധവിപത്തു വർദ്ധിക്കുകയും ചെയ്തിട്ടുള്ളതിൽ ആശങ്ക പ്രകടിപ്പിക്കപ്പെടുകയുണ്ടായി.

"കൊളോണിയലിസത്തിന്നും, നാനാവേഷങ്ങളിലുള്ള പുത്തൻ കൊളോണിയലിസത്തിന്നും എതിരായി പോരാടുന്ന ജനതകൾക്ക് തങ്ങൾ പിന്തുണ നൽകുന്നതാണെ"ന്ന്, ഇരുരാജ്യങ്ങളും സംയുക്തമായി ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. സമാധാനം ശക്തിപ്പെടുത്തുകയും, സാർവ്വദേശീയസഹകരണം വികസിപ്പിക്കുകയും ചെയ്യുന്നതിൽ ചേരിചേരാനയത്തിന്നുള്ള വമ്പിച്ച പ്രാധാന്യത്തെ സംയുക്തകമ്യൂണിക്കെ എടുത്തു കാട്ടി.

1966-ൽ സോവിയററ് യൂണിയൻ സന്ദർശിച്ച മറെറാരു പ്രമുഖഭാരതീയൻ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രസിഡണ്ടായ ശ്രീ കെ. കാമരാജ് ആണ്. "ദ്രുതതരം വികസിക്കുകയും, സ്വന്തം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുവാൻ ശ്രമിക്കുന്ന എല്ലാ രാജ്യങ്ങൾക്കും സോവിയററ് യൂണിയൻ ഒരു മാർഗ്ഗദീപമാണെ"ന്ന അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ശ്രീ. കാമരാജിൻെറ സന്ദർശനം, "സോവിയററ്-ഇന്ത്യാസൗഹൃദത്തിന്നും ലോകസമാധാനത്തിനുമുള്ള മറെറാരു സംഭാവനയായിത്തീരുമെ"ന്ന്, സന്ദർശനഫലങ്ങളെ പരാമർശിച്ചുകൊണ്ട് "പ്രവ്ദ" അഭിപ്രായപ്പെട്ടു.

ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികസഹകരണത്തിൻെറ രംഗത്തിലെ ഒരു പ്രധാനസംഭവമാണ്, 1966-70 ലേക്കുള്ള വ്യാപാര ഉടമ്പടി. 1966-ൽ ഒപ്പു വെച്ച ഈ ഉടമ്പടി, 1970 ആകുമ്പോഴേക്ക് ഇരുരാജ്യങ്ങളും തമ്മിൽ 300 കോടി രൂപയുടെ വ്യാപാരം നടത്തണമെന്ന്

വ്യവസ്ഥ ചെയ്തിരിക്കുന്നു. 1964-ലേതിന്റെ ഇരട്ടിയാണിതു്. പന്ത്രണ്ടു കൊല്ലം മുമ്പു് വെറും ഒരു കോടി രൂപയുടെ വ്യാപാരമാണു് ഇരു രാജ്യങ്ങളും തമ്മിൽ നടന്നിരുന്നതു്. ഇന്നു്, വികസ്വരരാജ്യങ്ങളുമായുള്ള സോവിയററ് യൂണിയന്റെ വ്യാപാരത്തിൽ ഇന്ത്യക്കു പ്രഥമസ്ഥാനമാണുള്ളതു്.

കഴിഞ്ഞ കൊല്ലം ഡിസംബർ 10-ാം തീയതി ഒപ്പുവെച്ച കരാർ അനുസരിച്ച്, ഇന്ത്യക്കു വീണ്ടും വായ്പയായി 250 കോടി രൂപ നൽകാമെന്നു സോവിയററു് യൂണിയൻ ഏററിട്ടുണ്ടു്. മദ്ധ്യപ്രദേശിലെ കോർബയിൽ 100000 ടൺ വാർഷികോല്പാദനക്കഴിവുള്ള ഒരു അലുമിനിയം സ്മെൽററിങ്ങ് പ്ലാൻറ് സ്ഥാപിക്കുക, ഭിലായിയിലെ ഇരുമ്പു്-ഉരുക്കു് പ്ലാൻറ് വിപുലീകരിക്കുക (പ്രതിവർഷം 25 ലക്ഷം ടൺ മുതൽ 32 ലക്ഷം ടൺ വരെ ഉരുക്കു്) ദാല്ലിയിലെ ഇരുമ്പയിരുഖനി വികസിപ്പിക്കുക (25 ലക്ഷം ടൺ ഇരുമ്പയിരു് ഉല്പാദിപ്പിക്കുവാനുള്ള കഴിവുണ്ടാക്കുക), പ്രതിവർഷം 65 ലക്ഷം ടൺ കല്ക്കരി മൊത്തത്തിൽ ഉല്പാദിപ്പിക്കത്തക്കവിധത്തിൽ ബീഹാറിലെ പല ഖനികളും വികസിപ്പിക്കുക, നെയ്‌വേലിയിലെ തെർമൽ പവർ സ്റ്റേഷൻ വിപുലീകരിക്കുക — എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കായിട്ടാണു് ഈ വായ്പ നൽകപ്പെടുന്നതു്.

ഈ പുതിയ ഉടമ്പടി ഒപ്പുവെച്ചതോടുകൂടി ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന്നുവേണ്ടി സോവിയററു് യൂണിയൻ നൽകുന്ന വായ്പയുടെ തുക 122 കോടി 72 ലക്ഷം റൂബിൾ ആയിരിക്കുന്നു.

1966-ൽ കാർഷികരംഗത്തും സോവിയററ്-ഇന്ത്യാ സഹകരണം വിപുലപ്പെട്ടിട്ടുണ്ടു്. കാർഷികോല്പാദന വികസനത്തിൽ ഇന്ത്യയെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി, ഒരു കോടി മുപ്പതു ലക്ഷം രൂപ വിലപിടിപ്പുള്ള കാർഷികയന്ത്രങ്ങളും മററു സാമഗ്രികളും ഇന്ത്യയിലെ ജനങ്ങൾക്കും ഗവർമ്മേണ്ടിനും സൗജന്യമായി നൽകാമെന്നു് സോവിയററുയൂണിയൻ, ഒരു കരാർവഴി ഏററിട്ടുണ്ടു്. സ്റ്റേററിന്റെ ആഭിമുഖ്യത്തിൽ അഞ്ചു വിത്തുല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്നു വേണ്ടിയാണിതു്. (ഓരോ വിത്തുല്പാദനകേന്ദ്രത്തിന്നും 7500 ഏക്കർ മുതൽ 10000 ഏക്കർ വരെ വിസ്തീർണ്ണമുണ്ടായിരിക്കും) ഇതിന്നുപുറമെ സ്റ്റേററിന്റെ ആഭിമുഖ്യത്തിൽ ഇനിയും പത്തു കൃഷിക്കളങ്ങളും വാടകയടിസ്ഥാനത്തിൽ കാർഷികയന്ത്രങ്ങൾ നൽകുന്ന പതിനഞ്ചു കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന്നു്, അനുകൂലമായ വായ്പാവ്യവസ്ഥകളിന്മേൽ യന്ത്രങ്ങളും മററു സാമഗ്രികളും നൽകാൻ സോവിയററ് ഗവർമ്മേണ്ടു സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടു്.

വ്യവസായ രംഗത്തേന്നപോലെ കാർഷികരംഗത്തും, കഴിയുന്നത്ര ചുരുങ്ങിയ കാലം കൊണ്ടു് സ്വാശ്രയത്വം നേടുന്നതിന്നു ഇന്ത്യയെ സഹായിക്കുക എന്നതാണു്, ഇന്ത്യയുമായുള്ള സോവിയററു് സഹകരണത്തിൻെറ അടിസ്ഥാനപരമായ വശം. വിദേശസഹായം സ്വീകരിക്കുന്ന രാജ്യത്തിന്നു് എന്നും വിദേശസഹായത്തെ ആശ്രയിക്കാൻ ഇടവരുത്താത്ത വിധത്തിലുള്ള ഒരു സഹായമാണിതു്. നേരേ മറിച്ചു്, യാതൊരു വിദേശസഹായവും കൂടാതെ വികസിക്കാൻ ആ രാജ്യത്തിന്നു സൗകര്യം നൽകുന്ന സഹായമാണിതു്. സോവിയററു് യൂണിയൻ ഇന്ത്യക്കു നൽകുന്ന സഹായം, ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യം കെട്ടിയുറപ്പിക്കുന്നതിന്നു സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടിയതാണു്. എല്ലാ വികസ്വരരാജ്യങ്ങൾക്കും അങ്ങിനെയാണു് സോവിയററുയൂണിയൻ സഹായം നല്കുന്നതു്. ഇക്കാര്യത്തിൽ, സോവിയററു് സഹായവും, സാമ്രാജ്യത്തരാജ്യങ്ങളിൽ നിന്നുള്ള സഹായവും തമ്മിൽ അടിസ്ഥാനപരമായ അന്തരമുണ്ടു്.

കോളനിവാഴ്ചയുടെ അനന്തരഫലമായി വികസ്വരരാജ്യങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന്നു് ആശ്വാസം ഉണ്ടാകുന്നതിന്നുവേണ്ടി സോവിയററു യൂണിയൻ അവക്കു് സഹായഹസ്തം നൽകിവരുന്നു.

ഇന്ത്യയിലെ ഗൗരവാവഹമായ ഭക്ഷ്യദൗർല്ലഭ്യത്തെ പരിഗണിച്ചു്, സോവിയററുജനങ്ങൾ ഇവിടുത്തെ കുട്ടികൾക്കുവേണ്ടി ഭക്ഷണസാധനങ്ങളുടെ മൂന്നു കൺസൈൻമെൻറു് അയക്കുകയുണ്ടായി. ബോംബെ, കല്ക്കട്ട എന്നീ തുറമുഖങ്ങളിൽ വെച്ചാണു് അവ സ്വീകരിക്കപ്പെട്ടതു്. സോവിയററു് യൂണിയനിൽനിന്നു് 10000 ടൺ ഭക്ഷണസാധനങ്ങൾ സൗജന്യമായി നൽകാമെന്ന കരാറിൻെറ ഭാഗമാണിതു്.

ഇതിന്നും പുറമെ, ഇന്ത്യയിലെ ഭക്ഷ്യദൗർലഭ്യത്തിന്നു ആശ്വാസമുണ്ടാക്കുന്നതിന്നു് വേണ്ടി 200000 ടൺ ഭക്ഷ്യധാന്യങ്ങൾകൂടി സൗജന്യമായി നൽകാമെന്നു് സോവിയററു് യൂണിയൻ അറിയിച്ചിട്ടുണ്ടു.

ഇരുരാജ്യങ്ങളും തമ്മിലുള്ള സാംസ്കാരികബന്ധങ്ങളിലും, 1966-ൽ, ശ്രദ്ധേയമായ വളച്ചയുണ്ടായി. എല്ലാ സാംസ്കാരികമേഖലകളിലും സോവിയററു്-ഇന്ത്യാസഹകരണം കൂടുതൽ വളർന്നു. ശാസ്ത്രീയ-സാങ്കേതക വിജ്ഞാനം കൈമാറുന്നതിലും, സോവിയററുവിദ്യാഭ്യാസസമ്പ്രദായത്തിൻെറ അനുഭവങ്ങൾ ഇന്ത്യക്കു് ലഭ്യമാക്കിത്തീർക്കുന്നതിലും, സാഹിത്യകലാരംഗങ്ങളിൽ ഇരുജനതകളുടെയും, മുമ്പത്തെയും ഇന്നത്തെയും നേട്ടങ്ങളെ അന്യോന്യം പ്രചരിപ്പിക്കുന്നതിലുമെല്ലാം ഇതു പ്രകടമായിക്കാണാം.

സംസ്കാരം, ഒരു ജനതയുടെ ഭൗതികവും ആത്മീയവുമായ നേട്ടങ്ങളുടെ സ:കല്യത്തെ പ്രതിനിധാനം ചെയ്യുന്നു. ആ നിലയിൽ, സോവിയററ് ജനതയെയും ഇന്ത്യൻ ജനതയെയും കൂട്ടതൽ അടുപ്പിക്കുകയും, ഇരുകൂട്ടരുടെയും നേട്ടങ്ങളെയും പ്രശ്നങ്ങളെയും സംബന്ധിച്ച അന്യോന്യ ധാരണ വളർത്തുകയും ചെയ്യുന്നതിനുള്ള ഏററവും ഫലപ്രദമായ ഒരു മാദ്ധ്യമമാണ് സംസ്കാരം.

ഈ കാര്യങ്ങളിലെല്ലാം തന്നെ, 1966 ഏററവുമധികം ഫലദായകമായിട്ടുള്ള ഒരു വർഷമായിരുന്നു; സോവിയററ് യൂണിയനും ഇന്ത്യയും തമ്മിലുള്ള സൗഹൃദത്തിൻെറയും സഹകരണത്തിൻെറയും വികാസത്തിലെ ഒരു നാഴികക്കല്ലായിരുന്നു.

— പത്രാധിപർ

ജനുവരി

ജനുവരി 2. താൻ സമാധാനം തേടി താഷ്കണ്ടിലേക്ക പോവുകയാണെന്നും, ഇന്ത്യയും പാകിസ്ഥാനും സമാധാനത്തിന്നുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. ലാൽബഹദൂർ ശാസ്ത്രി ന്യൂദൽഹിയിൽ വെച്ച പ്രസ്താവിച്ചു. താഷ്കണ്ടിലേക്ക പുറപ്പെടുന്നതിന്നുമുമ്പ്, ഇന്ത്യാ-സോവിയററ് സാംസ്കാരികസംഘം നൽകിയ ഒരു സ്വീകരണത്തിൽ പങ്കെടുത്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സോവിയററ്ഗവർമ്മെണ്ടിൻെറ മുൻകയ്യോടുകൂടി, പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുടെയും പാകിസ്ഥാൻ പ്രസിഡണ്ട് മുഹമ്മദ് അയ്യൂബ്ഖാൻെറയും ഒരു സമ്മേളനം താഷ്കണ്ടിൽ വെച്ചു നടത്താൻ ഏർപ്പാടുചെയ്തിരുന്നു. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ നല്ല അയൽപക്കബന്ധം സ്ഥാപിക്കുകയും ഉറച്ച സമാധാനം നിലവിൽ വരുത്തുകയും ചെയ്യുന്നതിനെപ്പററി ചർച്ച ചെയ്യുന്നതിന്ന് താഷ്കണ്ടിൽ ഒന്നിച്ചു ചേരാമെന്ന്, സോവിയററുപ്രധാനമന്ത്രി എ. എൻ. കോസിഗിൻെറ ഒത്താശയോടുകൂടി, ഇരുനേതാക്കളും സമ്മതിച്ചിരുന്നു.

രാഷ്ട്രങ്ങൾ തമ്മിലുള്ള, വലുതും ചെറുതുമായ എല്ലാ തക്കങ്ങളും സംഘട്ടനങ്ങളും ഒരു സമ്മേളനമേശയിൽ വെച്ചു പരിഹരിക്കേണ്ടതാണെന്ന്, ശ്രീ. ശാസ്ത്രി സ്വീകരണയോഗത്തിൽ പ്രസംഗിക്കവേ ഊന്നിപ്രസ്താവിക്കുകയുണ്ടായി. രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായഭിന്നതകൾ നിലനിന്നു വന്നിട്ടുണ്ട്. പക്ഷെ, യുദ്ധം കൊണ്ട് അവ പരിഹരിക്കുക സാദ്ധ്യമല്ലെന്നു എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ആയുധം മുഖേനയല്ല, സംഭാഷണം മുഖേനയാണ് അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതെന്ന് ശ്രീ. ശാസ്ത്രി പറഞ്ഞു.

“ലോകസമാധാനം കാത്തു സൂക്ഷിക്കുന്നതിന്ന് സോവിയററുയൂണിയൻ ആത്മാർത്ഥമായി യത്നിക്കുന്നു” എന്ന് ശ്രീ. ശാസ്ത്രി പ്രസ്താവിച്ചു. “ഈ ഉപഭൂഖണ്ഡത്തിൽ സമാധാനം പുനഃസ്ഥാപിച്ചുകാണുവാൻ സോ

വിയററുയൂണിയൻ ഹൃദയംഗമമായി ആഗ്രഹിക്കുന്നു'' എന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

ജനുവരി 3. പാകിസ്ഥാൻ പ്രസിഡണ്ടായ ശ്രീ. അയൂബ്ഖാനുമായി സംഭാഷണം നടത്തുന്നതിന്നുവേണ്ടി ഇന്ത്യാപ്രധാനമന്ത്രി ശ്രീ. ലാൽബഹദൂർ ശാസ്ത്രി താഷ്കണ്ടിൽ എത്തി.

സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിനും മററും ചേർന്നു്, വിമാനത്താവളത്തിൽ വെച്ചു ശ്രീ. ശാസ്ത്രിയെ സ്വീകരിച്ചു.

* ഉസ്ബെക്ക്ശാസ്ത്രഅക്കാദമിയുടെ പ്രസിഡണ്ടായ അക്കാദമീഷ്യൻ യു. എ. ആരിഫോവിന്റെ നേതൃത്വത്തിൽ, യു. എസ്സ്. എസ്സ്. ആർ. ശാസ്ത്ര അക്കാദമിയുടെ ഒരു പ്രതിനിധിസംഘം ഇന്ത്യയിൽ എത്തി. ചണ്ഡിഘട്ടിൽവെച്ചുനടക്കുന്ന ഇന്ത്യൻ ശാസ്ത്രകോൺഗ്രസ്സിന്റെ 53-ാം വാർഷികസമ്മേളനത്തിൽ പങ്കെടുക്കുവാനാണു് അവർ വന്നതു്.

ജനുവരി 4: പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയും പ്രസിഡണ്ട് മുഹമ്മദ് അയൂബ്ഖാനും തമ്മിലുള്ള സമ്മേളനം തഷ്ക്കണ്ടിൽ ആരംഭിച്ചു.

പ്രാരംഭയോഗത്തിൽ സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിൻ പ്രസംഗിക്കുകയുണ്ടായി. ''ഇന്ത്യയും പാക്കിസ്ഥനും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുകയും സംഘട്ടനം അവസാനിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി നേരിട്ടു സമ്പർക്കം സ്ഥാപിക്കുവാൻ പാക്കിസ്ഥാൻ പ്രസിഡണ്ടും ഇന്ത്യൻ പ്രധാനമന്ത്രിയും താഷ്ക്കണ്ടിൽ ഒന്നിച്ചുകൂടാമെന്നു സമ്മതിച്ചതിൽ അഗാധമായ സംതൃപ്തിയുണ്ടെ''ന്നു് അദ്ദേഹം പ്രസ്താവിച്ചു.

അലക്സി കൊസിഗിൻ ഇങ്ങിനെതുടർന്നു: ''പാക്കിസ്ഥാനിലെയും ഇന്ത്യയിലേയും ജനങ്ങളോടുള്ള സൗഹൃദവും, സമാധാനത്തിലേക്കുള്ള പാത കണ്ടെത്തുവാനും, യുദ്ധംകൊണ്ടുണ്ടാവുന്ന നാശനഷ്ടങ്ങളും ദുരിതങ്ങളും ഒഴിവാക്കുവാനും അവരെ സഹായിക്കണമെന്ന വിചാരവുംകൊണ്ടാണു് ഇങ്ങാനെയൊരു യോഗം ചേരണമെന്നു് സോവിയററ്ഗവമ്മെണ്ട് അഭിപ്രായപ്പെട്ടതു്... പാക്കിസ്ഥാനും ഇന്ത്യയും സമാധാനത്തിൽ കഴിയുന്നതു കാണുവാൻ ഞങ്ങളാഗ്രഹിക്കുന്നു. അവർക്കിടയിൽ ഉയൻവന്നിട്ടുള്ള പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കുകയും, ദേശീയവികസനത്തിന്റെ പാതയിലൂടെ അവർ വിജയപൂർവ്വം മുന്നേറുകയും ചെയ്യുന്നതു കാണുവാൻ ഞങ്ങൾക്കാഗ്രഹമുണ്ടു്.''

''താഷ്ക്കണ്ടിൽവെച്ചു നടക്കുന്ന ഈ സമ്മേളനം, പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ബന്ധങ്ങളിൽ ഒരു വഴിത്തിരിവിനെ കുറി

സ്കൂട്ടെ'' എന്നു അലക്സി കോസിഗിൻ പ്രത്യാശ പ്രകടിപ്പിക്കുകയു ണ്ടായി.

പ്രാരംഭയോഗത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രി ഇങ്ങിനെ പ്രസ്താവിച്ചു;

''ചെയർമാൻ കോസിഗിൻ! എന്നെയും പാക്കിസ്ഥാൻ പ്രസിഡണ്ട് അയൂബ്ഖാനെയും, ചരിത്രപ്രസിദ്ധമായ ഈ ഏഷ്യൻനഗരത്തിൽ എത്തിക്കുന്നതിന് താങ്കളെടുത്ത ധീരമായ മുൻകൈയ്യിനെ എന്റെ ജനങ്ങളും, എന്റെ ഗവമ്മെന്റും ഞാനും പ്രശംസിക്കുന്നു. അക്കാര്യത്തിൽ ഞങ്ങൾക്കുള്ള ഹൃദയംഗമമായ അഭിനന്ദനം ആദ്യമായി താങ്കളെ അറിയിച്ചുകൊള്ളട്ടെ!... ഇങ്ങനെ മുൻകൈയ്യെടുക്കുന്നതിന് നിങ്ങൾക്കു പ്രചോദകമായി ത്തീന്നിട്ടുള്ള സമാധാനമെന്ന ലക്ഷ്യം തികച്ചും പാവനമായിട്ടുള്ള ഒന്നാണ്'''

ജനുവരി 5: പുതുശ്ശേരിയിൽ വെച്ചു നടന്നുകൊണ്ടിരുന്ന അഖിലേന്ത്യാ യുവജനഫെഡറേഷന്റെ മൂന്നാം ദേശീയസമ്മേളനം സമാപിച്ചു. സോവിയററ് യൂണിയനിലെ ലെനിനിസ്റ്റ് യങ്ങ് കമ്യൂണിസ്റ്റ് ലീഗിന്റെ (കോംസോമോൾ) സെൻട്രൽക്കമ്മററിസെക്രട്ടറിയായ വൈ. തുർസുദേയവിന്റെ നേതൃത്വത്തിൽ ഒരു സോവിയററ് പ്രതിനിധി സംഘം സമ്മേളനത്തിൽ പങ്കെടുക്കുകയും, സോവിയററ് യുവാക്കളുടെ സഭ്രാതൃാഭിവാദനങ്ങൾ അപ്പിക്കുകയും ചെയ്കയുണ്ടായി.

★ തല്ലിനിലെ (എസ്തോണിയ) ആച്ച് ബിഷപ്പായ ദിവ്യശ്രീ, അലക്സിയുടെ നേതൃത്വത്തിൽ ഇന്ത്യ സന്ദശിച്ച റഷ്യൻ ഓത്തഡോക്സ് ചച്ച് പ്രതിനിധിസംഘം മോസ്കോവിലേക്കു പുറപ്പെട്ടു. സന്ദർശനം തികച്ചും സംതൃപ്തികരമായിരുന്നു എന്നു പ്രതിനിധിസംഘം പ്രസ്താവിക്കുകയുണ്ടായി. ഇന്ത്യയിലെ സുറിയാനിസഭാമേലദ്ധ്യക്ഷനായ പരിശുദ്ധ കത്തോലിക്കാ ബാവായുടെ ക്ഷണമനുസരിച്ച്, കോട്ടയത്തെ തിയോളജിക്കൽ സെമിനാറിയുടെ 150-ാം വാഷികത്തിൽ പങ്കെടുക്കുവാനാണ് അവർ വന്നതു്. വാഷികാഘോഷങ്ങൾ ഡിസംബർ 26-ാം തീയതിമുതൽ 31-ാം തീയതി വരെ കോട്ടയത്തുവെച്ചു നടക്കുകയുണ്ടായി.

★ കസാക്ക് റിപ്പബ്ലിക്കിലെ ഉപരിവിദ്യാഭ്യാസോപമന്ത്രിയായ എസ്സ്. ബൈസ്സുംബയേവിന്റെ നേതൃത്വത്തിൽ ഇന്ത്യ സന്ദശിച്ച ദ്വയാംഗ പ്രതിനിധിസംഘം തിരിച്ചുപോയി. ഇന്ത്യാ-സോവിയററ് സാംസ്കാരിക സംഘത്തിന്റെ കേരളശാഖയുടെ ക്ഷണമനുസരിച്ച് അവർ 12 ദിവസം കേരളത്തിൽ താമസിക്കുകയുണ്ടായി.

ജനുവരി 7: ഇന്ത്യയും സോവിയററ യൂണിയനും തമ്മിൽ, 1396–70 കാലത്തേക്കുള്ള ഒരു വ്യാപാരക്കരാർ ന്യൂദൽഹിയിൽവെച്ചു ഒപ്പുവെക്കപ്പെട്ടു. ഇന്ത്യൻ വിദേശവ്യാപാരകാര്യമന്ത്രി ശ്രീ. മനുഭായിഷായും സോവിയററ് വ്യാപാരകാര്യമന്ത്രി നിക്കോളായ് പാതോലിച്ചേവും അതിൽ ഒപ്പുവെച്ചു.

ഈ കരാറിലെ വ്യവസ്ഥകളനുസരിച്ച് 1970 ആകുമ്പോഴേക്ക് ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം, 1964–ലേതിന്റെ ഇരട്ടിയാവുന്നതാണ്. ഇലക്ട്രിക്കൽ ഇഞ്ചിനീയറിംഗ് സാമഗ്രികളും ഖനനസാമഗ്രികളും, റോഡുനിർമ്മാണയന്ത്രങ്ങളും, യന്ത്രോപകരണങ്ങളും ട്രാക്ടറുകളും മററു യന്ത്രങ്ങളും സോവിയററു യൂണിയൻ ഇന്ത്യക്കു നൽകുന്നതായിരിക്കും. ഇന്ത്യയുടെ സാധാരണകയററുമതിച്ചരക്കുകൾക്കു പുറമേ, പഞ്ചസാര, കമ്പിളിവസ്ത്രങ്ങൾ, പാദരക്ഷകൾ, ഇലക്ട്രിക്ക് ഇഞ്ചിനീയറിങ്ങ് വ്യവസായത്തിലും യന്ത്രനിർമ്മാണവ്യവസായത്തിലും ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ എന്നിവയും സോവിയററു് യൂണിയൻ വാങ്ങുന്നതാണ്. ഇന്ത്യയിൽനിന്നു സോവിയററു യൂണിയനിലേക്കുള്ള കയററുമതിയുടെ പകുതിയോളം പണിതീർന്ന സാധനങ്ങളോ പണി തീരാറായ സാധനങ്ങളോ ആണ്.

ഇരു രാജ്യങ്ങളും തമ്മിലുള്ള വികസ്വരമായ വ്യാപാര–സാമ്പത്തിക ബന്ധങ്ങളുടെ ഒരു സൂചികയാണ് പുതിയ കരാർ.

ജനുവരി 10: ഇന്ത്യൻ പ്രധാനമന്ത്രിയും പാകിസ്താൻ പ്രസിഡണ്ടും ചരിത്രപ്രധാനമായ താഷ്ക്കണ്ട് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു. ആ രേഖയിൽ ഇങ്ങിനെ പറയുന്നു: "ഇരു രാജ്യങ്ങളുംതമ്മിൽ സമാധാനപരമായ സാധാരണബന്ധങ്ങൾ പുനഃസ്ഥാപിക്കുവാനും, ഇരുജനതകളും തമ്മിൽ സൗഹൃദബന്ധങ്ങളും അന്യോന്യധാരണയും വളർത്തുവാനുമുള്ള തങ്ങളുടെ ഉറച്ച തീരുമാനം അവർ പ്രഖ്യാപിക്കുന്നു. ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും 60 കോടി ജനങ്ങളുടെ ക്ഷേമത്തെ സംബന്ധിച്ചേടത്തോളം, ഈ ലക്ഷ്യങ്ങളുടെ സാക്ഷാല്ക്കരണത്തിന്നു് ജീവൽപ്രാധാന്യമുണ്ട്."

പ്രഖ്യാപനത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ട്: "ഉഭയപക്ഷത്തിനും തൃപ്തികരമായ ഫലമുളവാക്കിയിട്ടുള്ള ഈ സമ്മേളനം കൂട്ടുന്നതിൽ, സോവിയററുനേതാക്കളും സോവിയററു ഗവമ്മെണ്ടും, വ്യക്തിപരമായി സോവിയററു പ്രധാനമന്ത്രിയും വഹിച്ച രചനാത്മകവും സൗഹാർദ്ദപരവും പാവനവുമായ പങ്കിനെ, ഇന്ത്യൻ പ്രധാനമന്ത്രിയും പാക്കിസ്ഥാൻ പ്രസിഡണ്ടും അഭിനന്ദിക്കുകയും, അവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു; ഉസ്ബക്കിസ്ഥാനിലെ ഗവമ്മെണ്ടിനോടും സ്നേഹശീലരായ

ജനങ്ങളോട്, അവർ നൽകിയ ഹൃദയഹാരിയായ സ്വീകരണത്തിന്നും ഉദാരമായ ആതിഥ്യസല്ക്കാരങ്ങൾക്കും ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുന്നു. ഈ പ്രഖ്യാപനത്തിന്നു സാക്ഷ്യം വഹിക്കുവാൻ സോവിയററ് പ്രധാനമന്ത്രിയെ അവർ ക്ഷണിച്ചുകൊള്ളുന്നു.”

ജനുവരി 11: ഇന്ത്യാറിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രിയായ ശ്രീ. ലാൽബഹദൂർ ശാസ്ത്രി 1966 ജനുവരി 11-ാം തീയതി താഷ്കണ്ടിൽ വെച്ചു അകാലചരമം പ്രാപിച്ച വിവരം, സുപ്രീംസോവിയററിന്റെ പ്രസീഡിയവും സോവിയററ് മന്ത്രിസഭയും അഗാധമായ വ്യസനത്തോടുകൂടി പ്രഖ്യാപിച്ചു.

★ ശ്രീ. ലാൽബഹദൂർ ശാസ്ത്രിയുടെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കുവാൻവേണ്ടി സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിൻ, താ

ചരിത്രപ്രസിദ്ധമായ താഷ്ക്കൻറ്

ഷ്ക്കണ്ടിൽനിന്നു് ഒരു പ്രത്യേകവിമാനത്തിൽ ന്യൂദൽഹിയിലെത്തി. സോവിയററ്‌വിദേശകാര്യോപമന്ത്രി നിക്കൊളായ് ഫിർയുബിൻ, ഇന്ത്യയിലെ സോവിയററ്‌അംബാസിഡർ ഐ. എ. ബെനദിക്തോവ് തുടങ്ങിയവർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ജനുവരി 12; ശ്രീ. ലാൽബഹദൂർ ശാസ്ത്രിയുടെ നിര്യാണത്തിൽ അനുശോചിക്കുവാൻ രാംലീലാഗ്രൗണ്ടിൽ ഒരു മഹായോഗം ചേർന്നു. പല രാജ്യങ്ങളുടെയും പ്രതിപുരുഷന്മാർ പരേതനായ നേതാവിനെ പ്രശംസിച്ചു സംസാരിക്കുകയുണ്ടായി. താഷ്ക്കെണ്ടിൽ ശ്രീ. ശാസ്ത്രിയുമായി വളരെയടുത്തു പ്രവർത്തിച്ച അലക്സി കോസിഗിനാണു് ആദ്യമായി പ്രസംഗിച്ചതു്.

ജനുവരി 14: "ഇന്ത്യയുടെ നേരെയുള്ള ഞങ്ങളുടെ നയം ഒരിക്ക

പ്രഖ്യാപനത്തിൽ ഒപ്പുവെക്കുന്നു.

ല്ലം മാറുന്നതല്ല'' എന്ന് അലക്സി കോസിഗിൻ, ദൽഹിയിൽനിന്നു മോസ്കോവിലേക്കു തിരിച്ചുപോകുംമുമ്പു പ്രസ്താവിച്ചു. ''നമ്മുടെ ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹാർദ്ദവും അന്യോന്യധാരണയും പരസ്പരവിശ്വാസവും ശക്തിപ്പെടുത്തുന്ന ഒരു ഉറച്ച നയമാണ് അതൊന്നും അദ്ദേഹം പറഞ്ഞു.

ജനുവരി 17: ഇന്ത്യയിലെ ഉരുക്കുവ്യവസായത്തിന്നുവേണ്ടി ഉക്രൈനിലെ ക്രാമാട്ടോസ്കിൽ തയ്യാർചെയ്തുവന്നിരുന്ന ബൃഹത്തായ രണ്ടു റോളിങ്ങ്മില്ലുകളുടെ നിർമ്മാണം പൂർത്തിയായിരിക്കുന്നു.

ജനുവരി 18: അസർബൈജാൻ റിപ്പബ്ലിക്കിലെ സാമൂഹ്യരക്ഷാകാര്യമന്ത്രിയായ ശ്രീമതി ഇസഡ്. സെയിദ് മാമദോവയുടെ നേതൃത്വത്തിൽ, സോവിയററ് യൂണിയനിൽനിന്ന് നാലംഗങ്ങളടങ്ങിയ ഒരു സാമൂഹ്യരക്ഷാപ്രതിനിധിസംഘം ന്യൂദൽഹിയിൽ എത്തി. കേന്ദ്രനിയമ-സാമൂഹ്യരക്ഷാമന്ത്രികാര്യാലയത്തിന്റെ ക്ഷണമനുസരിച്ചാണ് അവർ വന്നത്.

ആൾ-ഇന്ത്യാ ന്യൂസ്പേപ്പർ എംപ്ലോയീസ് ഫെഡറേഷന്റെ ക്ഷണമനുസരിച്ച് സോവിയററുസാംസ്കാരികപ്രവർത്തകട്രേഡ്യൂണിയന്റെ ഒരു പ്രതിനിധി സംഘം ന്യൂദൽഹിയിൽ എത്തി. ഇന്ത്യയിലെ സാംസ്കാരികപ്രവർത്തകരുടെ ജീവിതത്തെയും പ്രവർത്തനത്തെയും സംബന്ധിച്ചു മനസ്സിലാക്കുക എന്നതാണ് ആഗമനോദ്ദേശം. യൂണിയന്റെ മോസ്കോ സിററിക്കമ്മിററി ചെയർമാനായ ശ്രീമയി സോയാ ഗ്ലേബോവ്സ്കയയാണ് പ്രതിനിധിസംഘനേതാവു്.

ജനുവരി 19: ഇന്ത്യയുടെ പ്രധാനമന്ത്രിയായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ശ്രീമതി ഇന്ദിരാഗാന്ധിയെ അനുമോദിച്ചുകൊണ്ട് സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിൻ ഒരു കമ്പിസന്ദേശമയച്ചു.

* മോസ്കോവിന്നടുത്തുള്ള എലെക്ട്രോസ്റ്റാൾ എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ഒരു ഘനയന്ത്രനിർമ്മാണസ്ഥാപനം, ഇന്ത്യക്കുവേണ്ടി സുശക്തമായ ഒരു റോളിംങ്ങ്മിൽ നിർമ്മിച്ചിരിക്കുന്നു.

ജനുവരി 26: ഇന്ത്യൻ റിപ്പബ്ളിക്കിന്റെ 16-ാം വാർഷികം പ്രമാണിച്ച് സോവിയററു പ്രസിഡണ്ടു് നിക്കോളായ് പൊദ്ഗോർണി ഇന്ത്യൻ പ്രസിഡണ്ടു് സർവ്വപ്പള്ളി രാധാകൃഷ്ണന്നു് ഒരു കമ്പിസന്ദേശമയച്ചു. അതിൽ അദ്ദേഹം, സോവിയററുജനതയുടെ പേരിലും സ്വന്തം

പേരിലും പ്രസിഡണ്ടിനേയും ഇന്ത്യൻ ജനതയെയും അഭിനന്ദിക്കുകയും അവർക്ക് വിജയങ്ങൾ ആശംസിക്കുകയും ചെയ്തിട്ടുണ്ട്.

സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിനും, വിദേശകാര്യ മന്ത്രി ആൻഡ്രി ഗ്രോമിക്കോവും, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയ്ക്കും വിദേശകാര്യമന്ത്രി സർദാർ സ്വരൺസിങ്ങിനും ഈ സന്ദർഭത്തിൽ ആശംസാസന്ദേശങ്ങൾ അയയ്ക്കുകയുണ്ടായി.

ഇൻഡ്യയുടെ റിപ്പബ്ളിക് ദിനം പ്രമാണിച്ച് സോവിയററ് കേന്ദ്ര ട്രേഡ്യൂണിയൻ സംഘടന, ഇന്ത്യയിലെ ട്രേഡ്യൂണിയൻ കേന്ദ്രസംഘടനകൾക്ക് ആശംസാസന്ദേശങ്ങൾ അയച്ചിട്ടുണ്ട്.

ഇന്ത്യൻ റിപ്പബ്ളിക്ക്ദിനം, മോസ്കോവിലെ സൗഹൃദഭവനിൽ വെച്ച് ആഘോഷിക്കപ്പെട്ടുകയുണ്ടായി. മോസ്കോനിവാസികളുടെ ക്ഷണമനുസരിച്ച് ധാരാളം ഇന്ത്യക്കാർ അതിൽ പങ്കെടുത്തു. സി. പി. എസ്. യു. സെൻട്രൽകമ്മിററി പ്രസീഡിയത്തിലെ മെമ്പർമാരും സോവിയററ് മന്ത്രിസഭയുടെ ഒന്നാം വൈസ്ചെയർമാനായ കിരിൽ മസുറോവും, മററു പ്രമുഖവ്യക്തികളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

★ അൽമാ–ആത്തയിലെ (കസാഖ്സ്ഥാൻ) ഹെവി എഞ്ചിനീയറിങ്ങ് വർക്ക്സ്, ഇന്ത്യൻ തൊഴിലാളികൾക്ക് വിദഗ്ദ്ധപരിശീലനം

സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിൻ ശ്രീമതി ഇന്ദിരാഗാന്ധിയോടൊത്ത് — ജനുവരി 13–1966

നൽകുന്ന ഒരു കേന്ദ്രമായിത്തീർന്നിരിക്കുന്നു. ആറു സംഘം ഇന്ത്യാക്കാർക്ക് ഇവിടെ പരിശീലനമാരംഭിച്ചിട്ടുണ്ട്. പത്തുമാസത്തെ പരിശീലനത്തിന്നുശേഷം അവർ സോവിയററു സഹായത്തോടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള റാഞ്ചിയിലെ ഘനയന്ത്രനിർമ്മാണ സ്ഥാപനത്തിലേയ്ക്കു പോകുന്നതായിരിക്കും.

ജനുവരി 27: ഇന്ത്യാ റിപ്പബ്ളിക്കിന്റെ 16-ാം വാർഷികം പ്രമാണിച്ച് മോസ്കോവിൽ ഒരു ചലച്ചിത്രോത്സവമാരംഭിച്ചിരിക്കുന്നു. ഇന്ത്യൻ ചിത്രങ്ങളും ഇന്ത്യയെസംബന്ധിച്ച സോവിയററ്ചിത്രങ്ങളും അവിടെ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്.

ജനുവരി 28: ഉസ്ബക്കിസ്ഥാൻ ഉന്നതവിദ്യാഭ്യാസകാര്യമന്ത്രി പ്രൊ സാരിംസാക്കോവും, സോവിയററ് വിദ്യാഭ്യാസോപദേശകനായ ഐവാൻ അനിസിമോവും, രണ്ടാഴ്ചക്കാലത്തെ ഇന്ത്യാ സന്ദർശനത്തിന്നുശേഷം തിരിച്ചു പോയി. ഇന്ത്യാ-സോവിയററ് സാംസ്ക്കാരിക വിനിമയപരിപാടിയനുസരിച്ചാണ് അവർ ഇന്ത്യ സന്ദർശിച്ചതു്.

ജനുവരി 29: മോസ്കോവിലെ പൗരസ്ത്യ കലാമ്യൂസിയത്തിൽ നിന്ന് ഇൻഡ്യയിൽ എത്തിയിട്ടുള്ള കുമാരി ഒസ്ക്കനൊ താമിലിന, "മ്യൂസിയവും സമുദായജീവിതവും" എന്ന വിഷയത്തെ അധികരിച്ച് ന്യൂഡെൽഹിയിൽ നടന്ന യുനെസ്കോ സെമിനാറിൽ പങ്കെടുത്തു. ഇന്ത്യാ-സോവിയററ് സാംസ്കാരിക വിനിമയ പരിപാടിയനുസരിച്ചാണ് അവർ ഇന്ത്യയിൽ വന്നതു്.

ജനുവരി 30: ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള തർക്കങ്ങൾ കൂടിയാലോചനവഴി സമാധാനപരമായി പരിഹരിക്കുവാനുള്ള പാത തുറന്നിട്ടുണ്ട് എന്ന്, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസിഡണ്ട് ശ്രീ കെ. കാമരാജ് മദ്രാസിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചു. ഇന്ത്യാ - സോവിയററു സാംസ്കാരിക സംഘത്തിന്റെ മദിരാശി ശാഖയുടെ ആഭിമുഖ്യത്തിൽ കൂടിയ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. താഷ്ക്കണ്ട് സമ്മേളനം നടത്താൻ മുൻകയ്യെടുക്കുകയും, താഷ്ക്കണ്ട് പ്രഖ്യാപനം ഒപ്പുവെയ്ക്കാൻ ഇരു രാജ്യങ്ങളെയും സഹായിക്കുകയും ചെയ്ത സോവിയററുയൂണിയൻ അഭിനന്ദനമർഹിക്കുന്നു എന്ന് ശ്രീ കാമരാജ് പ്രസ്താവിക്കുകയുണ്ടായി.

തുർക്ക്മാൻ റിപ്പബ്ളിക്കിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം യോഗത്തിൽ പങ്കെടുത്തിരുന്നു.

ജനുവരി 31: ഒരു പ്രമുഖ ഭാരതീയ ശാസ്ത്രജ്ഞനും. ഇന്ത്യൻ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ ചെയർമാനുമായ പ്രൊ. ഡി. എസ്. കൊത്താരി, ലെനിൻഗ്രാഡ് യൂണിവേഴ്സിററിയിൽ ഫിസിക്സിൻെറയും മാത്തമാററിക്സിൻേറയും ഓണററി ഡോക്ടറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

★ ഭാരതീയ സാഹിത്യകാരനായ ഭവാനിഭട്ടാചാര്യയുടെ *"മോഹിനിക്കുവേണ്ടിയുള്ള സംഗീതം"* എന്ന നോവൽ മോസ്ക്കോവിൽ റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിച്ചു.

ഫെബ്രുവരി

ഫെബ്രുവരി 1: പഞ്ചാബ് ഗവർമ്മെണ്ടിൻെറ കൃഷിഡയറക്ടറായ ഡോ. അമ്രിക്സിങ്ങ് ചീമ, പഞ്ചാബ് കാർഷിക സർവ്വകലാശാലയിൽ (ലൂധിയാന) വെച്ചാരംഭിച്ച 17-ാം സോവിയററ് ട്രാക്ടർ പരിശീലനക്ലാസ് ഉൽഘാടനം ചെയ്തു. ഒരു മാസം നീണ്ടു നിൽക്കുന്ന ഈ ക്ലാസ്സിൽ അമ്പതു കൃഷിക്കാർ പങ്കെടുക്കുന്നുണ്ട്. ട്രാക്ടറുകളും മററു കാർഷികയന്ത്രങ്ങളും പ്രവർത്തിപ്പിക്കുകയും, അവയുടെ മെയിൻറനൻസ് നടത്തുകയും ചെയ്യുന്നതു സംബന്ധിച്ച പരിശീലനമാണ് ഇവിടെ നൽകപ്പെടുന്നതു്.

★ പ്രശസ്ത സോവിയററു് ചലച്ചിത്ര നിരൂപകനായ പ്രൊ. ഇലിയ വൈസ്ഫെൽഡ് ന്യൂ ഡെൽഹിയിൽ എത്തി. ആധുനിക ചലച്ചിത്രകലയെ സംബന്ധിച്ച് പൂനായിലെ ഫിലിം ഇൻസ്റ്റിററ്യൂട്ടിൽ ഒരു പ്രഭാഷണം നടത്താൻ ക്ഷണിക്കപ്പെട്ടതനുസരിച്ചാണ് അദ്ദേഹം ആഗതനായിട്ടുള്ളതു്.

ഫെബ്രുവരി 2: ഭാരതീയ സർവ്വകലാശാലകളുമായി ബന്ധംസ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഒരു ദ്വായംഗ സോവിയററ് പ്രതിനിധിസംഘം ഇന്ത്യയിൽ എത്തി. യൂണിവേഴ്സിററി ഗ്രാൻറ്സ്കമ്മീഷൻെറ ക്ഷണമനുസരിച്ചാണ് പ്രതിനിധിസംഘം വന്നതു്. തുർക്കമേനിയ സ്റ്റേററ് യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറായ ശ്രീമതി ഇ. പി. പാൽവനോവ, തിബ്ലിസിസ്റ്റേററ്യൂണിവേഴ്സിററി

യിലെ ഫിസിക്സ് പ്രൊഫസറായ ജി. ആർ. ഖുത്സിഷ്വിലി എന്നി വരാണ് അതിലെ അംഗങ്ങൾ.

★ അസർബൈജാനിലെ ഒരു കാർഷിക സ്ഥാപനത്തിലെ പ്രവർത്തകർ ഇന്ത്യ – സോവിയററു സാംസ്കാരിക സംഘടന (ഗുജറാത്ത്) യിൽ നിന്നുള്ള ഒരു പ്രതിനിധിസംഘത്തെ സ്വാഗതം ചെയ്തു. വിദേശ രാജ്യങ്ങളുമായി സൗഹൃദ – സാംസ്ക്കാരിക ബന്ധങ്ങൾ പുലർത്തുവാനുള്ള സമിതിയുടെ ക്ഷണമനുസരിച്ച് പ്രതിനിധിസംഘം അസർബൈജാൻ സന്ദർശിച്ചുവരികയാണ്.

ഫെബ്രുവരി 7: ആർട്ടിക് സർക്കിളിന്നു അപ്പുറത്തുള്ള നോറിൽസ്ക് എന്ന ടൗണിൽ ഒരു ഇന്ത്യൻ പ്രദർശനം ഉൽഘാടനം ചെയ്യപ്പെട്ടു. അടുത്തകാലത്ത് ഇന്ത്യ സന്ദർശിച്ച അനത്തോളി ഷുൽഷിൻസ്കി എന്ന 28 വയസ്സുകാരനായഎഞ്ചിനീയർ, തൻെറ സന്ദർശനാനുഭവങ്ങളെ ആധാരമാക്കി രചിച്ച ചിത്രങ്ങളുടെ ഒരു പ്രദർശനമാണിത്.

ഫെബ്രുവരി 8: ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ *"ന്യൂ ഏജി"*ൻെറ ക്ഷണമനുസരിച്ച് *"പ്രവദ"*യിൽനിന്ന് ഒരു പത്രപ്രതിനിധിസംഘം ന്യൂഡെൽഹിയിലെത്തി. അവർ മൂന്നാഴ്ചക്കാലം ഇന്ത്യയിൽതങ്ങും. ഇതിനിടയിൽ ഇന്ത്യൻ പത്രപ്രവർത്തകരുമായി അവർ പരിചയപ്പെടുകയും, രാജ്യത്തിൻെറ പലഭാഗങ്ങളും സന്ദർശിക്കുകയും ചെയ്യുന്നതാണ്.

★ പ്രശസ്ത സോവിയററ് ചലച്ചിത്രനിരൂപകനും സാഹിത്യകാരനുമായ പ്രൊ: എം. ജി. പപ്പാവ, സാംസ്കാരികവിനിമയ പരിപാടിയനുസരിച്ച് ന്യൂ ദൽഹിയിൽ എത്തി. ഇൻഡ്യയിലെ പ്രധാനപ്പെട്ട ചലച്ചിത്ര നിർമ്മാണകേന്ദ്രങ്ങൾ അദ്ദേഹം സന്ദർശിക്കുന്നതാണ്.

ഫെബ്രുവരി 9: ഇന്ത്യയിൽ പര്യടനംനടത്തിവരികയായിരുന്ന മൂന്നു സോവിയററു പ്രതിനിധിസംഘങ്ങൾ മോസ്കോവിലേക്കു തിരിച്ചുപോയി. ഈ സംഘങ്ങളിൽ രണ്ടെണ്ണം സാംസ്കാരികപ്രവർത്തകരുടേതും മററത് ടൂറിസ്റ്റുകളുടേതുമാണ്.

ഫെബ്രുവരി 10: സുശക്തങ്ങളായ വാക്വംപമ്പുകളുടെ ഒരു കൺസൈൻമെൻറ്, പെൻസ എന്ന പ്രാചീന റഷ്യൻ ടൗണിൽ നിന്നു ഇൻഡ്യയിലേക്ക് അയച്ചിരിക്കുന്നു.

ഫെബ്രുവരി 15 മോസ്കോസർവ്വകലാശാലയിലെ റേഡിയോ–കെമിസ്ട്രി ഡിപാർട്ടുമെൻറിൻെറ തലവനായ പ്രൊ: ആൻഡ്രേയ് നെസ്മേ

യത് നേവ് ഇൻഡ്യയിലേക്ക് യാത്ര തിരിച്ചു. ഇൻഡ്യയിലെ താമസത്തി നിടയിൽ അദ്ദേഹം, റേഡിയോ കെമിസ്ട്രിയെസംബന്ധിച്ചും, ന്യൂക്ലിയർ കൺവെർഷൻെറ രാസപ്രതികരണങ്ങളെ സംബന്ധിച്ചും പ്രഭാഷണം നടത്തുന്നതാണ്.

ഫെബ്രുവരി 16: ചിരകാല പ്രതീക്ഷിതമായ സോവിയററ് ബാലെ നൃത്തസംഘം മോസ്ക്കോവിൽനിന്നു ന്യൂദൽഹിയിലെത്തി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രികാര്യാലയത്തിൻെറ ക്ഷണമനുസരിച്ചാണ് നൃത്തസംഘം വന്നിട്ടുള്ളതു്.

★ "മോസ്ക്കോവിലെ സോവിയററ് എൻസൈക്ലോപ്പീഡിയാ" പബ്ലിഷിംങ്ങ് ഹൗസിലെ ഒരു എഡിററായ ശ്രീമതി നീനാ ദൊബ്രിയാക്കോവാ, ഇന്ത്യാ–സോവിയററ് സാംസ്കാരിക വിനിമയ പരിപാടിയനുസരിച്ച് ആറാഴ്ചക്കാലത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂദൽഹിയിൽ എത്തി. ഇന്ത്യയിലെ താമസത്തിനിടയിൽ അവർ, 50000 പദങ്ങളടങ്ങുന്ന ഒരു പുതിയ റഷ്യൻ-ഹിന്ദി നിഘണ്ടുവിനുവേണ്ടി ഭാരതീയ ഭാഷാ പണ്ഡിതന്മാരുടെ സഹായവും ഉപദേശവും നേടുന്നതായിരിക്കും.

ഫെബ്രുവരി 17: *മഹാഭാരതം* റഷ്യൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുന്ന സോവിയററ് ഇൻഡോളജിസ്ററുകൾ, മൂന്നാം പർവ്വത്തിൻെറയും നാലാം പർവ്വത്തിൻെറയും പരിഭാഷ പൂർത്തിയാക്കിയിരിക്കുന്നു. രണ്ടാം ലോകമഹാ യുദ്ധകാലത്താണ് ഇവർ പരിഭാഷയാരംഭിച്ചതു്. *ആദിപർവ്വ*ത്തിൻെറ പരിഭാഷ 1950 ൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. മൂന്നുകൊല്ലം മുമ്പാണ് രണ്ടാം പർവ്വമായ *സഭാപർവ്വം* പ്രസിദ്ധീകരിക്കപ്പെട്ടതു്. *അരണ്യപർവ്വ*ത്തിൻേറയും *വിരാടപർവ്വ*ത്തിൻേറയും പരിഭാഷ അടുത്തകാലത്തു പൂർത്തീകരിക്കപ്പെട്ടു.

ഫെബ്രുവരി 20: സോവിയററ് സായുധസേനയുടെ 48–ാം വാർഷികം പ്രമാണിച്ച് ന്യൂദെൽഹിയിൽ ഒരു സോവിയററ് ചലച്ചിത്രോത്സവം ഉൽഘാടനം ചെയ്യപ്പെട്ടു. നാലുദിവസം നീണ്ടുനില്ക്കുന്ന ഈ ഉത്സവം, ഇന്ത്യയിലെ സോവിയററ് സ്ഥാനപതി കാര്യാലയത്തിലെ സൈനിക കാര്യപദഷ്ടാവായ മേജർ ജനറൽ വി. കെ. നികിടിനാണ് ഉൽഘാടനം ചെയ്തതു്.

ഫെബ്രുവരി 25: ബോംബെ മുനിസിപ്പൽ കോർപ്പറേഷൻെറ ക്ഷണമനുസരിച്ച് ഇന്ത്യ സന്ദർശിച്ചുവന്ന, മൂന്നംഗങ്ങളടങ്ങിയ ഒരു

സോവിയററ് പ്രതിനിധി സംഘം ലെനിൻഗ്രാഡിലേക്കു് തിരിച്ചുപോയി. 10 പത്തു ദിവസം അവർ ഇന്ത്യയിൽ താമസിക്കുകയുണ്ടായി.

★ ശങ്കേഴ്സ് വീക്ക്ലിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സാർവ്വദേശീയ ബാലകലാമത്സരത്തിൽ, ഏററവും നല്ല പെയിൻറിംഗിനുള്ള പ്രസിഡണ്ടിൻെറ സ്വർണ്ണമെഡൽ ഇറാസാഹ്റോൺ എന്ന പതിനൊന്നു വയസ്സു പ്രായമുള്ള സോവിയററു ബാലിക നേടി. സോവിയററു് സ്ഥാനപതി കാര്യാലയത്തിൽ നടന്ന ഒരു ചടങ്ങിൽവെച്ചു് ഈ സ്വർണ്ണമെഡൽ, ഇന്ത്യയിലെ സോവിയററ് അംബാസിഡറായ ഐ. എ. ബെനദിക്തോവിനെ ഏല്പിക്കുകയുണ്ടായി. ഇതിനും പുറമെ, നെഹ്റു സ്മാരക സമ്മാനം ഉൾപ്പെടെയുള്ള പത്തൊമ്പതു് സമ്മാനങ്ങൾ സോവിയററ് കുട്ടികൾ നേടിയിട്ടുണ്ടു്.

ഫെബ്രുവരി 2ർ: ബൊക്കാറോയിലെ മെററലർജിക്കൽ പ്ലാൻറിനുവേണ്ടി ലെനിൻ ഗ്രാഡിൽ ഡിസൈൻ ചെയ്തുവരുന്ന അഗ്ലോമറേഷൻ പ്ലാൻറിനു് പ്രതിവർഷം 37 ലക്ഷം ടൺ പൊടിച്ച ഇരുമ്പയിരു സപ്ലൈ ചെയ്യാൻ കഴിയുന്നതാണെന്നു് ടാസ്സ് റിപ്പോർട്ടുചെയ്തു.

ശങ്കേഴ്സ് വീക്ക്ലി പത്രാധിപർ ശ്രീ. ശങ്കർ സോവിയററ് കുട്ടികൾക്കുള്ള സമ്മാനങ്ങൾ ഇന്ത്യയിലെ സോവിയററ് അംബാസ്സഡറെ ഏല്പിക്കുന്നു



★ സോവിയററ് വിദ്യാഭ്യാസ സമ്പ്രദായത്തെപ്പററി പഠിക്കുന്നതിന്നു് സോവിയററ്യൂണിയനിൽ എത്തിയിരുന്ന ഒരു ഇന്ത്യൻ വിദ്യാഭ്യാസ പ്രതിനിധിസംഘം, തങ്ങളുടെ പഠനം പൂർത്തിയാക്കിയിരിക്കുന്നു. ഒരു മാസക്കാലം അവർ സോവിയററ്യൂണിയനിൽ താമസിക്കുകയുണ്ടായി.

ഫെബ്രുവരി 28: ശ്രീ. ലാൽബഹദൂർ ശാസ്ത്രിയുടെ സ്മരണക്കായി താഷ്ക്കണ്ടിലെ ഒരു വീഥിക്കു ആ വിധത്തിൽ നാമകരണം ചെയ്യുവാനും, ഒരു ഏക ശിലാസ്തംഭം നിർമ്മിക്കുവാനും ഒരു സ്മാരക ഫലകം സ്ഥാപിക്കുവാനും തീരുമാനിച്ചതിൽ ഉസ്ബക്കിസ്ഥാനിലെ ഗവർമ്മെണ്ടിനോടും ജനങ്ങളോടും കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു് ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഒരു സന്ദേശമയച്ചിരിക്കുന്നു.

★ ഉസ്ബെക്കിസ്ഥാനിലെ സോവിയററ്-ഇന്ത്യാ സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ താഷ്കണ്ടിൽ പഞ്ചാബ് ദിനം ആചരിക്കപ്പെട്ടു. അവിടെ നിന്നു്, പഞ്ചാബിലെ ഇന്ത്യാ സോവിയററു് സാംസ്കാരിക സമിതിക്കയക്കപ്പെട്ട ഒരു സന്ദേശത്തിൽ, ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ സമാധാനം പുനഃസ്ഥാപിതമായതിൽ സന്തോഷ പ്രകടിപ്പിച്ചിട്ടുണ്ടു്.

മാർച്ച്

മാർച്ച് 5: DT-14 B എന്ന ഒരു സോവിയററു് ട്രാക്ടർമോഡൽ ഇൻഡ്യയിലെ സോവിയററ് ഡെപ്യൂട്ടി ട്രേഡ് റെപ്രസൻേററീവ് പഞ്ചാബ് കാർഷിക സർവ്വകലാശാലയ്ക്കു് സമ്മാനിച്ചിരിക്കുന്നു.

മാർച്ച് 6: പഞ്ചാബ് ഇലക്ട്രിക്സിററി ബോർഡിന്റെ ചെയർമാനായ ശ്രീ നവാബ്സിങ്ങ്, ഭക്ഡയുടെ വലതു തീരത്തുള്ള പവ്വർ സ്റ്റേഷന്റെ ഒന്നാമത്തെ 120–MW ജനറേററിംങ്ങ് യൂണിററിന്റെ പ്രവർത്തനം ഉൽഘാടനം ചെയ്തു. തദവസരത്തിൽ, സോവിയററു് സ്ഥാനപതി കാര്യാലയത്തിലെ സാമ്പത്തികകാര്യ കോൺസലർ ശ്രീ. വി. എൻ. പാഷിൻ സന്നിഹിതനായിരുന്നു. ഈ പവ്വർ സ്റ്റേഷൻ ഇന്ത്യാ സോവിയററ് സൗഹൃദത്തിന്റെ ഒരു ശാശ്വത സ്മാരകമാണെന്നു് ശ്രീ. നവാബ്സിങ്ങ് പ്രസ്താവിക്കുകയുണ്ടായി.

മാർച്ച് 10: സോവിയററ് വിദേശകാര്യ ഉപമന്ത്രി എൻ. പി. ഫിർയുബിൻ, ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ സന്ദർശിക്കുകയും, അവരുമായി സൗഹൃദസംഭാഷണം നടത്തുകയുംചെയ്തു. ഇന്ത്യയിലെ സോവിയററ്അമ്പാസിഡർ ഐ. എ. ബെനദിക്തോവും സംഭാഷണത്തിൽ പങ്കെടുക്കുകയുണ്ടായി. സോവിയററ് ഉപഗ്രഹമായ ലൂനാ–9, ചന്ദ്രനിൽ പതിപ്പിച്ച സോവിയററ് മുദ്രയോടുകൂടിയ കൊടിയുടെ ഒരു മാതൃക ശ്രീ. ഫിർയുബിൻ, ശ്രീമതി ഗാന്ധിക്കു സമ്മാനിച്ചു. എ. എൻ. കൊസിഗിനിൽനിന്നുള്ള ഒരു കത്തും അദ്ദേഹം അവർക്കു് നല്കുകയുണ്ടായി.

മാർച്ച് 13: സോവിയററ് സാമ്പത്തിക–സാങ്കേതിക സഹായത്തോടുകൂടി ഗുജറാത്തിലെ അങ്ക്ലേശ്വർ എണ്ണപ്പാടത്തു് ആരംഭിച്ചിട്ടുള്ള എണ്ണയുല്പാദനം അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഓയിൽ ആൻറു് നാച്ചുറൽ ഗ്യാസ് കമ്മീഷൻെറ ഒരു റിപ്പോർട്ടനുസരിച്ച്, പ്രതിദിനോല്പാദനം 6000 ടണ്ണായി ഉയർന്നിട്ടുണ്ട്. അങ്ക്ലേശ്വരിൽനിന്നുള്ള മൂവായിരത്തി മുന്നൂറു് ടൺ എണ്ണവീതം പ്രതിദിനം ഗുജറാത്ത് റിഫൈനറിയിൽ ശുദ്ധീകരിക്കുന്നുണ്ട്. ഈ റിഫൈനറിയും സോവിയററ് സഹായത്തോടുകൂടി സ്ഥാപിക്കപ്പെട്ടതാണ്.

മാർച്ച് 18: കലാവതിശരൺ ചിൽഡ്രൻസ് ആശുപത്രിയിലെ സോവിയററ് ബാലചികിത്സാ ഗവേഷണ കേന്ദ്രം, അതിൻെറ പ്രവർത്തനത്തിൻെറ പത്താം വർഷം ഇന്നു് പൂർത്തിയാക്കിയിരിക്കുന്നു. 1956–ൽ ആരംഭിച്ച ഈ സ്ഥാപനത്തിലേക്കു് സോവിയററ്യൂണിയൻ ബാലചികിത്സാ വിദഗ്ദ്ധരെ അയക്കുകയും, ചില ചികിത്സോപകരണങ്ങൾ സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്.

മാർച്ച് 20: സോവിയററു് ശാസ്ത്ര അക്കാദമിയുടെ കീഴിലുള്ള ഏഷ്യൻ ഇൻസ്റ്റിട്യൂട്ടിൻെറ ഇന്ത്യാചരിത്ര വിഭാഗം, നാലു വാള്യങ്ങളുള്ള സമഗ്രമായ ഒരു ഇന്ത്യാ ചരിത്രം തയാറാക്കിവരുന്നതായി ആ വിഭാഗത്തിൻെറ തലവനായ ഡോ. ഇ. എൻ. കൊമാരോവ് പ്രസ്താവിച്ചു. സാംസ്കാരിക വിനിമയ പരിപാടിയനുസരിച്ച് അദ്ദേഹം ഇന്ത്യയിൽ നാലുമാസത്തെ പര്യടനം നടത്തുകയുണ്ടായി.

മാർച്ച 21: യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻെറ ക്ഷണമനുസരിച്ച് ഇന്ത്യ സന്ദർശിച്ച സോവിയററ് ധനശാസ്ത്രജ്ഞനായ ഡോ. ജി. കെ. ഷിറോക്കോവ് ഇന്ത്യയിലെ ഇന്നത്തെആസൂത്രണത്തെ

സംബന്ധിച്ച് ഒരു പുസ്തകമെഴുതുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നു. ഇന്ത്യയിലെ സാമ്പത്തികാസൂത്രണത്തെയും വ്യവസായവികസനത്തേയും സംബന്ധിച്ച് അനേകം ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്.

മാർച്ച് 22: മാർച്ച് 25-ാംതീയതി മുതൽ ഏപ്രിൽ 28-ാംതീയതിവരെ ഇന്ത്യയിൽ നടക്കുന്ന സോവിയററ് ചലച്ചിത്രമേളയിൽ സംബന്ധിക്കുവാൻവേണ്ടി സോവിയററ്ചലച്ചിത്രകലാകാരന്മാരുടെ ഒരു മൂന്നംഗപ്രതിനിധിസംഘം ന്യൂദൽഹിയിൽ എത്തി. കേന്ദ്രപ്രക്ഷേപണ–വാർത്താവിനിമയമന്ത്രികാര്യാലയവും, ഇൻഡ്യയിലെ സോവിയററ്സ്ഥാനപതികാര്യാലയവും സഹകരിച്ചാണ് ഈ മേള സംഘടിപ്പിച്ചിട്ടുള്ളതു്.

മാർച്ച് 24: "ഇൻസ്റ്റിററ്യൂട്ട് ഓഫ് റഷ്യൻ സ്റ്റഡിസിനെപ്പോലെയുള്ള ഒരു സ്ഥാപനം, അതിൻെറ പ്രത്യേകമായ അദ്ധ്യയനവിഷയം എന്തുതന്നെയായാലും ശരി, ഇന്ത്യാ-സോവിയററുബന്ധങ്ങളെ സംബന്ധിച്ചേടത്തോളം അത്യധികം ശ്രദ്ധേയമായിട്ടുള്ള ഒന്നാണെ"ന്ന് ശ്രീ. വി. കെ. കൃഷ്ണമേനോൻ ന്യൂദൽഹിയിൽവെച്ചു പ്രസ്താവിച്ചു. പ്രസ്തുത ഇൻസ്റ്റിററ്യൂട്ടിലെ വിദ്യാർത്ഥിസാംസ്കാരികവേദിയുടെ ആഭിമുഖ്യത്തിൽ കൂടിയ ഒരു യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മാർച്ച് 25: ഏഴു ദിവസം നിണ്ടുനില്ക്കുന്ന ഒരു സോവിയററ്ചലച്ചിത്രോത്സവം, ദൽഹിയിലെ റീഗൽ സിനിമാതിയേററിൽ കേന്ദ്രവിദേശകാര്യമന്ത്രി സർദാർ സ്വരൺസിങ്ങ് ഉൽഘാടനം ചെയ്തു. ഇത്തരം ഉത്സവങ്ങൾ നടത്തുവാനുള്ള സോവിയററുതീരുമാനം ജനതകൾ തമ്മിലുള്ള സൗഹൃദത്തെ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം തദവസരത്തിൽ പ്രസ്താവിച്ചു.

സോവിയററ്യൂണിയനിൽനിന്നുള്ള സിനിമാപ്രവർത്തകരുടെ മൂന്നംഗപ്രതിനിധിസംഘവും ഉൽഘാടനച്ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

മാർച്ച് 26: ഇന്ത്യൻകലാകാരനായ എ. ഇ. ധോലേക്കർ രചിച്ച ചിത്രങ്ങളുടെ ഒരു പ്രദർശനം താഷ്ക്കണ്ടിലെ ആർട്ട് മ്യൂസിയത്തിൽ ആരംഭിച്ചു. അമ്പതോളം ചിത്രങ്ങൾ ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്.

മാർച്ച് 29: സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 23–ാംകോൺഗ്രസ്സ്, മോസ്കോവിലെ കോൺഗ്രസ്സുകളുടെ കൊട്ടാരത്തിൽ ആരംഭിച്ചു. പാർട്ടി സെൻട്രൽകമ്മിററിയുടെ റിപ്പോർട്ട് എൽ. ഐ. ബ്രെഷ്നേവ് കോൺഗ്രസ്സിൽ സമർപ്പിച്ചു.

ഇന്ത്യയെ പരാമർശിച്ചുകൊണ്ടു് ബ്രെഷ്നേവ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

"ഇന്ത്യയേയും പാകിസ്താനെയുംപോലുള്ള പ്രധാനപ്പെട്ട ഏഷ്യൻരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി സെൻട്രൽകമ്മിററിയും സോവിയററുഗവർമ്മേണ്ടും എല്ലായ്പോഴും അതിയായ ശ്രദ്ധ ചെലുത്തിപ്പോന്നിട്ടുണ്ടു്. ഈ രാജ്യങ്ങൾ നമ്മുടെ അയൽരാജ്യങ്ങളായി കണക്കാക്കപ്പെടാവുന്നവയാണ്. ഇവിടെ അവലോകനവിധേയമായിട്ടുള്ള കാലഘട്ടത്തിൽ, ഇന്ത്യയും അവിടുത്തെ മഹത്തായ ജനതയുമായുള്ള നമ്മുടെ കാലപരീക്ഷിതമായ പാരമ്പര്യസൌഹൃദം അധികതരം ദൃഢപ്പെട്ടിട്ടുണ്ടു്. പാകിസ്താനുമായുള്ള നമ്മുടെ ബന്ധങ്ങളും അതുപോലെ മെച്ചപ്പെട്ടിട്ടുണ്ടു്.

"സോവിയററുഗവർമ്മേണ്ടിൻെറ നിർദ്ദേശമനുസരിച്ച്, സോവിയററു പ്രധാനമന്ത്രിയുടെ ഭാഗഭാഗിത്വത്തോടുകൂടി താഷ്കെണ്ടിൽവെച്ച് ഇന്ത്യാ–പാകിസ്താൻനേതാക്കൾ നടത്തിയ സമ്മേളനം ലോകവ്യാപകപ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു. ഈ സമ്മേളനം നടന്നു എന്ന വസ്തുതയും, അതിൻെറ ഫലങ്ങളും ആ ഫലങ്ങളെ വിധായകമായി വിലയിരുത്തിക്കൊണ്ടുള്ള ലോകാഭിപ്രായവുമെല്ലാംതന്നെ, സോവിയററുയൂണിയൻെറ സമാധാനോന്മുഖമായ വിദേശനയത്തിൽ ജനതകൾക്കുള്ള വമ്പിച്ച വിശ്വാസത്തെ വിളിച്ചറിയിക്കുന്നുണ്ടു്."

★ ബൊക്കാറൊ ഉരുക്കു പ്ലാൻറിനെ സംബന്ധിച്ച വിശദമായ പ്രോജക്റ്റ്റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള ഒരു കത്തു്, ബൊക്കാറോ സ്റ്റീൽ ലിമിററഡിൻെറ ചെയർമാനായ ശ്രീ. എൻ.എൻ. പാഞ്ചു. സോവിയററു് വ്യാപാരസംഘടനയായ വി./ഒ. "ത്ജാഷ്പ്രോമെക്സ്പോർട്ടി"ൻെറ പ്രസിഡണ്ടായ വൈ. എൻ. കലാഷ്നിക്കോവിനെയും, സോവിയററു് ഡിസൈൻ സംഘടനയായ ജിപ്രോമേസിൻെറ ഡയറക്ടറായ എൻ. വി. ശുബർട്ടിനേയും ഏല്പിച്ചിരിക്കുന്നു. ന്യൂദൽഹിയിലെ ഹൈദ്രാബാദ്ഹൗസിൽ നടന്ന ഒരു ചടങ്ങിൽവെച്ചാണിതു് ഏല്പിക്കപ്പെട്ടതു്.

മാർച്ച് 30: ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രസിഡണ്ടായ ശ്രീ. കെ. കാമരാജ്, "പ്രവദ"യുമായുള്ള ഒരു അഭിമുഖസംഭാഷണത്തിൽ ഇങ്ങനെ പ്രസ്താവിച്ചു: "ഇന്ത്യ–സോവിയററുബന്ധങ്ങളുടെ ഇന്നത്തെ സ്ഥിതിയെസംബന്ധിച്ചു് ഞങ്ങൾക്കു് അതിയായ സംതൃപ്തിയുണ്ടു്."

സോവിയററു്കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 23–ാം കോൺഗ്രസ്സ്, സോവിയററുജനത മുൻവെച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന്നു മാത്രമല്ല, സമാ

ധാനം ശക്തിപ്പെടുത്തുന്നതിന്നും വലിയ സംഭാവന നൽകുന്നതായിരിക്കു മെന്നു അദ്ദേഹം പ്രസ്താവിച്ചു. ശ്രീ. കാമരാജ് അവസാനമായി പാർട്ടി കോൺഗ്രസ്സിന്നു വിജയമാശംസിക്കുകയുണ്ടായി.

മാർച്ച് 31: ദൽഹിയിലെ എൻ. ഡി. എം. സി. ഹാളിൽ നടന്ന ആകർഷകമായ ഒരു ചടങ്ങിൽവെച്ച്, ദൽഹി സിനിമാ പ്രേക്ഷകസംഘടനയുടെ അവാർഡുകൾ സോവിയററു സിനിമാപ്രതിനിധിസംഘത്തിന്ന് സമ്മാനിക്കപ്പെട്ടിരിക്കുന്നു.

ഏപ്രിൽ

ഏപ്രിൽ 3: ഇന്ത്യൻപ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി, ഒരു പ്രത്യേകവിമാനത്തിൽ മോസ്കോവിൽനിന്ന് ദൽഹിയിലേക്കു പുറപ്പെട്ടു. അമേരിക്ക സന്ദർശിച്ചശേഷം തിരിച്ചു പോകുംവഴിക്കാണ് പ്രധാനമന്ത്രി മോസ്കോവിൽ എത്തിയതു്.

വ്നുക്കോവോ വിമാനത്താവളത്തിൽവെച്ച് സോവിയററ്പ്രധാനമന്ത്രി അലക്സി കോസിഗിനും മററു സോവിയററുമന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ശ്രീമതി ഗാന്ധിയെ യാത്രയയച്ചു.

★ 50 ടൺ ഭാരം വീതം തൂക്കാൻ കഴിവുള്ള ബ്രിഡ്ജ്ക്രേനുകളുടെ ഒരു കൺസൈൻമെൻറ് റാഞ്ചിയിലെ ഘനയന്ത്രനിർമ്മാണസ്ഥാപനത്തിലേക്കു അയക്കാൻവേണ്ടി ലെനിൻഗ്രാഡിൽ തയ്യാറായിരിക്കുന്നു.

ഏപ്രിൽ 8: മാർച്ച് 29-ാംതീയതി ആരംഭിച്ച സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 23-ാം കോൺഗ്രസ്സ് സമാപിച്ചിരിക്കുന്നു. സെൻട്രൽകമ്മിററിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച പ്രമേയവും, യു. എസ്സ്. എസ്സ്. ആറിൻെറ 1966—70 കാലത്തെ പഞ്ചവത്സരസാമ്പത്തികവികസനപദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും, മററു പ്രമേയങ്ങളും കോൺഗ്രസ്സ് അംഗീകരിച്ചു.

മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച പ്രമേയത്തിൽ ഇങ്ങിനെ പറയുന്നു:

"വികസ്വരരാജ്യങ്ങളുമായുള്ള സാമ്പത്തികബന്ധങ്ങളിൽ:

"ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിനമേരിക്കയിലെയും വികസ്വരരാജ്യങ്ങളുമായുള്ള വ്യാപാരബന്ധങ്ങളും സാമ്പത്തികബന്ധങ്ങളും ശക്തിപ്പെടുത്തുക;

"വികസ്വരരാജ്യങ്ങളുടെ ദേശീയസമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്നാവശ്യമായ യന്ത്രങ്ങളുടെയുംമററു നിർമ്മിതസാധനങ്ങളുടെയും കയററുമതി വർദ്ധിപ്പിക്കുക; അതേതോതിൽ ഈ രാജ്യങ്ങളിൽനിന്നുള്ള കാർഷികോല്പന്നങ്ങളുടെയും വ്യാവസായികസാധനങ്ങളുടെയും അസംസ്കൃതപദാർത്ഥങ്ങളുടെയും ഇറക്കുമതി അധികരിക്കുക-അങ്ങിനെ പ്രസ്തുത രാജ്യങ്ങളുമായുള്ള വ്യാപാരം വിപുലപ്പെടുത്തുക;

"വികസ്വരരാജ്യങ്ങൾക്കു് ദേശീയവ്യവസായം സ്ഥാപിക്കുന്നതിനും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്നും, ശാസ്ത്രീയ-ഡിസൈൻ സംഘടനകളും നിർമ്മാണസൗകര്യങ്ങളും ഉണ്ടാക്കുന്നതിന്നും, ആധുനിക ഗതാഗത-വാർത്താവിനിമയോപാധികൾ നിർമ്മിക്കുന്നതിന്നും, ഭൂഗർഭപര്യവേക്ഷണം നടത്തുന്നതിന്നും വിദഗ്ദ്ധന്മാരെയും വിദഗ്ദ്ധത്തൊഴിലാളികളെയും പരിശീലിപ്പിക്കുന്നതിന്നും സാങ്കേതികസഹായം നൽകുക."

★ സോവിയററ് സാമ്പത്തിക-സാങ്കേതികസഹായത്തോടുകൂടി കെട്ടിപ്പടുത്തിട്ടുള്ള ഭിലായി സ്റ്റീൽ വർക്ക്സ്, 1965-66 സാമ്പത്തികവർഷത്തിൽ 1371250 ടൺ കട്ടിയുരുക്കു് ഉല്പാദിപ്പിക്കുകയുണ്ടായി. ഓപ്പൺ ഹാർത്ത് ഫർണസുകൾ നിർമ്മിച്ച 463295 ടണ്ണും ഇതിലുൾപ്പെടും. ഇവിടത്തെ ബ്ലാസ്റ്റ് ഫർണസ്സുകൾ, 1631872 ടൺ പച്ചിരുമ്പ് ഉല്പാദിപ്പിച്ചു. ഇതിൽ 628739 ടൺ, 4-ാംനമ്പർ ബ്ലാസ്റ്റ് ഫർണസ്സാണ് ഉല്പാദിപ്പിച്ചതു്.

ഏപ്രിൽ 11: *ഭാരതീയയക്ഷികഥകളുടെയും ഐതിഹ്യങ്ങളുടെയും* ഒരു സമാഹാരം മോസ്ക്കോവിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 33000 കോപ്പികളാണ് ഇപ്പോൾ പുറത്തിറക്കിയിട്ടുള്ളതു്.

ഏപ്രിൽ 13: കഴിഞ്ഞ ഏഴുമാസക്കാലമായി ഇന്ത്യയിൽ താമസിച്ചുവന്നിരുന്ന അഞ്ചു സോവിയററ് സർവ്വകലാശാലാവിദ്യാർത്ഥികൾ തിരിച്ചുപോയിരിക്കുന്നു. ഇന്ത്യയിലെ തങ്ങളുടെ താമസം തികച്ചും തൃപ്തികരമായിരുന്നു. എന്നു അവർ പ്രസ്താവിച്ചു.

ഇന്ത്യാ-സോവിയററ് സാംസ്കാരിക വിനിമയ പരിപാടിയനുസരിച്ച് 1965 സെപ്റ്റമ്പറിൽ ഇന്ത്യയിലെത്തിയ ഈ വിദ്യാർത്ഥികൾ - രണ്ടു് പെൺകുട്ടികളും മൂന്നു ആൺകുട്ടികളും - ലക്നോസർവ്വകലാശാലയിൽ ഹിന്ദിയും ഉർദുവും പഠിക്കുകയുണ്ടായി.

ഏപ്രിൽ 19: സോവിയററ് യൂണിയനിലെ വിദ്യാഭ്യാസ-ശാസ്ത്രീയസ്ഥാപനങ്ങളിലെ ട്രേഡ് യൂണിയൻ പ്രവൎത്തകരുടെ ഒരു പ്രതിനിധിസംഘം ന്യൂ ദൽഹിയിൽ എത്തി. ഏപ്രിൽ 25-ാം തീയതി ദൽഹിയിൽ വെച്ചു ആരംഭിക്കുന്ന ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ ശാസ്ത്രകാരന്മാരുടെ സിമ്പോസിയത്തിൽ പങ്കെടുക്കുവാനാണ് അവർ വന്നിട്ടുള്ളതു്.

★ ആറാഴ്ചക്കാലം ഇൻഡ്യയിൽ പൎയ്യടനംനടത്തുന്നതിനുവേണ്ടി ഉസ്ബക്കിസ്ഥാനിൽനിന്നു് ഒരു ദ്വയാംശപ്രതിനിധിസംഘം ന്യൂ ദൽഹിയിൽ എത്തിച്ചേൎന്നു. ഇവരിൽ ഒരാൾ, ധനശാസ്ത്രജ്ഞനായ പ്രൊ: ഒ. ബി. ജമാലോവും, മററെയാൾ സാഹിത്യനിരൂപകനായ നബിജാൻ മുഹമ്മദോവുമാണു്.

★ സോവിയററ് യൂണിയനിൽനിന്നു് പ്രശസ്ത സംഗീതരചയിതാക്കളായ ഷാൽവാമിഷ്വേലിദ്സേയും എഡ്വേർഡ് ലാസറേവും ന്യൂ ദൽഹിയിൽ എത്തി. സാംസ്കാരികവിനിമയ പരിപാടികളനുസരിച്ചു ആഗതരായിട്ടുള്ള അവർ ഭാരതീയ സിനിമപ്രേമികളുമായി സമ്പൎക്കം പുലൎത്തുകയും, പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്നതാണു്.

ഏപ്രിൽ 26: സോവിയററ് സാഹിത്യകാരന്മാരും കലാകാരന്മാരും പണ്ഡിതന്മാരുമടങ്ങിയ ഒരു പതിനൊന്നംഗപ്രതിനിധിസംഘം ന്യൂ ദൽഹിയിൽ എത്തിച്ചേൎന്നു. ലെനിൻസമ്മാനം നേടിയിട്ടുള്ള ചിംഗിസ് അയിത്മത്തോവാണു് പ്രതിനിധിസംഘനേതാവു്. ഒരുമാസം നീണ്ടുനില്ക്കുന്ന ഇന്ത്യാ-സോവിയററ് സാംസ്കാരികോത്സവത്തിൽ പങ്കെടുക്കുവാനാണു് അവർ വന്നിട്ടുള്ളതു്. യു. എസ്സ് എസ്സ് ആറിലെ ജനകീയ കലാകാരനായ റഷീദ് ബെയിബുത്തോവു്. ഉസ്ബക്ക് "വസന്ത" നൃത്തസംഘത്തിലെ അംഗമായ റവുഷാൽ ഷരിപ്പോവ, ചരിത്രശാസ്ത്രകാരനായ ഡോ. ഇലിയറേദ്ക്കോ തുടങ്ങിയവർ ഈ സംഘത്തിലുണ്ടു്.

★ സോവിയററ്-ഇന്ത്യാ സാംസ്കാരികബന്ധങ്ങൾക്കുവേണ്ടിയുള്ള സമിതിയുടെ പ്രസിഡണ്ടായ അക്കാദമിഷ്യൻ നിക്കൊളായ്ത്സിററ്സിൻ ഇന്ത്യാ-സോവിയററ് സാംസ്കാരികോത്സവത്തിനു വിജയമാശംസിച്ചുകൊണ്ടു് ഒരു സന്ദേശമയച്ചിരിക്കുന്നു.

★ രാജ്യരക്ഷാകാൎയ്യമന്ത്രി ശ്രീ. വൈ. ബി. ചവാൻ, ഒരാഴ്ചക്കാലം നീണ്ടുനില്ക്കുന്ന ഇൻഡ്യാ-സോവിയററ് സാംസ്കാരികോത്സവം, ന്യൂ ദൽഹിയിലെ സപ്രൂഹൗസിൽ ഉൽഘാടനംചെയ്തു. രാജ്യത്തിൻെറ വിവിധഭാഗങ്ങളിലായി നടക്കുന്ന ഒരു മാസക്കാലത്തെ ഉത്സവത്തിൻെറ ഭാഗമാണിതു്.

പ്രശസ്ത ഭാരതീയകലാകാരനായ ആനന്ദ്ലാലിൻെറ ഷെഹനായി വായനയോടുകൂടിയാണ് പരിപാടിയാരംഭിച്ചതു്. സോവിയററ് ഇനങ്ങളും പരിപാടിയിൽ ഉൾപ്പെട്ടിരുന്നു. ദീന ഷുർക്കിന ഒരു റഷ്യൻ നടൻ നൃത്തവും ജിപ്സിനൃത്തവും നടത്തുകയുണ്ടായി. ഉസ്ബക്കിസ്ഥാൻകാരിയായ റവുഷാൻ ഷറിപ്പോവ നടത്തിയ ആട്ടിടയ നൃത്തം അത്യധികം ആകർഷകമായിരുന്നു.

മേയ്

മേയ് 2: സോവിയററു് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടേയും, ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടിയുടേയും പ്രതിനിധിസംഘങ്ങൾ തമ്മിൽ, സി. പി. എസ്. യു. കേന്ദ്രക്കമ്മിററി ആഫീസിൽ വെച്ചു് ഏപ്രിൽ 23–ാം തീയതി മുതൽ 30–ാം തീയതി വരെ സംഭാഷണങ്ങൾ നടത്തി.

എൽ. ഐ. ബ്രഷ്നേവ്, എം. എ. സുസ്ളോവ്, പോളിററ് ബ്യൂറോ അംഗമായ എ. വൈ. പെൽസി, സി. പി. എസ്. യു. കേന്ദ്രക്കമ്മിററി സെക്രട്ടറി ബി. എൻ. പൊനോമരോവ്, സി. പി. എസ്. യു. കേന്ദ്രക്കമ്മിററിയുടെ സാർവ്വദേശീയവകുപ്പിൻെറ ഡെപ്യൂട്ടി ചീഫായ ആർ. എ. ഉളിയനോവസ്കി എന്നിവർ സി. പി. എസ്. യു പക്ഷത്തെത്തെയും, എസ്. എ. ഡാങ്കെ, രാജേശ്വരറാവു, ഭൂപേഷ് ഗുപ്ത, എൻ. കെ. കൃഷ്ണൻ, യോഗീന്ദ്രശർമ്മ, അവതാർസിങ്ങ് മൽഹോത്ര, ഭവാനി സെൻ, സി. അച്ചുതമേനോൻ എന്നിവർ ഇന്ത്യൻപക്ഷത്തേയും പ്രതിനിധീകരിച്ചുകൊണ്ടു് ചർച്ചകളിൽ പങ്കെടുത്തു.

മേയ് 5: 17 ലക്ഷം ടൺ ഉരുക്കും 880,000 ടൺ വാർപ്പിരുമ്പും ഉല്പാദിപ്പിക്കുവാൻ കഴിവുള്ള ബൊക്കാറോ ഉരുക്കു പ്ലാൻറിൻെറ ആദ്യഘട്ടത്തിലേക്കാവശ്യമുള്ള സജ്ജീകരണസാമഗ്രികൾ നൽകുന്നതിനുള്ള ഒരു ഉടമ്പടിയിൽ യു. എസ്. എസ്. ആറും, ഇന്ത്യയും തമ്മിൽ ന്യൂഡെൽഹിയിൽവെച്ചു ഒപ്പുവെച്ചു യു. എസ്. എസ്. ആർ. നിർവ്വഹിക്കേണ്ട ഡിസൈനിങ്ങ്പ്രവർത്തനങ്ങൾക്കുള്ള മറെറാരു ഉടമ്പടിയും ഇതോടൊപ്പം തന്നെ ഒപ്പുവയ്ക്കപ്പെട്ടു.

★ ഇന്ത്യയും യു. എസ്. എസ്. ആറും തമ്മിൽ 1966-67 'വർഷത്തേയ്ക്കുള്ള, സാംസ്കാരിക - വിദ്യാഭ്യാസ – ശാസ്ത്രീയ രംഗങ്ങളിലെ പരസ്പ

രവിനിമയപരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്നും അവയ്ക്ക് അവസാനരൂപം നൽകുന്നതിന്നുമായി കൂടിയ സംയുക്ത ഇന്ത്യാ – സോവിയററു കമ്മിററിയുടെ ആറാമത്തു സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഒരു മൂന്നംഗസോവിയററു്ഡെലിഗേഷൻ ന്യൂഡെൽഹിയിൽ എത്തിച്ചേർന്നു.

വിദേശരാജ്യങ്ങളുമായുള്ള സാംസ്കാരികബന്ധങ്ങൾക്കുള്ള സ്റ്റേററുകമ്മിററിയിലെ വി. ഐ. തിത്തോവ്, വിദ്യാഭ്യാസമന്ത്രികാര്യാലയത്തിലെ വി. ഡി. ബാബക്കോവ്, യു. എസ്. എസ്. ആർ. ശാസ്ത്രഅക്കാദമിയിലെ ബി. എൻ. ടോർപ്പോർണി എന്നിവരായിരുന്നു ഈ മൂന്നംഗങ്ങൾ.

★ ഇന്ത്യയിലെ ഒരു നൃത്തകലാലയഅദ്ധ്യാപകനായ അപ്പുണ്ണികത്താ, ബാലേനൃത്തത്തിൻെറ വിവിധവശങ്ങൾ പഠിക്കുന്നതിനായി, രണ്ടുമാസക്കാലത്തെ ഒരു സന്ദർശനാർത്ഥം താഷ്ക്കെണ്ടിൽ എത്തിച്ചേർന്നു.

★ ഇന്ത്യാ – സോവിയററു്സാംസ്ക്കാരികസമിതിയുടെ ആഭിമുഖ്യത്തിൽ ന്യൂഡെൽഹിയിൽ സംഘടിപ്പിക്കപ്പെട്ട ഇന്ത്യാ – സോവിയററു കലാപ്രദർശനം ഇന്ത്യൻ വിദ്യാഭ്യാസമന്ത്രി എം. സി. ചഗ്ല ഉൽഘാടനം ചെയ്തു.

1966–67-ലെക്കുള്ള ഒരു ഇന്ത്യാ സോവിയററ് സാംസ്കാരിക-വിദ്യാഭ്യാസ-ശാസ്ത്രീയവിനിമയപരിപാടി 1966–മേയ് 22ന് ന്യൂഡെൽഹിയിൽവച്ചു ഒപ്പുവയ്ക്കപ്പെട്ടു. ചിത്രത്തിൽ, എം. സി. ചഗ്ല (ഇടത്തുനിന്നു രണ്ടാമത്), എസ്. കെ. റൊമനോസ്കി (വലത്തുനിന്നു രണ്ടാമത്) ഇന്ത്യയിലെ സോവിയററ് അംബാസിഡർ ഐ. എ. ബെനിദിക്തോവ് (ഇടത്തേ അററം) എന്നിവരെ കാണാം.

മേയ് 12: ഇന്ത്യയും യു. എസ്. എസ്. ആറും തമ്മിൽ 1966-67 വർഷത്തേക്കുള്ള സാംസ്കാരിക - വിദ്യാഭ്യാസ – ശാസ്ത്രീയ പരസ്പര വിനിമയഉടമ്പടിയിൽ വിദ്യാഭ്യാസമന്ത്രി എം. സി. ചഗ്ളയും, യു. എസ്. എസ്. ആറിലെ വിദേശരാജ്യങ്ങളുമായുള്ള സാംസ്കാരിക ബന്ധകമ്മിററിയുടെ ചെയർമാൻ എസ്. കെ. റൊമാനോവസ്കിയും ഒപ്പുവച്ചു.

കല, സംസ്കാരം, വിദ്യാഭ്യാസം, ശാസ്ത്രം, സാങ്കേതിക വിദ്യ, ആരോഗ്യം, റേഡിയോ, സിനിമ, സ്പോർട്ട്സ്, സാമൂഹ്യക്ഷേമം തുടങ്ങിയ അനേകം മണ്ഡലങ്ങളെ സ്പർശിക്കുന്നതാണ് പ്രസ്തുത ഉടമ്പടി. ഇതനുസരിച്ച് ഓരോ രാജ്യത്തു നിന്നും വിദഗ്ധന്മാരായ 230 പേർ, സന്ദർശനപ്രതിസന്ദർശനങ്ങൾ നടത്തേണ്ടതും, ഗവേഷണങ്ങളിലും, പരിശീലനങ്ങളിലും, നിരീക്ഷണത്തിലും, പ്രഭാഷണപര്യടനങ്ങളിലും, ദേശീയ–സാർവ്വദേശീയസമ്മേളനങ്ങളിലും കലോത്സവങ്ങളിലും മററും പങ്കെടുക്കേണ്ടതുമാകുന്നു.

മേയ് 14: ഭിലായ് സ്റ്റീൽ പ്ലാൻറ്ലെ പത്താമത്തു ഒപ്പാൺ ഹാത്ത് ഫർണസിൻെറ പ്രവർത്തനം ഉൽഘാടനം ചെയ്യപ്പെട്ടു. ഈ ചൂളയ്ക്ക് ഒരു ഹീററിൽ അഞ്ഞൂറു ടൺ സ്റ്റീൽ ഉല്പാദിപ്പിക്കുന്നുള്ള കഴിവുണ്ട്. ഭിലായ് പ്ലാൻറിൻെറ ഉല്പാദനക്ഷമത 10 ലക്ഷം ടണ്ണിൽ നിന്നു 25 ലക്ഷം ടൺ ആക്കി ഉയർത്തുന്നതിനുള്ള വികസനപദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള പുതിയ ചൂളകളിൽ നാലമത്തേതും അവസാനത്തേതുമാണ് ഇതു്.

★ ആയിരം ടൺ പാൽപൊടിയുമായി—ഇന്ത്യയ്ക്കുള്ള സോവിയററ് ദാനം— 'മില്ലറോവെ' എന്ന സോവിയററ്കപ്പൽ ബോമ്പെയിലേക്ക് പുറപ്പെട്ടു. ബോംബയിലെ യു. എസ്. എസ്. ആർ. കൊൺസൽ ജനറലായ വി. കെ. ലെബചെവ് മഹാരാഷ്ട്രസംസ്ഥാനഗവർമെൻറിനു് സമ്മാനിച്ച 6000 ടൺ സൂര്യകാന്തിഎണ്ണയ്ക്കു പുറമേയാണിതു്.

ഇതിനെല്ലാം പുറമേ സോവിയററു ജനത 1000 ടൺ ബിസ്ക്കററും, 1400 ടൺ ബേബിഫുഡും, 8 ടൺ വിവിധ ഇനം വിററാമിനുകളും ഇന്ത്യൻ ജനതയ്ക്കു് സംഭാവന ചെയ്തിട്ടുണ്ട്.

മേയ് 18: സുപ്രസിദ്ധ ഇന്ത്യൻ സാഹിത്യകാരനായ ടാഗോറിൻെറ 105–ാമതു ജന്മദിനം മോസ്കോവിൽ ആഘോഷിക്കപ്പെട്ടു.

യു. എസ്. എസ്. ആറിൽ, ടാഗോറിൻെറ ഗ്രന്ഥങ്ങൾ 141 പതിപ്പുകളിലായി 50 ലക്ഷം പ്രതികൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അ

ഞ്ചു കൊല്ലങ്ങൾക്കു മുമ്പ് പ്രസിദ്ധീകരണം ആരംഭിച്ച അദ്ദേഹത്തിൻെറ കൃതികളുടെ ഒരു പന്ത്രണ്ടുവാല്യപതിപ്പ് ഈയിടെയാണ് പൂർത്തീകരിക്കപ്പെട്ടതു്.

★ നൂറിൽപരം ഇന്ത്യൻ എഞ്ചിനിയറന്മാർ ലെനിൻഗ്രാഡിൽ നിന്നും അവരുടെ പരിശീലനം പൂർത്തിയാക്കി. ഇവരെല്ലാം ഹർദ്വാർ ഹെവി എലക്ട്രിക്കൽ പ്ലാൻറിലെ ഉല്പാദനത്തിൻെറ മേൽനോട്ടം വഹിക്കേണ്ടവരാണു്.

സോവിയററുയൂണിയൻെറ സഹായത്തോടുകൂടി ഉത്തരപ്രദേശിൽ നിർമ്മാണത്തിലിരിക്കുന്ന പ്രസ്തുത വ്യവസായസ്ഥാപനത്തിലെ സ്പെഷ്യലിസ്ററുകളുടെ അവസാനബാച്ച് അവരുടെ ഒന്നരകൊല്ലക്കാലത്തെ പരിശീലനകോഴ്സ് ലെനിൻഗ്രാഡിലെ മെററൽ വർക്കിംഗ് പ്ലാൻറിൽ വെച്ചും എലക്ട്രോസില പ്ലാൻറിൽവെച്ചും പൂർത്തിയാക്കി

★ സോവിയററ് ഉപരിപഠനസ്ഥാപനങ്ങളുമായി നേരിട്ടു പരിചയപ്പെടുത്തുന്നതിനുവേണ്ടി, യു. എസ്. എസ്. ആറിൽ എത്തിച്ചേന്ന അലഹബാദ് സർവ്വകലാശാലാവൈസ്ചാൻസലർ ശ്രീ ആർ. കെ. നെഹറു ലുമുംബ സൗഹൃദ സർവ്വകലാശാലയും, മോസ്കോ സർവ്വകലാശാലയും സന്ദർശിച്ചു. സാംസ്കാരിക – ശാസ്ത്രീയ പരസ്പരവിനിമയകരാറിൻപ്രകാരമുള്ള ഒരു സന്ദർശനമായിരുന്നു ഇതു്. ബൈലോറഷ്യയുടേയും താജിക്കിസ്ഥാൻേറയും തലസ്ഥാനനഗരികളും ഇദ്ദേഹം സന്ദർശിക്കുകയുണ്ടായി.

മേയ് 19: ലെനിൻഗ്രാഡിലെ ഹെർമിറേറജ് മ്യൂസിയത്തിലെ ഇന്ത്യൻ ശേഖരത്തിൽ പതിനഞ്ചു പുതിയ ഇനങ്ങൾകൂടെ കൂട്ടിച്ചേർത്തു. ഇന്ത്യാഗവർമെൻറിനുവേണ്ടി അംബാസിഡർ ടി. എൻ. കൗളാണു് ഈ സംഭാവന മ്യൂസിയത്തിനു നൽകിയതു്. ഒരു പിത്തളപ്രതിമയും, പൗരാണികരാജസ്ഥാൻവർണ്ണചിത്രങ്ങളുടെ മാതൃകയിലുള്ള ഒരു കൈയ്യെഴുത്തു പ്രതിയും, ഗ്രാമീണകലകളെയും രാജസ്ഥാൻ – കങ്കാറ വർണ്ണചിത്രങ്ങളെയും പ്രതിനിധീകരിക്കുന്ന ഷീററുകളും ഈ പുതിയ ശേഖരത്തിൽ ഉൾപ്പെടുന്നു.

മേയ് 22: ബോംബെയിലെ ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ടെക്നോളജിയുടെ ഡയറക്ടറായ ശ്രീ. എസ് കെ. ബോസിൻെറ നേതൃത്വത്തിലുള്ള ഇന്ത്യൻ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ ഒരു ഡെലിഗേഷൻ, സോവിയററുയൂണിയനിലെ അവരുടെ ആറാഴ്ചക്കാലത്തെ പര്യടനപരിപാടി പൂർത്തിയാക്കി.

★ ഇന്ത്യൻ വ്യോമയാനവിദഗ്ദ്ധരുടെ ആദ്യത്തെ ഏററവും വലിയ ബാച്ച് ഉളിയനോവസ്ക്കിലെ വ്യോമയാനപരിശീലനകേന്ദ്രത്തിൽ എത്തി. ഇവർ അനേകം മാസങ്ങളോളം പരിശീലനം നടത്തുകയും "ടി യു. 124" യാത്രാവിമാനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രായോഗികജ്ഞാനം നേടുകയും ചെയ്തു. വ്യോമയാനവിദഗ്ദ്ധർക്കുള്ള ഡിപ്ലോമാസർട്ടിഫിക്കററുകൾ ഇവർക്കു ലഭിക്കുകയും ചെയ്തു.

മേയ് 25: സോവിയററ്നാട്ട് നെഹറുസമ്മാനക്കമ്മിററിക്കുവേണ്ടി, 1966–ലേക്കുള്ള സമ്മാനപദ്ധതി ഡോക്ടർ എച്ച്. ആർ. ബുച്ചാൻ എം. പി. പ്രഖ്യാപിച്ചു. ജവഹർലാൽ നെഹറുവിൻെറ നിര്യാണത്തെ തുടർന്ന് 1964–ലാണ് പ്രസ്തുത കമ്മിററി രൂപവൽക്കരിക്കപ്പെട്ടതു്.

ഇന്ത്യയിലേയും സോവിയററുയൂണിയനിലെയും പ്രമുഖസാഹിത്യനായകന്മാർ ഈ കമ്മിററിയിലുണ്ട്. ശ്രീമതി ഇന്ദിരാഗാന്ധി അതിൻെറ രക്ഷാധികാരിയും ശ്രീ. കെ. പി. എസ്. മേനോൻ അദ്ധ്യക്ഷനുമാണ്.

★ ഇന്ത്യയുടെ വരണ്ടമേഖലയ്ക്കുവേണ്ടിയുള്ള കൃഷിശാസ്ത്രസ്ഥാപനത്തിൽപെട്ട ശ്രീ കെ. ചക്രവത്തി, സോവിയററ്കസക്ക്സ്ഥാൻെറ തലസ്ഥാനനഗരിയായ ആൽമാ—അത്തായിൽ, മേച്ചിൽസ്ഥലവികസനത്തെ അധികരിച്ചുസംഘടിപ്പിക്കപ്പെട്ട സാവ്വദേശീയസെമിനാറിൽ പങ്കെടുത്തു. ഏഷ്യ, ആഫ്രിക്ക, ലത്തീൻഅമേരിക്ക തുടങ്ങിയ പന്ത്രണ്ടു രാജ്യങ്ങളിൽനിന്നുള്ള ശാസ്ത്രകാരന്മാർ ഈ സെമിനാറിൽ പങ്കെടുത്തിരുന്നു. കൂടുതൽ കൂടുതൽ വിദ്യാത്ഥികളും യുവസ്പെഷ്യലിസ്റ്റുകളും കസാക്ക്സ്ഥാനിൽ വന്നു മേച്ചിൽസ്ഥലങ്ങളുടെ വികസനസമ്പ്രദായത്തെക്കുറിച്ചും, സ്റ്റെപ്പിപ്രദേശങ്ങളിലും മരുഭൂമികളിലും ഫലപ്രദമായി ജലസേചനം നടത്തുന്ന രീതികളെക്കുറിച്ചും പഠനംനടത്തുന്നതു് പ്രയോജനപ്രദമായിരിക്കുമെന്നു ഈ ഇന്ത്യൻ ശാസ്ത്രകാരൻ കരുതുന്നു.

മേയ് 26: റഷ്യൻഭാഷാപഠനത്തിനുള്ള സായാഹ്നക്ലാസ്സുകളിലെ വിദ്യാത്ഥികൾക്കുള്ള ഡിപ്ലോമ, ന്യൂഡെൽഹിയിലെ യു. എസ്സ്. എസ്സ്. ആർ. എംബസിയിലെ സാംസ്കാരികവിഭാഗത്തിൽ നടത്തപ്പെട്ട ഒരു ചടങ്ങിൽവച്ചു നൽകപ്പെട്ടു.

മേയ് 31: മോസ്കോവിലെ പ്രോഗ്രസ്സ് പബ്ലിഷിംഗ് ഹൌസിൻെറ ഇന്ത്യൻവിഭാഗത്തിലെ ചീഫ് എഡിററായ വൈ. വി. ഗൊളോവ്യാതെങ്കൊയും, പ്രസ്തുതവിഭാഗത്തിൻെറ തലവനായ വി. കെ. ലോസ്കുതോവും ന്യൂഡെൽഹിയിൽ എത്തിച്ചേർന്നു.

വൈ. വി. ഗൊള്ളോവ്യതെങ്കൊവ്, സോവിയററ്പത്രപ്രവത്തക യൂണിയനിലെ ഒരംഗവും, ഇന്ത്യൻ എംബസി മോസ്ക്കോവിൽ നിന്നു പ്രസാധനം ചെയ്യുന്ന "ഇന്ത്യ" എന്ന പ്രസിദ്ധീകരണത്തിൻെറ പ്രൊഡക്ഷൻ മാനേജരുമാണ്. വി. ലൊസ്കുതോവ്, മോസ്ക്കോവിലെ പൌരസ്ത്യപഠനഇൻസ്റ്റിററ്യൂട്ടിൽ നിന്നുള്ള ഒരു ബിരുദധാരിയും, ബംഗാളിഭാഷയിലെ ഒരു സ്പെഷ്യലിസ്ററുമാണ്. ടാഗോറിൻെറ അനേകം കൃതികൾ ഇദ്ദേഹം പരിഭാഷ ചെയ്തിട്ടുണ്ട്.

ജൂൺ

ജൂൺ 7: സോവിയററുയൂണിയൻെറ സഹായത്തോടുകൂടി നിർമ്മിക്കപ്പെട്ട ഗുജറാത്തിലെ കൊയാലി എണ്ണ ശുദ്ധീകരണശാലയുടെ രണ്ടാംഘട്ടത്തിൻെറ പ്രവത്തനം ഉൽഘാടനം ചെയ്യപ്പെട്ടു. പ്രതിവഷം പത്തുലക്ഷം ടൺ അസംസ്കൃത എണ്ണ ശുദ്ധീകരിക്കുന്നതിനുള്ള പുതിയ യന്ത്രങ്ങൾ ഘടിപ്പിക്കപ്പെട്ടു. ഇതുമൂലം യു. എസ്. എസ്. ആറിൻെറ സഹായത്തോടുകൂടി വികസിപ്പിക്കപ്പെട്ട അങ്ക്ലെശർ എണ്ണപ്പാടങ്ങളിൽ നിന്നു ലഭിക്കുന്ന എണ്ണയും ശുദ്ധീകരിക്കാൻ കഴിയും.

★ ഇന്ത്യൻ സ്റ്റേററ് ട്രേഡിംഗ് കോർപ്പറേഷൻെറ പത്താമതു വാഷികം പ്രമാണിച്ചു, മോസ്ക്കോവിലെ ഇന്ത്യൻ എംബസിയുടെ ഒന്നാം സിക്രട്ടറി ഒരു സ്വീകരണസൽക്കാരം ഏർപ്പാടുചെയ്തു.

സോവിയററുയൂണിയനുമായി വ്യാപാരം നടത്തുന്ന ഇന്ത്യൻ സംഘടനകളുടെ മുൻപന്തിയിൽ ഈ കോർപ്പൊറേഷൻ നിലകൊള്ളുന്നു.

ജൂൺ 8: 1965 ലേക്കുള്ള സോവിയററ്നാട് നെഹറു സമ്മാനത്തിനു അർഹരായവർ സോവിയററുയൂണിയനിൽ തങ്ങളുടെ രണ്ടാഴ്ക്കാലത്തെ പര്യടനത്തിനായി മോസ്ക്കോവിലേയ്ക്കു പുറപ്പെട്ടു. ഇവരിൽ പ്രശസ്ത ഹിന്ദി-ഉറുദുകവികളായ ശ്രീ സുമിത്ര നന്ദൻപന്തു്, ശ്രീ അലി സർദാർ ജാഫ്രി, പഴക്കംചെന്ന ഹിന്ദിപത്രപ്രവത്തകനായ ബനാർസി ദാസ്ചതുർവേദി, പ്രമുഖഗുജറാത്തി പത്രപ്രവർത്തകനും പ്രസാധകനുമായ ശ്രീ. രവിശങ്കർ രാവൽ തുടങ്ങിയവർ ഉൾപ്പെടുന്നു.

വിജയികളുടെ കൂട്ടത്തിൽ അഞ്ചു കുട്ടികളും ഉണ്ട്. ഇവർ ആർട്ടക്കിലെ യംഗ്പയനിയേഴ്സു ക്യാമ്പിൽ ഒരു മാസക്കാലം ചിലവഴിക്കുന്നതാണ്.

* 1966 മേയിൽ, ഭിലായ് സ്റ്റീൽപ്ലാൻറ് 137998 ടൺ സംസ്കൃത–അർദ്ധസംസ്കൃത ഉരുക്കുല്പന്നങ്ങൾ ഉല്പാദിപ്പിച്ചു. ഇതേ മാസത്തിൽതന്നെ ഉരുക്കുമില്ലിൻെറ വിവിധഷോപ്പുകളിൽ പ്രതിദിനഉല്പാദനത്തിൽ അഞ്ചു പുതിയ റെക്കാഡുകൾ സൃഷ്ടിച്ചു.

* താഷ്ക്കണ്ടിനെക്കുറിച്ചുള്ള മികച്ച കുറെ ചിത്രപ്രദർശനസാമഗ്രികൾ ഡെൽഹിയിലെ ഇന്ത്യാ - സോവിയററ് സാംസ്ക്കാരികസംഘത്തിനു സമ്മാനിക്കപ്പെട്ടു. സോവിയററുറിപ്പബ്ളിക്കിൻെറ സാമ്പത്തിക–സാംസ്ക്കാരിക ഘടനയും, ചരിത്രപ്രസിദ്ധമായ താഷ്ക്കണ്ട് സമ്മേളനവും ഹൃദ്യമാംവിധം പ്രതിഫലിപ്പിക്കപ്പെട്ടിട്ടുള്ള നൂററിമുപ്പതു ചിത്രങ്ങളാണ് ഈ സമ്മാനത്തിലുള്ളതു്.

ജൂൺ 9: അടുത്തു തന്നെ സോവിയററ്യൂണിയനിൽ നിന്നു യാത്ര തിരിയ്ക്കുന്ന ഇന്ത്യൻ അംബാസിഡർ ടി. എൻ. കൌൾ മോസ്കോനി

''സോവിയററ് നാട്ട്'' നെഹറു്സമ്മാനജേതാക്കൾ മോസ്കോവിലെ ചരിത്രപ്രസിദ്ധങ്ങളായ ദൃശ്യങ്ങൾ ചുററിനടന്നുകാണുന്നു. ശ്രീമാന്മാർ സുമിത്ര നന്ദൻപന്ത്, അലീസർദാർ ജാഫ്രി, ബനാർസീദാസ് ചതുർവേദി, രവിശങ്കർ റാവൽ, ഏ. ബി. രാഹ എന്നിവരെ ചിത്രത്തിൽ കാണാം.

വാസികളുടെ പ്രതിനിധികളുമായി അവസാനത്തെ കൂടിക്കാഴ്ച നടത്തി. റഷ്യൻ വ്യാപാരി അഫനാസി നിക്കിതിൻെറ ഇന്ത്യയിലേക്കുള്ള യാത്രയുടെ അഞ്ഞൂറാം വാർഷികം ആഘോഷിക്കുന്നതിനുകൂടിയ സമ്മേളനത്തിൽ എംബസ്സി ഉദ്യോഗസ്ഥന്മാരൊന്നിച്ച് ശ്രീ കൗളും സന്നിഹിതനായിരുന്നു.

സ്വന്തം നാട്ടിൽ തിരിച്ചെത്തിയശേഷം "നമ്മുടെ ഇരുജനതകളും തമ്മിലുള്ള സൗഹൃദം ദൃഢീകരിക്കുന്നതിനു് പ്രവർത്തിക്കുന്നതാ"ണെന്നു് അംബാസിഡർ പ്രഖ്യാപിച്ചു.

"താഷ്ക്കണ്ടു് പ്രഖ്യാപനം, അതിൻെറ മുഴുവൻ സ്പിരിട്ടിലും അക്ഷരാർത്ഥത്തിലും അനുഷ്ഠിക്കുവാൻ ഇന്ത്യ ദൃഢപ്രതിജ്ഞ ചെയ്തിരിക്കയാണെന്നു്" ശ്രീ കൌൾ ഊന്നി പ്രസ്താവിച്ചു.

ജൂൺ 13: സുപ്രീം സോവിയററ് പ്രസീഡിയത്തിൻെറ പ്രസിഡണ്ടായ നിക്കോളായി പൊദ്ഗോർണി, ഇന്ത്യൻ അംബാസിഡർ ശ്രീ. ടി. എൻ കൗളിനെ അദ്ദേഹം ഉദ്യോഗത്തിൽനിന്നുവിരമിച്ച് ഇന്ത്യയിലേക്കു് പുറപ്പെടുന്നതിൻെറ തലേദിവസം, ക്രെംലിനിൽ വച്ചു സ്വീകരിച്ചു.

★ തൻെറ വേർപാടിൻെറ തലേദിവസം നടന്ന ഒരു സോവിയററ് — വിദേശപത്രലേഖകരുടെ സമ്മേളനത്തിൽ, സോവിയററു് യൂണിയനും ഇന്ത്യയും തമ്മിലുള്ള സൗഹൃദബന്ധങ്ങൾ വളരെയധികം ശക്തിപ്പെട്ടിട്ടുണ്ടെന്നു് ശ്രീ. കൗൾ പ്രസ്താവിച്ചു. "ലോകസമാധാനത്തിൻെറ താല്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന താഷ്ക്കണ്ടു് പ്രഖ്യാപനം പ്രാവൎത്തികമാക്കാൻ ഇന്ത്യൻ ജനത ദൃഢമായി ഉറച്ചു കഴിഞ്ഞിരിക്കുന്നു." എന്നും അദ്ദേഹം കൂട്ടിചേർത്തു. താഷ്ക്കണ്ടു് സമ്മേളനത്തിൽ, പ്രധാനമന്ത്രി അലക്ക്സി കോസിഗിൻ വഹിച്ച ശ്രേഷ്ഠമായ പങ്കിൻെറ പ്രാധാന്യത്തെ ശ്രീ കൗൾ പ്രത്യേകിച്ചും ഊന്നി പ്രസ്താവിക്കയുണ്ടായി.

ജൂൺ 16: ബോംബയിൽ, സോവിയററ് യന്ത്രോപകരണങ്ങളുടെ ഒരു പ്രദർശനം മഹാരാഷ്ട്ര മുഖ്യമന്ത്രി ശ്രീ വി. പി. നായക് ഉൽഘാടനം ചെയ്തു. സോവിയററ്യന്ത്രോപകരണവ്യവസായം കരസ്ഥമാക്കിയിട്ടുള്ള വമ്പിച്ച പുരോഗതിയെക്കുറിച്ചുള്ള ഒരു ഏകദേശരൂപം ഈ പ്രദർശനത്തിൽ നിന്നു സിദ്ധിക്കുന്നതാണു്.

ജൂൺ 20: ഹർദ്വാർ ഹെവി എലക്ട്രിക്കു് എക്യൂപ്പ്മെൻറു് പ്ലാൻറിൻെറ ആവശ്യാർത്ഥം, യന്ത്രസാമഗ്രികളുടെ കൺസൈൺമെൻറു

കൾ ഇന്ത്യയിലേക്ക് അയയ്ക്കുന്നതിനായി ലെനിൻഗ്രാഡിലെ മെററൽ വർക്ക്സ് പ്ലാൻറിൽ തയ്യാറായിക്കഴിഞ്ഞു.

ജൂൺ 21: ലോകസഭാ സ്പീക്കർ ശ്രീ ഹുക്കുംസിങ്ങ് സുപ്രീം സോവിയററിൻെറ ക്ഷണമനുസരിച്ച് മോസ്കോവിൽ എത്തിച്ചേർന്നു.

ജൂൺ 23: ഭക്ക്ഡാ-നാങ്കൽ സ്റ്റേഷനുവേണ്ടിയുള്ള നാലാമത്തെ ടർബൈൻെറ നിർമ്മാണം ലെനിൻഗ്രാഡിലെ മെററൽ വർക്ക്സിൽ പൂർത്തീകരിക്കപ്പെട്ടു.

ജൂൺ 27: കഴിഞ്ഞവാരാവസാനത്തിൽ മോസ്കോവിൽ എത്തിയ ഇന്ത്യൻ ഇരുമ്പ് ഉരുക്ക് മന്ത്രികാര്യാലയത്തിൽനിന്നുള്ള ഡെലിഗേഷൻ ബൊക്കാറോ ഉരുക്കുമില്ലിൻെറ നിർമ്മാണത്തെ സംബന്ധിച്ച ചില പ്രശ്നങ്ങൾ, വിദേശവ്യാപാര സംഘടനയെ ''തിയാസ്പ്രോം എക്സ്പോർട്ട്''മായി ചർച്ചചെയ്തു. ബൊക്കാറോ പദ്ധതിയുടെ ബ്ളൂപ്രിൻറ് തയാറാക്കിയ മോസ്കോവിലെ സ്ഥാപനം ഡെലിഗേഷനംഗങ്ങൾ സന്ദർശിച്ചു. (ഈ സ്ഥാപനം തന്നെയാണ് ഭിലായ് സ്റ്റീൽ വർക്ക്സും ഡിസൈൻ ചെയ്തതു്.)

ജൂൺ 28: ഇന്ത്യൻ പ്ലാനിംഗ് മന്ത്രി അശോക്മേത്ത, സോവിയററ്-ഇന്ത്യൻ സാമ്പത്തിക സഹകരണ പ്രശ്നങ്ങളെകുറിച്ചു ചർച്ചചെയ്യുന്നതിനായി മോസ്കോവിൽ എത്തിച്ചേർന്നു.

ജൂൺ 29: മൂന്നു മാസക്കാലത്തെ തങ്ങളുടെ ഇന്ത്യൻ പര്യടനം കഴിഞ്ഞു്, സോവിയററ് ഡാക്ടറന്മാരായ ജി. വി. ഗുൽയേവും, ജി. പഫമോവും മോസ്കോവിലേക്ക് പുറപ്പെട്ടു.

ജൂൺ 30: ശ്രീ. അശോകമേത്ത യു. എസ്. എസ്. ആർ. വിദേശവ്യാപാരമന്ത്രി നിക്കോലായി പതോലിച്ചേവുമായി സോവിയററ് ഇന്ത്യൻ വ്യാപാരത്തിൻെറ ചില വശങ്ങളെ ക്കുറിച്ചു ചർച്ച നടത്തി.

വികസ്വര രാജ്യങ്ങളുമായിട്ടുള്ള സോവിയററ്യൂണിയൻെറ വ്യാപാരത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്തു നിൽക്കുന്നുവെന്നും, അടുത്ത അഞ്ചുകൊല്ലങ്ങളിൽ, അന്യോന്യമുള്ള ചരക്കുകൈമാററം 1964-ലെ നിലവാരത്തേക്കാൾ ഏതാണ്ട് ഇരട്ടിയായി ഉയരുമെന്നും, വെളിവാക്കപ്പെട്ടു. 1964-ൽ 150 കോടി രൂപായുടെ വ്യാപാരമാണ് നടന്നിരുന്നതു്.

★ ഹർദ്വാർ ഹെവി എലക്ട്രിക്കൽ എക്വിപ്പ്മെൻറ് പ്ലാൻറിൻെറ വിവിധാവശ്യങ്ങൾക്കുള്ള എലക്ട്രിക് ഫർണസുകളുടെ മുപ്പതു് ഡിസൈനുകൾ ലെനിൻഗ്രാഡിലെ സ്പെഷ്യലിസ്ററുകൾ പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു.

ജൂലൈ

ജൂലൈ 1: മോസ്കോ റേഡിയോയുടെ, പഞ്ചാബിഭാഷയിലുള്ള പ്രക്ഷേപണപരിപാടി, പഞ്ചാബ് കവയിത്രി ശ്രീമതി അമൃതാപ്രീതം രചിച്ച ഒരു കവിതാപാരായണത്തോടുകൂടി ഉൽഘാടനം ചെയ്യപ്പെട്ടു.

ജൂലൈ 2: ഇന്ത്യൻ ലോകസഭാ സ്പീക്കർ ശ്രീ ഹുക്കുംസിങ്ങ് കീവിൽവെച്ചു ഇപ്രകാരം പ്രസ്താവിച്ചു: "സോവിയററ് യൂണിയൻ ഇന്ത്യയുടെ, പരീക്ഷിച്ചുതെളിഞ്ഞ ഒരു വിശ്വസ്തസുഹൃത്താണ്. സാമ്പത്തികരാഷ്ട്രീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് അതു നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു."

ജൂലൈ 4: ഒരു ഉൽകൃഷ്ട ബംഗാളി സാഹിത്യകാരനായ ബങ്കിം ചന്ദ്രചട്ടോപാദ്ധ്യായുടെ (1838–94) ജീവിതത്തെയും കൃതികളേയും ആസ്പദിച്ചുള്ള ഒരു പ്രബന്ധം, ലെനിൻഗ്രാഡ് സർവ്വകലാശാലയിലെ ഇന്ത്യൻ ഭാഷാശാസ്ത്രവിഭാഗത്തിന്റെ അദ്ധ്യക്ഷയായ വീര നൊവിക്കോവ പൂർത്തീകരിച്ചു. ബങ്കിംചന്ദ്രയെ "ബംഗാളി സാഹിത്യ പ്രസ്ഥാനത്തിലെ ഏററവും മികവുള്ള വ്യക്തിയായി" ഇവർ ചിത്രീകരിച്ചിരിക്കുന്നു.

ജൂലൈ 5: ഇന്ത്യാ വ്യാപാരമന്ത്രി ശ്രീ. മനുഭായ്ഷാ, സോവിയററ് ഇന്ത്യൻ വ്യാപാര വികസനത്തെക്കുറിച്ചു ചർച്ചചെയ്യുന്നതിനായി മോസ്കോവിൽ എത്തിച്ചേർന്നു. 1966 ആരംഭത്തിൽ ഒപ്പുവെക്കപ്പെട്ട, സോവിയററ് യൂണിയനും ഇന്ത്യയും തമ്മിലുള്ള പഞ്ചവത്സര വ്യാപാര ഉടമ്പടിയുടെ ചില വശങ്ങളെക്കുറിച്ചു് ഇരു കക്ഷികളും പരിചിന്തനം ചെയ്തു.

ജൂലൈ 6: സോവിയററ് യൂണിയനിലേക്കുള്ള തന്റെ യാത്രയുടെ തലേദിവസം, ഇന്ത്യോ–സോവിയററ് സാംസ്ക്കാരിക സംഘത്തിന്റെ ജനറൽ കൌൺസിൽ ന്യൂ ഡെൽഹിയിൽ സംഘടിപ്പിച്ച ഒരു ചടങ്ങിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പങ്കെടുത്തു.

ജൂലൈ 8: ഇന്ത്യയിലെ എട്ടു കായികാഭ്യാസികളടങ്ങുന്ന ഒരു ടീം സോവിയററ് യൂണിയനിൽ രണ്ടാഴ്ക്കാലത്തെ ഒരു പര്യടനത്തിനായി മോസ്കോവിലേക്കു പുറപ്പെട്ടു.

★ സോവിയററ്‌യൂണിയനിൽ രണ്ടാഴ്ചക്കാലത്തെ പര്യടനം കഴിഞ്ഞു്, ലോകസഭാ സ്പീക്കർ ശ്രീ ഹുക്കം സിങ്ങ് നാട്ടിലേക്ക് മടങ്ങി.

ജൂലൈ 11: സോവിയററ്‌നാട്ട് നെഹ്റു സമ്മാനജേതാക്കളായ അഞ്ച് ഇന്ത്യൻ കുട്ടികൾ, ആർട്ടക്കിലെ അവരുടെ താമസം കഴിഞ്ഞു് ന്യൂഡൽഹിക്കു പുറപ്പെട്ടു.

ജൂലൈ 12: ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി മോസ്കോവിൽ എത്തിച്ചേർന്നു. സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിൻ, ഉപപ്രധാന മന്ത്രിമാരായ വെനിയാമിൻ ദിംഷിത്സ്, വ്‌ളാദിമിർ നൊവിക്കോവ്, മന്ത്രിമാരായ അൻഡ്രി ഗ്രോമിക്കൊ, മലിനോവ്സ്കി, നിക്കോളായ പതോളിച്ചേവ്, മോസ്കോ സോവിയററിൻെറ എക്സിക്യൂട്ടീവ് കമ്മിററി ചെയർമാനായ വ്‌ളാദിമീർ പ്രൊമിസ്ലോവ് തുടങ്ങി ഒട്ടനേകം പ്രശസ്തവ്യക്തികൾ ചേന്നു് ശ്രീമതി ഗാന്ധിയെ സ്വീകരിച്ചു.

സ്വാഗതമാശംസിച്ചവരുടെ കൂട്ടത്തിൽ സോവിയററ്‌യൂണിയനിലെ ഇന്ത്യൻ ചാർജ് ഡി അഫഴേ്സായ ശ്രീ ആർ. ജയപാലും, ഇതരനയതന്ത്രപ്രതിനിധികളും സോവിയററ് യൂണിയനിലേയും വിദേശങ്ങളിലേയും പത്രപ്രയിനിധികളുമുണ്ടായിരുന്നു.

ജൂലൈ 13. സോവിയററ് പ്രധാനമന്ത്രി അലക്സി കോസിഗിനും ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയും സാർവ്വലൌകിക സ്ഥിതിഗതികളെക്കുറിച്ചും, സോവിയററ് യൂണിയനും ഇന്ത്യയും തമ്മിലുള്ള നല്ല അയൽബന്ധങ്ങൾ ഇനിയും വികസിപ്പിക്കുന്നതിനെപ്പററിയും ചർച്ച ചെയ്തുവെന്നു മോസ്കോവിൽ നിന്നു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു.

ജൂലൈ 14. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ സോവിയററ് സന്ദർശനം പ്രമാണിച്ചു, ക്രെംലിനിൽ ഒരു ഇന്ത്യാ–സോവിയററ് സുഹൃൽ സമ്മേളനം ചേന്നു. സമ്മേളനത്തിൽ അലക്സി കോസിഗിനും ശ്രീമതി ഗാന്ധിയും പ്രസംഗിച്ചു.

★ കോൺഗ്രസ് പ്രസിഡണ്ട് കാമരാജ്, അടുത്തു് നടക്കാൻപോവുന്നതൻെറ സോവിയററ്‌സന്ദർശനം പ്രമാണിച്ചു "സോവിയററ്‌നാടി"ന്നു് നല്കിയ ഒരു സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "സ്വയം വികസിക്കുവാനും സ്വന്തം ജനതകളുടെ ജീവിതനിലവാരം ഉയർത്തുവാനും യത്നിക്കുന്ന എല്ലാ രാജ്യങ്ങൾക്കും വെളിച്ചം നല്കുന്ന ഒരു ദീപസ്തംഭമാണ് സോവിയററ് യൂണിയൻ."

1966 ജൂലൈ 14–ാംതിയ്യതി, ക്രെംലിനിൽ ചേന്ന ഒരു സോവിയററ്–ഇന്ത്യൻ സൌഹൃദയോഗത്തിൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി സംസാരിക്കുന്നു.

★ ഭീലായ് സ്റ്റീൽ പ്ളാൻറിൽ, നടപ്പു സാമ്പത്തികവഷത്തെ ആദ്യത്തെ മൂന്നുമാസങ്ങളിലെ (1956 ഏപ്രിൽ, മെയ്, ജൂൺ) ഉരുക്കുല്പാദനം 450000 ടണ്ണിൽ കൂടുതലായി എന്നു് പ്രഖ്യാപിക്കപ്പെട്ടു.

★ പ്രതിവഷം പതിനേഴു ലക്ഷം ടൺ ഉല്പാദനക്കഴിവോടുകൂടിയ ഒരു സ്റ്റീൽ റോളിങ്ങ് മില്ലിൻെറ ഡിസൈൻ സ്വർദലോവസ്കു് (യൂറാംസ്) എഞ്ചിനിയറിങ്ങ് പ്ളാൻറിൽ തയാറാക്കപ്പെട്ടു.

1966–ജൂലൈ 16–ന് ഇന്ത്യൻ പ്രധാനമന്ത്രിയെ, സി. പി. എസ്. യു. കേന്ദ്രക്കമ്മിററി ജനറൽ സെക്രട്ടറി എൽ. ഐ. ബ്രഷ്നേവ് സ്വീകരിച്ചു. ഇന്ത്യയിലെ സോവിയററ് അംബാസിഡർ ഐ. എ. ബെനദിക്തോവാണ് പിന്നിൽ നില്ക്കുന്നതു്.

ബോക്കാറൊ പ്ളാൻറിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ളതാണ് ഈ റോളിംഗ് മിൽ.

ജൂലൈ 17. പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ യു. എസ്. എസ്. ആർ. സന്ദർശനത്തിൻെറ അവസാനത്തോടുകൂടി, മോസ്കോയിൽനിന്നും ഒരു സംയുക്ത സോവിയററ് – ഇന്ത്യൻ കമ്മ്യൂണിക്കെ പുറപ്പെടുവിക്കപ്പെട്ടു.

പ്രസ്തുത കമ്മ്യൂണിക്കേയിൽ ഇപ്രകാരം പ്രസ്താവിച്ചു: ''ഇന്ത്യൻ പ്രധാനമന്ത്രി മോസ്കോവിലെ താമസത്തിനിടയിൽ, എൽ. ഐ. ബ്രഷ്നേവ്, എ. എൻ. കോസിഗിൻ തുടങ്ങിയ സോവിയററ് യൂണിയനിലെ പ്രമുഖനേതാക്കളുമായി സംഭാഷണം നടത്തുകയും കൂടിയാലോചനകൾ നടത്തുകയും ചെയ്തു. സൌഹൃദത്തിൻെറയും പരസ്പരധാരണയുടേയും അന്തരീക്ഷത്തിൽ നടത്തപ്പെട്ട സംഭാഷണങ്ങളിൽ, ആവശ്യമുള്ള പ്രധാന സാർവ്വദേശീയ പ്രശ്നങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പരസ്പരം കൈമാറുകയുണ്ടായി. സോവിയററ്–ഇന്ത്യൻ ഉഭയകക്ഷി ബന്ധങ്ങളെ

യും, ഈ ബന്ധങ്ങൾ വീണ്ടും ഉറപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനുള്ള സാദ്ധ്യതകളെയുംകുറിച്ചും ഇവർ ചർച്ചചെയ്തു.

"സാമ്രാജ്യത്വത്തിന്റെയും ഇതരപിന്തിരിപ്പൻ ശക്തികളുടേയും ആക്രമണനടപടികളുടെ ഫലമായി" സാർവ്വദേശീയസ്ഥിതി വഷളായിത്തീരുന്നതിലും യുദ്ധവിപത്തു വർദ്ധിക്കുന്നതിലും ഇരുകക്ഷികളും ഉൽക്കണ്ഠ രേഖപ്പെടുത്തി.

"എല്ലാ രീതിയിലും രൂപത്തിലുമുള്ള കൊളോണിയൽ — നിയോകൊളോണിയൽ സമ്പ്രദായത്തിന്നെതിരായ ജനകീയപോരാട്ടത്തിനുള്ള തങ്ങളുടെ പിന്തുണ" സോവിയററു്, യൂണിയനും ഇന്ത്യയും വീണ്ടും ഉറപ്പിച്ചു പ്രഖ്യാപിച്ചു സമാധാനം ശക്തിപ്പെടുത്തുന്നതിലും സാർവ്വലൌകികസഹകരണം വികസിപ്പിക്കുന്നതിലും ചേരിചേരാനയത്തിന്നുള്ള വമ്പിച്ച പ്രധാന്യം അവർ എടുത്തുകാട്ടി.

"താഷ്ക്കണ്ടു് പ്രഖ്യപനം സംപൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുള്ള തങ്ങളുടെ ദൃഢമായ തീരുമാനം ഇന്ത്യാ ഗവർണ്മെൻറു് പ്രഖ്യാപിച്ചു.

"താഷ്കണ്ടു് പ്രഖ്യാപനത്തിന്റെ സ്പിരിട്ടിനനുസാരമായി ഇന്ത്യാ-പാകിസ്ഥാൻ ബന്ധങ്ങൾ ഇനിയും സാധാരണവൽക്കരിക്കുന്നതിനു്, ഇരുകക്ഷികളും പ്രകടമാക്കുന്ന ഏതൊരു മുൻകൈ പ്രവർത്തനത്തിനും പിൻതുണ നൽകുന്നതിനുള്ള" സന്നദ്ധത സോവിയററു് ഗവർണ്മെണ്ടു് സ്പഷ്ടമാക്കി.

"ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക-സാങ്കേതിക സഹകരണം പരസ്പരം ഗുണകരമായ നിലയിൽ വിജയകരമായി വികസിച്ചുകൊണ്ടിരിക്കുന്നതായി" കമ്യൂണിക്കയിൽ രേഖപ്പെടുത്തിയിരിക്കുന്നു

* പ്രശസ്ത ഭാരതീയ നാടൻ നൃത്തവിദഗ്ധയായ ശ്രീമതി രീതാദേവി മേ സ്കോവിലെ ഹെർമിറേറജ് വെറൈററി തീയേറററിൽവെച്ചു് തന്റെ ആദ്യത്തെ നൃത്തപ്രകടനം നടത്തി.

ജൂലൈ 18: പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ മോസ്കോ സന്ദർശനത്തിന്റെഫലങ്ങളെ നിരൂപണംചെയ്തുകൊണ്ടു്, ഇസ്വവസ്തിയ എഴുതിയതു് പ്രസ്തുത പര്യടനത്തിന്റെ പ്രയോജനപ്രദമായഫലങ്ങൾ സംയുക്ത സോവിയററു്-ഇന്ത്യൻ കമ്യൂണിക്കേയിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നാണു്. തുടർന്നു് പത്രം ഇപ്രകാരം പ്രസ്താവിച്ചു: "സാർവ്വലൌകിക സ്ഥിതിഗതികൾ ഏററവും വഷളായിത്തീർന്നുകൊണ്ടിരിക്കുന്ന ഒരു കാല

ഘട്ടത്തിലാണ്‌ ഈ പ്രമാണം രൂപംകൊണ്ടതെന്ന വസ്‌തുതയിലാണ്‌, ഇതിൻെറ വമ്പിച്ച പ്രാധാന്യം സ്ഥിതിചെയ്യുന്നതു്''

★ ''മോസ്കോ ന്യൂസ്''—മോസ്കോവിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഒരു വാരിക—''സോവിയററു്യൂണിയനെപ്പററി നിങ്ങൾക്കറിയാമോ''? എന്ന വിഷയത്തെ ആസ്പദിച്ച്‌ നടത്തിയ മത്സരത്തിൽ ഭിലായ്‌ ഉരുക്കുമില്ലിലെ ഒരു ക്ലാർക്കായ ശ്രീ ഗംഗാപ്രസാദ്‌ സിങ്ങ്‌ വിജയിയാവുകയും സമ്മാനമായി ഒരു ട്രാൻസിസ്റ്റർ റേഡിയോ കരസ്ഥമാക്കുകയും ചെയ്തു.

ജൂലൈ 19: 'ഇന്ത്യൻ കലയുടെ ഭണ്ഡാഗാരം' എന്ന പേരിൽ, സോവിയററു്‌ കലാചരിത്രകാരിയായ അൻേറാനിനാ കൊറോട്ട്‌സ്കായ തയാറാക്കിയ ഗ്രന്ഥം മോസ്കോവിൽ പ്രസിദ്ധീകരിക്കപ്പെട്ടു. പൗരാണികകാലം മുതൽ ആധുനിക കാലഘട്ടംവരെയുള്ള ഇന്ത്യൻ സംസ്‌കാരത്തിൻെറ ചരിത്രം ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇന്ത്യൻ കലകളുടെ കാതലായ അംശങ്ങളും, അവയുടെ സവിശേഷ സ്വഭാവങ്ങളും ഇതിൽ വേർതിരിച്ചു കാണിച്ചിരിക്കുന്നു.

★ ഇന്ത്യൻ മഹാസമുദ്രത്തിൽ സോവിയററു്യൂണിയൻ നടത്തിയ പര്യാന്വേഷണങ്ങളുടെ ഫലങ്ങൾ പരിശോധിച്ചശേഷം, യു. എസ്‌. എസ്‌. ആറിലെ മത്സ്യവ്യവസായവകുപ്പ്‌ മന്ത്രികാര്യാലയത്തിൻെറ ബോർഡ്‌, അറബിക്കടലിൻെറ വടക്കു്‌ കിഴക്കൻ മേഖല നല്ല മത്സ്യബന്ധന സങ്കേതമായിത്തീരുമെന്നു്‌ പ്രഖ്യാപിച്ചു.

ജൂലൈ 20: അലഹബാദ്‌ ഹൈക്കോടതിയിലെ ഒരു ജഡ്‌ജിയായ ശ്രീ എസ്‌. എസ്‌. ധാവൻെറ നേതൃത്വത്തിലുള്ള ഒരു ഇന്ത്യാ–സോവിയററ്‌ സാംസ്കാരിക സംഘ ഡെലിഗേഷൻ സോവിയററ്‌യൂണിയനിലെ അവരുടെ സന്ദർശന പരിപാടി പൂർത്തീകരിച്ചു.

ഏ. പി. എൻ. ലേഖകനുമായുള്ള ഒരു അഭിമുഖസംഭാഷണത്തിൽ ശ്രീ ധവാൻ പ്രസ്താവിച്ചതു്‌, സോവിയററ്‌ നീതിന്യായസമ്പ്രദായത്തിൻെറയും നിയമങ്ങളുടെയും പ്രവർത്തനങ്ങൾ നേരിട്ട്‌ മനസ്സിലാക്കിയശേഷം, ഇവയെല്ലാം മൗലിക തത്വങ്ങളിൽ അധിഷ്ഠിതമായിട്ടുള്ളവയാണെന്നു്‌ തനിക്കു ബോദ്ധ്യം വന്നിരിക്കുന്നു എന്നാണ്‌. സോവിയററു്‌ ജഡ്‌ജിമാരും ജൂറിമാരും നല്ല പരിശീലനം സിദ്ധിച്ചിട്ടുള്ളവരും ഉയർന്ന ഉത്തരവാദിത്വബോധത്തോടുകൂടി തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നവരുമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

ജൂലൈ 22: യു. എസ്. എസ്. ആർ പാർലമെൻററി ഗ്രൂപ്പിൻെറ അതിഥിയായി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ. കാമരാജ് മോസ്കോവിൽ എത്തിച്ചേർന്നു. യു. എസ്. എസ്. ആർ. സുപ്രീം സോവിയററിൻെറ യൂണിയൻ സോവിയററ് ചെയർമാൻ ഇവാൻ സ്പിരിദോനോവ് കാമരാജിനെ വിമാനത്താവളത്തിൽവെച്ച് സ്വീകരിച്ചു. പത്തു ദിവസത്തെ താമസത്തിനിടയിൽ, അദ്ദേഹം ദ്രുഷാൻബെ, വൊൾഗോഗ്രാഡ്, ലെനിൻഗ്രാഡ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി.

ജൂലൈ 23: ശ്രീ. കെ. കാമരാജ്, സോവിയററ് പ്രധാനമന്ത്രി എ. എൻ. കോസിഗിനുമായി ക്രെംലിനിൽവെച്ച് സംഭാഷണം നടത്തി.

* മോസ്കോവിലെ ലുമുംബാ സൗഹൃദസർവ്വകലാശാലയിൽ 160 ഇന്ത്യൻ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് പ്രസ്തുത സർവ്വകലാശാലയുടെ പ്രൊ-റെക്ടർ വൈ. എൻ. സൊക്കലോവ് ന്യൂ ഡൽഹിയിൽ വെച്ച് പ്രസ്താവിച്ചു. പുതിയ കലാലയ വർഷത്തിൽ 45 വിദ്യാർത്ഥികളെ കൂടെ വിവിധ ഫാക്കൽട്ടികളിലായി ചേർക്കുന്നതാണ്. ഭൂരിപക്ഷം വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് പഠിക്കുന്നവരാണ്. റഷ്യൻ പഠന ഇൻസ്റ്റിട്യൂട്ടിൽ വൈ. സൊക്കലോവ് സംസാരിക്കുകയായിരുന്നു. ഇന്ത്യാ-സോവിയററ് സാംസ്കാരിക വിനിമയ പരിപാടിപ്രകാരം, വിദ്യാഭ്യാസ

ശ്രീ. കെ. കാമരാജും അലക്സി കോസിഗിനും ക്രെംലിനിൽ ഒരു ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്നു.

മന്ത്രികാര്യാലയത്തിൻെറ ക്ഷണം സ്വീകരിച്ചു ഇന്ത്യയിൽ എത്തിയതാണ് അദ്ദേഹം.

ജൂലൈ 26: യുറാൾ മാഷ് പ്ലാൻറിൽ ഡിസൈൻ ചെയ്തതും, റാഞ്ചി ഹെവി എഞ്ചിനീയറിംഗ് പ്ളാൻറിൽ നിർമ്മിച്ചതുമായ ഒന്നാമത്തെ മണ്ണുമാന്തിയന്ത്രം (ടൈപ്പ് ഇ. കെ. ജി–4. 6) ഇന്ത്യൻ നാഷണൽ കോൾ കാർപ്പറേഷനെ ഔദ്യോഗികമായി ഏല്പിച്ചു. ഹെവി എഞ്ചനീയറിംഗ് പ്ലാൻറിൽ കൂട്ടിയിണക്കിയ ഇതേ മാതൃകയിലുള്ള രണ്ടു് മണ്ണുമാന്തിയന്ത്രങ്ങൾ കോർപ്പറേഷൻവക കൽക്കരിഖനികളിൽ പരീക്ഷിച്ചുകൊണ്ടിരിക്കയാണ്.

ജൂലൈ 27: ശ്രീ കാമരാജ് ലെനിൻഗ്രാഡിലെത്തിച്ചേർന്നു. ഫാസിസത്തിനെതിരായ യുദ്ധത്തിൽ മൃതിപ്പെട്ട ലെനിൻഗ്രാഡുകാരോടുള്ള ബഹുമാനാർത്ഥം, അദ്ദേഹം പിസ്കറോവസ്കായ മെമ്മോറിയൽ ശ്മശാനം സന്ദർശിക്കുകയും, സ്മാരകത്തിൽ റീത്തു സമർപ്പിക്കുകയും ചെയ്തു.

ജൂലൈ 28: സ്റ്റീം, ഹൈഡ്രോളിക്ക്, ഗ്യാസ് ടർബൈനുകളുടെ ഒന്നാം കിട സോവിയററ് നിർമ്മാതാക്കളായ ലെനിൻഗ്രാഡിലെ മെററൽ വർക്ക്സ് പ്ളാൻററിലെ സന്ദർശനവേളയിൽ ശ്രീ കാമരാജ് ഇപ്രകാരം പ്രസ്താവിച്ചു: ''വിദ്യുച്ഛക്തി വ്യവസായത്തിൻെറ വികസനത്തിൽ ഇന്ത്യ പരമാവധി ശ്രദ്ധ ചെലുത്തുന്നു. സോവിയററു് വിദ്യുച്ഛക്തി എഞ്ചിനീയറന്മാർ, ഇന്ത്യക്കു് ഗംഭീരമായ സഹായം നൽകിക്കൊണ്ടിരിക്കുന്നു''.

മേട്ടൂർ, ബാലിമേല, ഹിറാക്കുഡ്–2, ഒ. ബ്രാ, ഭക്ക്ഡാ–നാംഗൽ എന്നിവിടങ്ങളിലെ ഇന്ത്യൻവിദ്യുച്ഛക്തി സ്റ്റേഷനുകൾക്കുള്ള യന്ത്രസജ്ജീകരണങ്ങളെല്ലാം ലെനിൻഗ്രാഡിൽ നിന്നാണ് സപ്ലൈ ചെയ്യപ്പെട്ടതു്. റാണിപൂർ ഹെവി എഞ്ചിനീയറിംഗ് പ്ലാൻറിൻെറ നിർമ്മാണത്തിലും അതു സഹായം നൽകി വരുന്നു. എഴുപത്തിനാല്യ് ഇന്ത്യൻവിദഗ്ധന്മാർ മെററൽ വർക്ക്സ് പ്ലാൻറിൽ പരിശീലനാർത്ഥികളായി കഴിയുന്നു.

ജൂലൈ 29: സി. പി. എസ്. യു. കേന്ദ്രക്കമ്മിററി സെക്രട്ടറി, ലിയോനോഡ് ബ്രഷ്നേവുമായി ശ്രീ കാമരാജ് സംഭാഷണംനടത്തി. സംഭാഷണവേളയിൽ ''സാർവദേശീയ സ്ഥിതിഗതികളിലെ മർമ്മപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ചും, ഇന്ത്യയിലെയും സോവിയററു്യൂണിനിലേയും ജനതകൾ തമ്മിലുള്ള സൗഹൃദവും സഹകരണവും ഇനിയും ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക എന്ന പ്രശ്നത്തെക്കു

റിച്ചും. അഭിപ്രായ വിനിമയം നടത്തുകയുണ്ടായി'' എന്നു മോസ്കോവിൽ പുറപ്പെടുവിച്ച ഒരു കമ്യൂണിക്കയിൽ പറഞ്ഞിരിക്കുന്നു.

ജൂലൈ 30: ക്രെംലിനിൽ നടന്ന ഒരു ലഞ്ച് സൽക്കാരവേളയിൽ സംസാരിച്ചുകൊണ്ടു്, ശ്രീ കാമരാജ് വിയററ്നാം യുദ്ധത്തിനു് ഒരു അന്ത്യം കുറിക്കണമെന്നാവശ്യപ്പെട്ടു. ''ഈ യുദ്ധം ഇങ്ങിനെ വലുതായിക്കൊണ്ടിരുന്നാൽ, അതിൻെറ വ്യാപ്തി എവിടംവരെ എത്തുമെന്നു് ആർക്കും പറയാൻ സാദ്ധ്യമല്ല'' എന്നദ്ദേഹം പ്രസ്താവിച്ചു.

★ ഈ സന്ദർശനം 'സോവിയററ്–ഇന്ത്യൻ സൗഹൃദത്തിനും ലോകസമാധാനലക്ഷ്യത്തിനുമുള്ള മറൊരു സംഭാവനയായിത്തീരുമെന്നു'' ള്ള ആത്മവിശ്വാസമാണു്, ശ്രീ കാമരാജിൻെറ സന്ദർശന ഫലങ്ങൾ നിരൂപണം ചെയ്തുകൊണ്ടു് ''പ്രവ്ദ'' പ്രകടിപ്പിച്ചതു്.

ആഗസ്റ്റ്

ആഗസ്റ്റ് 14. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൻെറ 19–ാം വാർഷികത്തിൻെറ തലേന്നാൾ, ന്യൂദൽഹിയിൽ സോവിയററു് പുസ്തകങ്ങളുടെയും പോസ്റ്ററുകളുടെയും ചിത്രങ്ങളുടെയും ഒരു പ്രദർശനം ഇന്ത്യൻ വിദ്യാഭ്യാസ വകുപ്പിൻെറ സിക്രട്ടറി മി: പ്രേംകൃപാൽ ഉദ്ഘാടനം ചെയ്തു. 1200–ലേറെ ഉരുപ്പടികൾ പ്രദർശിപ്പിക്കപ്പെട്ടു.

ആഗസ്റ്റ് 5. യശശ്ശരീരനായ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുടെ സ്മരണയ്ക്കായി സ്ഥാപിക്കപ്പെടുന്ന ഒരു സ്തംഭത്തിൻെറ ഏററവും നല്ല ഡിസൈനിന്നുള്ള ഒരു മത്സരം ഉസ്ബെക്ക് സംസ്ക്കാരകാര്യമന്ത്രി പ്രഖ്യാപിച്ചു.

1966 ജനുവരിയിൽ പ്രസിഡണ്ടു് അയ്യൂബ്ഖാനുമായുണ്ടായ വിജയപര്യവസായിയായ സംഭാഷണത്തെത്തുടർന്നു് താഷ്ക്കണ്ടിൽ വെച്ചു് അന്തരിച്ച ലാൽബഹദൂർ ശാസ്ത്രിയുടെ സ്മരണ നിലനിർത്തുന്നതിന്നുള്ള സോവിയററു് ഗവണ്മെണ്ടിൻെറ നിശ്ചയമനുസരിച്ചാണു് ഈ മത്സരം ഏർപ്പെടുത്തപ്പെട്ടതു്. ഉസ്ബെക്ക് തലസ്ഥാനത്തെ ഒരു പ്രധാന വീഥിക്കു് ശാസ്ത്രിജിയുടെ പേരു് നൽകിക്കഴിഞ്ഞിരിക്കുന്നു.

ആഗസ്റ്റ് 17. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 19-ാം വാർഷികം പ്രമാണിച്ച് മോസ്കോവിൽ ഒരു സുഹൃദ് സമ്മേളനം ചേർന്നു. ഇന്ത്യയുടെ ചാർജ്ജ് ദി അഫയേഴ്സ് മി. ആർ. ജയ്പാൽ തദവസരത്തിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു: "സോവിയററ് സൗഹൃദവും സഹകരണവും ഞങ്ങളുടെ ഭാവിക്ക് അത്യാവശ്യമാണ്. അവ ഞങ്ങളുടെ വികസനത്തെ സുകരമാക്കുകയും സാമ്പത്തിക സ്വാതന്ത്ര്യത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു."

മസ്കവാനദീതീരത്ത് ഗോർക്കീപാർക്കിൽ ഇന്ത്യയെസ്സംബന്ധിച്ച ഒരു ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്യപ്പെട്ടു.

★ ലെനിൻഗ്രാഡിലെ സൗഹൃദഭവനത്തിൽ ബോംബെയിലെ പ്രസിദ്ധചിത്രകാരനായ ധോളേക്കർ വരച്ച ചിത്രങ്ങളുടെ ഒരു പ്രദർശനം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഭാരതീയ ജീവിതത്തിന്റെ ഒരു വിശാല ദൃശ്യം നൽകുന്ന 70 ചിത്രങ്ങളുണ്ടായിരുന്നു അതിൽ.

ആഗസ്റ്റ് 18. വയലുകളിൽ കീടനാശിനി മരുന്ന് തളിക്കുന്നതിനുള്ള സോവിയററ് കാർഷികവിമാനം — 'എ എൻ-2 എം' — ലാഹോറിൽ നിന്നു് ദൽഹിയിലെത്തി. ഈ വിമാനത്തിന്റെ അന്യാദൃശമായ ഒരു സവിശേഷത കൃഷിപ്പണിയില്ലാത്തപ്പോൾ യാത്രാവിമാനമാക്കി മാററാമെന്നുള്ളതാണ്, ആംബുലൻസ് വിമാനമായും അതുപയോഗിക്കാം.

★ കല്ക്കത്തയിൽ നിന്നു 50 നാഴിക അകലെ ബോദ്രായിൽ എണ്ണ—പ്രകൃതിവാതകകമ്മീഷൺ സോവിയററ് സാങ്കേതിക സഹായത്തോടെ ആരംഭിച്ച ഡ്രില്ലിംഗ് ഓപ്പറേഷൻ പശ്ചിമബംഗാൾ മുഖ്യമന്ത്രി മി. പി. സി. സെൻ ഉദ്ഘാടനം ചെയ്തു. "ഉറൽമാഷ്-3 ഡി" എന്ന സോവിയററു് ഓയിൽ റിഗ് 24 പർഗാനകളിലെ നെൽവയലുകൾക്കു് നടുവിലായി സ്ഥാപിക്കപ്പെട്ടു.

ആഗസ്റ്റ് 20. ഇന്ത്യയിലെ കുട്ടികൾക്കു് സോവിയററ് ജനതയിൽ നിന്നുള്ള ഭക്ഷണ സംഭാവനയുമായി ഒരു സോവിയററ് കപ്പൽ കല്ക്കത്താ തുറമുഖത്തെത്തി. "മുറോം" എന്ന പ്രസ്തുത കപ്പലിന്റെ കപ്പിത്താൻ എൽ. ഷിൻ ചിക്കിന്റെ അഭിപ്രായത്തിൽ ബേബീ ഫുഡ് പാക്കററുകളുടെ 3041 പെട്ടികളും അരിഭക്ഷണത്തിന്റെ 2000 പെട്ടികളുമടങ്ങിയ ഒരു കൺസൈൻമൻറായിരുന്നു അതു്. പക്ഷെ, കപ്പലിലുണ്ടായിരുന്ന മുഖ്യാംശം ഇന്ത്യയിൽ സോവിയററ് സഹായത്തോടെ നടത്തപ്പെടുന്ന പദ്ധതികൾക്കു് വേണ്ട യന്ത്രസജ്ജീകരണങ്ങളും രാസവളവുമായിരുന്നു.

സോവിയററ് യൂണിയനിൽ നിന്നു് 10,000 ടൺ ഭക്ഷണസംഭാവനകളുള്ള ഒരു കരാറിൽ ഇരു ഗവണ്മെണ്ടുകളും 1966 മാർച്ചിൽ ഒപ്പുവെച്ചിരുന്നു. അതനുസരിച്ചു് ബോംബെ, കല്ക്കത്താ തുറമുഖങ്ങളിൽ നേരത്തെ രണ്ടു കൺസൈൻമെൻറുകൾ എത്തിയിട്ടുണ്ടു്. മൂന്നാമത്തേതാണിതു്.

ആഗസ്റ്റ് 22. പ്രശസ്തരായ രണ്ടു സോവിയററ് സസ്യശാസ്ത്രജ്ഞർ — ഡോ. വ്ളാദിമീർ ഹ്വജനോവ്സ്കി, ഡി. എസ്. സി., മിസ്സിസ് നീനാ സ്ക്കോളോവാ, പി. എച്ച്. ഡി. — ഇന്ത്യാ–സോവിയററ് സംസ്കാര-ശാസ്ത്രവിനിമയ പരിപാടി അനുസരിച്ചുള്ള ഒരു സന്ദർശനത്തിന്നു് ഇന്ത്യയിലെത്തി. യൂനിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻെറ അതിഥികളെന്ന നിലയിൽ അവർക്കു് എട്ടു് ആഴ്ചത്തെ പരിപാടിയാണുണ്ടായിരുന്നതു്.

★ ഇന്ത്യയിലെ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ ഫെഡറേഷൻെറ പ്രതിനിധി ഡോ. റാണഡെ മോസ്കോവിൽ സോവിയററു് ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ എഴാം കോൺഗ്രസ്സിൽ സംബന്ധി

ആഫ്രോ ഏഷ്യൻ സാഹിത്യകാരക്കുവേണ്ടിയുള്ള സോവിയററ് ലെയിസൺ കമ്മിററിയുടെ ഒരു യോഗം ബക്കു (അസർബൈജാൻ) വിൽ 1966 ആഗസ്റ്റിൽ ചേന്നു. ചിത്രത്തിൽ കാണുന്നതു് ഇന്ത്യൻ ഡെലിഗേഷൻ നേതാവു് ശ്രീ. ഗുരുമുഖ്സിങ്ങ്മുസാഫിർ പ്രസംഗവേദിയിൽ നില്ക്കുന്നതാണു്.

ച്ചു. മോസ്കോവിലെ കോ–ഓപ്പറേട്ടീവ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഇന്ത്യൻ വിദ്യാർത്ഥികളെ അയക്കാൻ അവസരം നൽകിയതിന്ന് സോവിയററ് സംഘങ്ങളുടെ കേന്ദ്രയൂണിയനോട്ട് അദ്ദേഹം കൃതജ്ഞത പ്രകാശിപ്പിച്ചു. സോവിയററ് യൂണിയനിലെ സഹകരണ പ്രസ്ഥാനവുമായി ഇനിയും അടുത്ത സമ്പർക്കം പുലത്തുന്നതിന്നു വേണ്ടിയാണ് തങ്ങൾ നിലകൊള്ളുന്നതെന്നദ്ദേഹം പ്രസ്താവിച്ചു.

★ സോവിയററ് സഹകരണസംഘങ്ങളുടെ കേന്ദ്രയൂണിയൻ നല്കിയ ഒരു സ്കോളർഷിപ്പിൽ ഒരു വർഷത്തെ പരിശീലനത്തിൽ ചേരാൻ പശ്ചിമബംഗാൾ കോ–ഓപ്പറേട്ടീവ് അസിസ്റ്റാണ്ടു് റജിസ്ട്രാറായ മി. സനത്കുമാർ ബക്ഷി മോസ്കോവിലേക്കു പുറപ്പെട്ടു.

ആഗസ്റ്റ് 26 'എ എൻ–2 എം' എന്ന സോവിയററ് കാർഷിക വിമാനം മദിരാശി സംസ്ഥാനത്തെ തെൻ ആർക്കാട്ട് ജില്ലയിൽ, പുഴുക്കേട്ട് ബാധിച്ച 18,000 ഏക്ര നിലക്കടല വിളക്കു് മരുന്നുതളി ആരംഭിച്ചു

ആഗസ്റ്റ് 27. ന്യൂ ദൽഹിയിൽ വിഥൽഭായി പട്ടേൽ ഹൗസിൽ റഷ്യൻ പഠന ഇൻസ്റ്റിററ്യൂട്ടിൻെറ ആഭിമുഖത്തിൽ ടോൾസ്റ്റോയി ദിനമാചരിക്കപ്പെട്ടു. മഹാചിന്തകനും എഴുത്തുകാരനുമെന്ന നിലയിൽ ലിയോ ടോൾസ്റ്റോയി പ്രകീർത്തിക്കപ്പെട്ടു

ആഗസ്റ്റ് 29. ആഫ്രോ–ഏഷ്യൻ എഴുത്തുകാരുമായി ബന്ധം പുലത്തുന്നതിന്നുള്ള സോവിയററ് കമ്മിററിയുടെ വിപുലീകൃതസമ്മേളനം കാസ്പിയൻ കടൽ തീരത്തു് സോവിയററ് അസർബയിജാൻെറ തലസ്ഥാനമായ ബക്കുവിൽ ആരംഭിച്ചു. ഇന്ത്യയിൽ നിന്നു് ഗിയാനി ഗുരുമുഖ്സിംഗ് മുസാഫിർ, മുൽക്കരാജ് ആനന്ദ്, അലീ സർദാർ ജാഫരി എന്നിവരുരടങ്ങിയ ഒരു പ്രതിനിധി സംഘം അതിൽ സംബന്ധിച്ചു.

ആഗസ്റ്റ് 30. ഇന്ത്യയുടെ പുതിയ അമ്പാസ്സിഡർ മി. കേവൽ സിംഗ് മോസ്കോവിലെത്തി. "നമ്മുടെ ഇരു രാജ്യങ്ങളും തമ്മിൽ സൗഹൃദവും സഹകരണവും ശക്തിപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിന്നു് ഇന്ത്യയും സോവിയററുയൂണിയനും അതീവപ്രാധാന്യം കല്പിക്കുന്നു. സുദീർഘവും ഉദാത്തവുമായ പാരമ്പര്യമാണു് ഈ മൈത്രീബന്ധത്തിന്നുള്ളതു്," എന്നു് മി. കേവൽസിംഗ് ശെർമെറേറ്യവോ വിമാനത്താവളത്തിൽ വെച്ചു് ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചു.

സപ്തംബർ

സപ്തംബർ 2. സോവിയററ് യൂണിയന്റെ സാങ്കേതിക സഹായത്തോടെ മേട്ടൂരിൽ നിർമ്മിക്കപ്പെട്ട 2,00 000 കിലോവാട്ട് ഹൈഡ്രോപവർ സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചു. 50,000 കിലോവാട്ട വീതം ഉല്പാദനശേഷിയുള്ള 4 വിഭാഗങ്ങളാണ് ഈ സ്റ്റേഷനുള്ളത്. അവ മദിരാശി സംസ്ഥാനത്തിലെ പൊതു വൈദ്യുതവിധാനവുമായി ബന്ധിക്കപ്പെട്ടു.

★ മദിരാശിയിൽ സോവിയററ് സഹായത്തോടെ സ്ഥാപിക്കപ്പെട്ട ശസ്ത്രക്രിയോപകരണനിർമ്മാണശാല അതിന്റെ പ്രഥമവർഷത്തിൽ 100 വ്യത്യസ്ത തരങ്ങളിൽപ്പെട്ട 4 ലക്ഷത്തിൽ പരം ശസ്ത്രക്രിയോപകരണങ്ങൾ നിർമ്മിച്ചതായി അറിയിപ്പുണ്ടായി.

സോവിയററ് ഡിസൈൻ പ്രകാരം നിർമ്മിക്കപ്പെട്ട ഉപകരണങ്ങൾ ലോകത്തിൽ ഉത്തമോപകരണങ്ങളിൽ പെട്ടവയാണെന്നു "ഇന്ത്യൻ ഡ്രഗ്സ് ആണ്ട് ഫാർമസ്യൂട്ടിക്കൽസ് ലിമിററഡി"ന്റെ ചെയർമാൻ മി. ആർ എ. ബഹ്ൽ മദിരാശിയിൽ വെച്ച് പത്രപ്രതിനിധികളോടു് പറഞ്ഞു.

★ സോവിയററ് യൂണിയനിൽ നിന്നുള്ള ഒരു റിസർച്ച് സ്കോളറും സാമ്പത്തികഭൂമിശാസ്ത്രജ്ഞയുമായ ഡോ. (മിസ്സിസ്) ഗലീനാ ദാസി യൂക്ക യൂനിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷന്റെ അതിഥി എന്ന നിലയിൽ ഇന്ത്യയിൽ എട്ട് ആഴ്ചക്കാലത്തെ പര്യടനം പൂർത്തിയാക്കി.

★ ഭിലായി ഉരുക്കു് നിർമ്മാണശാലയുടെ നാലാമത്തെ ബ്ലാസ്റ്റ് ഫർണസ് ഒന്നാമത്തെ 10 ലക്ഷം ടൺ പച്ചിരുമ്പ് ഉല്പാദനം പൂർത്തിയാക്കി. 1965 ഡിസമ്പറിലാണ്, സോവിയററ് യൂണിയനിൽ നിന്നുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായത്തോടെ നിർവ്വഹിക്കപ്പെട്ട വികസനപരിപാടിയനുസരിച്ച്, പ്രസ്തുത ഫർണസ് പ്രവർത്തനമാരംഭിച്ചതു്.

സപ്തംബർ 6. അമ്പതു് ഇന്ത്യൻ വൈമാനികർ സോവിയററ് യൂണിയനിൽ തങ്ങളുടെ പരിശീലനം പൂർത്തിയാക്കി ഇന്ത്യ സോവിയററ് യൂണിയനിൽ നിന്നു വിലക്കുവാങ്ങിയ 'ടി യു–124' എന്ന ജെററ് വിമാനങ്ങൾ ഓട്ടാൻ അവർ പഠിച്ചു.

★ ഇന്ത്യൻ മൈൻ വർക്കേഴ്സ് ഫെഡറേഷന്റെ ജനറൽ സിക്രട്ടറി മി. കല്യാൺറോയിയും ആൾ ഇന്ത്യ മൈനേഴ്സ് ഫെഡറേഷന്റെ

ജനറൽ സിക്രട്ടറി മി. മഹേശ് ദേശായിയും സോവിയററ് യൂണിയനിൽ രണ്ടാഴ്ച കാലത്തെ പര്യടനം പൂർത്തിയാക്കി സ്വദേശത്തേക്ക് മടങ്ങി. സോവിയററ് യൂണിയനിൽ ഓരോ ഖനിക്കും വിദഗ്ദ്ധ ഡോക്ടർമാരോടുകൂടിയ സ്വന്തം പ്രഥമ ശുശ്രൂഷാനിലയങ്ങളുണ്ടെന്ന വസ്തുത ഈ ഇന്ത്യൻ ട്രേഡ് യൂണിയൻ നേതാക്കളെ പ്രത്യേകം ആകർഷിക്കുകയുണ്ടായി.

സോവിയററ് യൂണിയനിലെ ഇന്ത്യൻ അംബാസ്സഡർ ശ്രീ. കേവൽസിങ്ങും, സുപ്രീംസോവിയററ് പ്രസീഡിയത്തിൻെറ ഉപാദ്ധ്യക്ഷൻ കെ എഫ് ഇല്യാഷങ്കോവും.

സപ്തമ്പർ 9. പുതിയ അമ്പാസ്സിഡർ കേവൽസിംഗ് ക്രംലിനിൽ വെച്ച് വൈസ്പ്രസിഡണ്ട് കിറിൽ ഇല്യാഷെങ്കോവിന്ന് പ്രമാണ പത്രങ്ങൾ സമർപ്പിച്ചു.

സപ്തമ്പർ 11: ഭൂമിയിൽ ഏററവും അധികം ഉഷ്ണമുള്ള പ്രദേശങ്ങളിലൊന്നായ രാജസ്ഥാൻ താറ് മരുഭൂമിയിൽ ഗണ്യമായ അളവിൽ നിലം നനയ്ക്കുവാൻ വേണ്ടത്ര വെള്ളം കിട്ടുമെന്നു' ഒരു സോവിയററ് മണ്ണു വിദഗ്ധനായ ഡോ. ബ്ലുഗോവെഷ്ചെൻസ്കി അവകാശപ്പെട്ടു.

ഈ മരുഭൂമിയിലെ മണ്ണിലുള്ള ഈർപ്പത്തെപ്പററി ഡോക്ടർ ബ്ലുഗോവെഷ്ചെൻസ്കി ഇന്ത്യൻ സഹപ്രവർത്തകരോടൊപ്പം രണ്ടു കൊല്ലക്കാലം പഠനം നടത്തുകയുണ്ടായി. ഈ വിഷയത്തെ അധികരിച്ച് ഒരു പുസ്തകം അദ്ദേഹം ദുശാൻബെയിൽ പ്രസിദ്ധപ്പെടുത്തി. താറ് മരുഭൂമിയുടെ വടക്കു പടിഞ്ഞാറെ ഭാഗത്ത് 15 മുതൽ 30 വരെ മീററർ ആഴത്തിൽ നല്ല തെളിവെള്ളമോ അല്പം ഓർപ്പുളിയുള്ള വെള്ളമോ ധാരാളമുണ്ടെന്നും അതു് ജലസേചനത്തിനുപയോഗപ്പെടുത്താവുന്നതാണെന്നും പ്രസ്തുത പുസ്തകത്തിൽ അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു.

സപ്തമ്പർ 12: സോവിയററ് യൂണിയൻെറ ധനപരവും സാങ്കേതികവുമായ സഹായത്തോടെ രാജസ്ഥാനിലെ കോട്ടായിൽ പബ്ലിക്കുസെക്ടറിൽ സ്ഥാപിക്കപ്പെട്ട പ്ലാൻറിൽ അതിസൂക്ഷ്മോപകരണങ്ങളുടെ ഉല്പാദനത്തിനുവേണ്ട സാങ്കേതികവിജ്ഞാനം നല്കുന്ന ഒരു കരാറ് ന്യൂദൽഹിയിൽ ഒപ്പുവെക്കപ്പെട്ടു. ഇതോടെ കോട്ടാപ്ലാൻറ് സംബന്ധിച്ച എല്ലാചടങ്ങുകളും പൂർത്തിയായി.

സപ്തമ്പർ 13: സോവിയററ്–ഇന്ത്യൻ സാംസ്കാരികബന്ധസംഘത്തിൻെറ നിർവ്വാഹകസമിതിയുടെ ഒരു യോഗം മോസ്കോവിലെ സൗഹൃദഭവനിൽചേർന്നു. സോവിയററ് റിപ്പബ്ലിക്കുകളിലെ സൗഹൃദസംഘങ്ങളും ഇന്ത്യൻ സംസ്ഥാനങ്ങളിലെ സൗഹൃദസംഘങ്ങളും തമ്മിൽ ഇയ്യിടെയായി സ്ഥാപിക്കപ്പെട്ട നേരിട്ടുള്ള ബന്ധങ്ങളുടെ സൽഫലത്തെപ്പററി സോവിയററ് സംഘത്തിൻെറ ഉപാദ്ധ്യക്ഷൻ പ്രൊ: ബലാബുഷേവിച്ച് സംസാരിച്ചു.

സപ്തമ്പർ 14: 'ഇസ്കസി'ൻെറ അദ്ധ്യക്ഷനും മുൻ ഇന്ത്യൻ അമ്പാസ്സിഡറുമായ മി. കെ. പി. എസ്സ്. മേനോനും പത്നിയും വിദേശരാജ്യങ്ങളുമായുള്ള സൗഹൃദ–സാംസ്കാരികബന്ധത്തിനുള്ള സോവിയററ് സംഘടനയുടെ ക്ഷണം സ്വീകരിച്ച് മോസ്കോവിലെത്തി.

★ സോവിയററ് ആഫ്രോ–ഏഷ്യൻ സോളിഡാരിററി കമ്മിററിയുടെ ഒരു മൂന്നംഗപ്രതിനിധിസംഘം, കമ്മിററിയുടെ ഉപാദ്ധ്യക്ഷ മിസ്സിസ് സുലൈഖാ ഇസ്മായിൽകിസീ ഹുസൈനോവായുടെ നേതൃത്വത്തിൽ,

ഇന്ത്യൻ ആഫ്രോ–ഏഷ്യൻ സോളിഡാരിററി അസോസിയേഷൻെറ ക്ഷണമനുസരിച്ച്, ഇന്ത്യയിലെത്തി. പ്രതിനിധിസംഘം രണ്ടാഴ്ചക്കാലം ഇന്ത്യയിൽ പര്യടനം നടത്തി.

★ മോസ്കോവിലെ പാട്രീസ് ലുമുംബാ യൂണിവേഴ്സിററിയിൽ വിവിധവിഷയങ്ങളിൽ ബിരുദാനന്തരപഠനത്തിന്നുവേണ്ടി ഇന്ത്യയിൽനിന്ന് ബിരുദധാരികളും ബിരുധാനന്തരവിദ്യാർത്ഥികളുമടങ്ങിയ 45 പേരുടെ ഒരു സംഘം സോവിയററു യൂണിയനിലേക്കു് പുറപ്പെട്ടു. അവർ അഞ്ചുവർഷം അവിടെ താമസിക്കും.

സപ്തമ്പർ 16: ഇന്ത്യൻ കരസേനാമേധാവി ജനറൽ പി. പി. കുമരമംഗലം, സോവിയററ് സായുധസേനാമേധാവി മാർഷൽ എം. വി.. സഹറോവിൻെറ ക്ഷണമനുസരിച്ച്, സോവിയററ് യൂണിയനിൽ രണ്ടാഴ്ചക്കാലത്തെ സുഹൃദസന്ദർശനാർത്ഥം, മോസ്കോവിലെത്തി.

★ നെയ്‌വേലി തെർമ്മൽ പവർസ്റ്റേഷൻെറ മൂന്നാംഘട്ടത്തിന്നുവേണ്ട സോവിയററു യന്ത്രസാമഗ്രികളുടെ സപ്ലൈ സംബന്ധിച്ച് നെയ്‌വേലി കോർപ്പറേഷനും മോസ്കോവിലെ "ടെക്നോ പ്രോമെക്സ്പോർട്ട്" തമ്മിൽ ഒരു കരാർ ന്യൂഡൽഹിയിൽ ഒപ്പുവെക്കപ്പെട്ടു. സോവിയററ് യൂണിയൻെറ സാമ്പത്തികവും സാങ്കേതികവുമായ സഹായത്തോടുകൂടി നിർമ്മിക്കപ്പെടുന്ന വിദ്യുച്ഛക്തിനിലയമാണല്ലോ ഇതു്.

സപ്തമ്പർ 21: 'ഇസ്കസ'െൻെറ പശ്ചിമബങ്കാൾ ശാഖയുടെ പ്രസിഡണ്ട് ഡോ. സുനീതികുമാർ ചാററർജിയും ഒരു പ്രമുഖ പഞ്ചാബി കവയിത്രിയായ അമൃതപ്രീതവും സോവിയററ് എഴുത്തുകാരുടെ സംഘടനയുടെ ക്ഷണം സ്വീകരിച്ച്, ജോർജ്ജിയൻ മഹാകവി ശോത്താറുസ്താവേലിയുടെ 800-ാം വാർഷികാഘോഷത്തിൽ സംബന്ധിക്കുവാൻ, സോവിയററ് യൂണിയനിലേക്കു പുറപ്പെട്ടു.

സപ്തമ്പർ 22: ശ്രീമതി ലളിതാശാസ്ത്രി പുത്രപൗത്രരോടും മററു കുടുംബാംഗങ്ങളോടുംകൂടി ഉസ്ബെക്ക ഗവണ്മെണ്ടിൻെറ ആതിഥ്യം സ്വീകരിച്ച് താഷ്കണ്ടിലെത്തി. സോവിയററ് ഗവണ്മെണ്ട പ്രത്യേകമായേർപ്പെടുത്തിയ വിമാനത്തിലാണ് അവർ പോയതും വന്നതും. ഉസ്ബെക്കു റിപ്പബ്ലിക്കിൻെറ അദ്ധ്യക്ഷ യാദ്ഗാർ നസ്റിദ്ദിനോവായും മററുദ്യോഗസ്ഥന്മാരും ഇന്ത്യൻ എമ്പസ്സി സ്റ്റാഫംഗങ്ങളും അവരെ സ്വീകരിച്ചു.

★ ഒറീസ്സയിൽ സിലേരു നദീതീരത്തു് സ്ഥിതിചെയ്യുന്ന ബാലിമേലയിലെ ജലവൈദ്യുത പദ്ധതിക്കുവേണ്ടിയുള്ള പ്രഥമ രൂപരേഖകൾ ലെ

ശോതാറുസ്താവേലിയുടെ 800-ാം വാർഷികം പ്രമാണിച്ചുള്ള "ജോർജിയൻ സംസ്കാരത്തിൻെറ" ഒരു പ്രദർശനഗറിൽ. ഇടത്തുനിന്നു വലത്തോട്ട്: അക്കാദമീഷ്യൻ ഷൽവാ അമീറാനാഷ്പിലി, നടാദോസാസിനാ, (ഒരു ദ്വിഭാഷി) ഇന്ത്യൻ സാഹിത്യകാരനായ സുനീതികമാർ ചാററർജി, പ്രൊഫസർ ഷോട്ടാസിദ്സിഗുരി, ഇന്ത്യൻ കവയിത്രി അമൃതപ്രീതം.

നിൻഗ്രാഡിലെ "ഗിഡ്രോപ്രോയെക്ത്" ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തിയാക്കി. ഈ പ്രോജക്റ്റിന്ന് 5 ജനറേറ്റിംഗ സെററുകളുണ്ടാകം 60,000 കിലോവാട്ടായിരിക്കും ഓരോന്നിൻെറയും ഉല്പാദനശേഷി. ലെനിൻഗ്രാഡ് മെററൽ വർക്കിംഗ് പ്ലാൻറും "എലക്ട്രോസിലാ" പ്ലാൻറുമാണ് ഇതിന്നുവേണ്ട ടർബൈനുകളും ജനറേറ്ററുകളും നൽകുക.

★ ഝുമൻ ഖോജാമൽ എഴുതിയ "ഇന്ത്യാചരിത്രം" ഇദംപ്രഥമമായി യെറെവാനിൽ (സോവിയററ് ആർമീനിയ) അടുത്തു് പ്രസിദ്ധപ്പെടുത്തു

മെന്നു് അറിയിപ്പുണ്ടായി. 18-ാം നൂററാണ്ടിൻെറ തായ ഒരപൂർവ്വ ചരിത്രഗ്രന്ഥമാണിതു്. അന്നത്തെ സംഭവങ്ങൾക്കു് ദൃക്സാക്ഷിയായിരുന്ന ഗ്രന്ഥകർത്താവു് ബ്രിട്ടീഷുകാക്കെതിരായ ദേശീയവിമോചനസമരത്തിൻെറ പ്രഥമ കാലഘട്ടത്തെപ്പററി പ്രതിപാദിക്കുന്നു.

സപ്തംബർ 23; സോവിയററ് വിദേശകാര്യ ഉപമന്ത്രി എൽ. പി. ഫിദ്യുബിൻ മൂന്നുദിവസത്തെ സന്ദർശനത്തിനുശേഷം ന്യൂ ദൽഹിവിട്ടു. ദൽഹിയിലെ താമസത്തിനിടയിൽ അദ്ദേഹം പ്രസിഡണ്ടു് രാധാകൃഷ്ണനുമായി സംഭാഷണം നടത്തി. അമ്പാസ്സിഡർ ബെനെദിക്തോവും തദവസരത്തിൽ സന്നിഹിതനായിരുന്നു.

സപ്തംബർ 25: യുനെസ്കോവിനുവേണ്ടിയുള്ള യു എസ് എസ് ആർ നേഷനൽ കമ്മീഷൻെറ പൗരസ്ത്യ-പാശ്ചാത്യകമ്മിററിയുടെ ചെയർമാൻ പ്രൊ. ബി. ജി. ഗഫൂറോവ് ജവഹർലാൽ നെഹ്രുവെ സ്സംബന്ധിച്ച സാർവ്വദേശിയ വട്ടമേശസമ്മേളനത്തിൽ സംബന്ധിക്കുന്നതിന്നു് ന്യൂ ദൽഹിയിലെത്തി. യുനെസ്കോവാണു് സമ്മേളനം വിളിച്ചുകൂട്ടിയതു്.

സപ്തംബർ 26: "ചാമ്പലിന്നടിയിലെ തീക്കനലുകൾ" എന്നപേരിൽ യശ്പാലിൻെറ ഒരു കഥാസമഹാരം 50,000 പ്രതികളായി ലെനിൻഗ്രാഡിൽ പ്രസിദ്ധപ്പെടുത്തി. ഇതിലെ 27 ചെറുകഥകളിൽ രണ്ടെണ്ണം മാത്രമേ നേരത്തെ റഷ്യനിലേക്കു തർജ്ജമ ചെയ്തിരുന്നുള്ളു.

സപ്തംബർ 27· ഇന്ത്യൻ ആരോഗ്യമന്ത്രികാര്യാലയത്തിൻെറ നാട്ടുവൈദ്യവകുപ്പ് ഉപദേഷ്ടാവായ ഡോ സി. ദ്വാരകനാഥ് പുരാതനഭാരതീയ വൈദ്യമുറകളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും ഭാരതത്തിൻെറ മണ്ണിൽ പണ്ടു് ഉപയോഗത്തിലുണ്ടായിരുന്ന മരുന്നുപാത്രങ്ങളുടേയും ശസ്ത്രക്രിയോപകരണങ്ങളുടേയും പടങ്ങളടങ്ങിയ ഒരു ആൽബവും മോസ്കോവിലെ അഖിലസോവിയററ് ആരോഗ്യശാസ്ത്രഗവേഷകഇൻസ്റ്റിററ്യൂട്ടിന്നു സമ്മാനിച്ചു.

★ ദേരാഡ്യൂണിൽ നിന്നുള്ള വിദ്യാഭ്യാസപ്രവത്തകരായ റോയിദമ്പതികൾ അസർബയിജാൻ റിപ്പബ്ലിക്കിൻെറ ക്ഷണമനുസരിച്ചു് സോവിയററ് യൂണിയനിൽ ഒരു സന്ദശർനം നടത്തി. കുട്ടികളുടെ കാര്യത്തിൽ സോവിയററ് ഗവണ്മെണ്ടു പ്രദ ശിപ്പിക്കുന്ന താല്പര്യം അവരെ വിശേഷാൽ ആകർഷിച്ചു.

സപ്തമ്പർ 28: മി. അസീസ് മഹാപത്രയുടെ നേതൃത്വത്തിൽ അഖിലേന്ത്യാ യുവജനഫെഡറേഷൻേറയും അഖിലേന്ത്യാ വിദ്യാർത്ഥിഫെഡറേഷൻേറയും ഒരു നാലംഗപ്രതിനിധിസംഘം സോവിയററ് യുവജനസംഘടനകളുടെ കേന്ദ്രസമിതിയുടെ ക്ഷണമനുസരിച്ച് സോവിയററ് യൂണിയനിൽ നടത്തിയ സന്ദർശനം അവസാനിച്ചു.

ഒക്ടോബർ

ഒക്ടോബർ 3: ജവഹർലാൽ നെഹ്രുവെസ്സംബന്ധിച്ച, നാലുദിവസത്തെ വട്ടമേശസമ്മേളനം വലിയ വിജയമായിരുന്നെന്ന് പ്രൊഃ ബി. ജി. ഗഫൂറോവ് ന്യൂ ദൽഹിയിൽവെച്ച് പ്രസ്താവിച്ചു.

★ ഹിന്ദ്മസ്ദൂർ സഭയുടെ ഒരു പ്രതിനിധിസംഘം അതിൻെറ ജനറൽ സിക്രട്ടറി മനോഹർ കോത്വാലിൻെറ നേതൃത്വത്തിൽ സോവിയററ് യൂണിയനിൽ ഒരു പര്യടനം നടത്തി.

ഒക്ടോബർ 7: "ഇല്ലസ്ട്രേററഡ് വീക്കിലി ഓഫ് ഇന്ത്യ"യുടെ പത്രാധിപർ മി. എ. എസ്. രാമൻ മോസ്കോവിലെ നവോസ്തി പ്രസ്സ് ഏജൻസി ഓഫീസ് സന്ദർശിച്ചു. ഏജൻസിയുടെ ഡപ്യൂട്ടി ചെയർമാൻ വി. എൻ. സായിച്ചിക്കോവ് അദ്ദേഹത്തെ സ്വീകരിച്ചു.

★ മി. രണേൻ സെന്നിൻെറ നേതൃത്വത്തിൽ ഒരു എ. ഐ. ടി. യു. സി. പ്രതിനിധിസംഘം മോസ്കോവിലെത്തി, അഖിലസോവിയററു ട്രേഡ്യൂണിയൻ സെൻട്രൽ കൌൺസിലിൻെറ ക്ഷണമനുസരിച്ച് രണ്ടാഴ്ചത്തെ സൗഹൃദസന്ദർശനത്തിന്ന്.

ഒക്ടോബർ 8: സമാധാനപരമായ സഹവർത്തിത്വ നയം മുറുകെപ്പിടിക്കുന്ന ഇന്ത്യയ്ക്കും സോവിയററുയൂണിയനും ലോകസ്ഥിതി മെച്ചപ്പെടുത്തുന്നതിന്ന് കൂട്ടായി ഒട്ടധികം ചെയ്യാൻ കഴിയുമെന്ന് ഇന്ത്യയുടെ വിദേശകാര്യസ്റ്റേററ്മന്ത്രി മി. ദിനേശ്സിംഗ് പ്രസ്താവിച്ചു. ന്യൂദൽഹിയിൽ വിഥൽഭായി പട്ടേൽഹൗസിൽ 'ഇസ്കസ'ിൻെറ ദൽഹിശാഖയുടെ നാലാം സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മേജർ ജനറൽ എസ്. എസ്. സോഖെ അദ്ധ്യക്ഷതവഹിച്ചു.

സോവിയററു് അമ്പാസ്സിഡർ ബെനെദിക്തോവ്യ് സമ്മേളനത്തിൽ പ്രസംഗിച്ചു. ഇന്ത്യയും സോവിയററുയൂണിയനും തമ്മിലുള്ള മൈത്രീബന്ധം ദൃഢതരമാക്കുന്നതിൽ പ്രധാനനാഴിക്കല്ലുകളാണു് ഇന്ദിരാഗാന്ധിയുടേയും കാമരാജിൻേറയും ഇയ്യിടത്തെ സോവിയററുസന്ദർശങ്ങളെന്നു് അദ്ദേഹം പറഞ്ഞു

ഒക്ടോബർ 11: ഇന്ത്യാ-സോവിയററു സാംസ്കാരിക – ശാസ്ത്രീയ വിനിമയ പരിപാടിയനുസരിച്ചു്, ഇന്ത്യൻ ശാസ്ത്രീയ–വ്യവസായിക ഗവേഷകസമിതിയുടെ അതിഥികളായി, രണ്ടു സോവിയററു് ശാസ്ത്രജ്ഞർ ന്യൂദൽഹിയിലെത്തി. മോസ്കോവിലെ സമുദ്രപഠന ഇൻസ്റ്റിററ്യൂട്ടിൽ നിന്നുള്ള മത്സ്യശാസ്ത്രജ്ഞ ഡോ: നീനാ ഗർബുനോവായും ഭൂഗർഭശാസ്ത്ര ഇൻസ്റ്റിററ്യൂട്ടിൽ നിന്നുള്ള പുരാതനസസ്യശാസ്ത്രജ്ഞൻ ഡോ. സെർഗീമെയേനുമാണു് അവർ.

ഒക്ടോബർ 12: വിഖ്യാത റഷ്യൻ സംഗീതശാസ്ത്രജ്ഞനായ നിക്കോളായി റൂബിൻസ്റ്റീനിനാൽ സ്ഥാപിക്കപ്പെട്ട മോസ്കോ സംഗീതവിദ്യാലയത്തിൻെറ ശതാബ്ദി ആഘോഷത്തിൽ സംബന്ധിക്കുന്നതിന്നു് രണ്ടു പ്രശസ്ത ഇന്ത്യൻ സംഗീത ശാസ്ത്രജ്ഞരായ ഡോ. (മിസ്സ്) പ്രേം ലതാശർമ്മ (ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ സംഗീതശാസ്ത്രവകുപ്പിൻെറ മേലദ്ധ്യക്ഷ)യും ത്യാഗഭാരതിയുടെ ഡയറക്ടർ പ്രൊ. വി. വി. ശടഗോപനും മോസ്കോവിലേക്കു് പുറപ്പെട്ടു.

ഒക്ടോബർ 15: മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ്വിപ്ലവത്തിൻെറ 50-ാം വാർഷികം 1967 ഒക്ടോബർ 15 മുതൽ നവമ്പർ 15 വരെ ''സൗഹൃദമാസ''മായാഘോഷിക്കുവാൻ ദൽഹി സ്റ്റേററ് 'ഇസ്കസി' ൻെറ നാലാം സമ്മേളനം തീരുമാനിച്ചു.

★ സേവിയററ് സാമ്പത്തിക – സാങ്കേതിക സഹായത്തോടെ സജ്ജീകരിക്കപ്പെട്ട അങ്ക്ളേശ്വർ എണ്ണപ്പാടങ്ങളിൽ ഉല്പാദനം ദിവസത്തിൽ 7500 ടണ്ണായി വർദ്ധിച്ചു.

ഒക്ടോബർ 18: മഹത്തായ ഒക്ടോബർ സോഷ്യലിസ്ററു വിപ്ലവത്തിൻെറ 49-ാം വാർഷികം പ്രമാണിച്ചു് സി. പി. എസ്. യു. സെൻട്രൽ കമ്മിററി പുറപ്പെടുവിച്ച മുദ്രാവാക്യങ്ങൾ 'പ്രവദ' പ്രസിദ്ധപ്പെടുത്തി. അവയിൽ ഇന്ത്യയെപ്പററിയുള്ള പരാമർശം താഴെ പറയും പ്രകാരമാണു്:

മഹത്തായ ഇന്ത്യൻ ജനതക്ക് ഊഷ്മളാഭിവാദ്യങ്ങൾ! സോവിയററുയൂണിയനിലെയും ഇന്ത്യയിലേയും ജനങ്ങൾ തമ്മിലുള്ള സൗഹൃദവും സഹകരണവും ഉപര്യുപരി വളർന്നുപുഷ്ടിപ്പെടട്ടെ!

★ സോവിയററ് സങ്കേതികസഹായത്തോടെ നിർമ്മിക്കപ്പെട്ട ഗുജറാത്ത് എണ്ണശുദ്ധീകരണശാല രാഷ്ട്രപതി രാധാകൃഷ്ണൻ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. അദ്ദേഹം ഇന്ത്യാ – സോവിയററ് സൗഹൃദസ്മാരക സ്തൂപം അനാച്ഛാദനം ചെയ്യുകയും ചെയ്തു.

★ അസർബയിജാനിൽ നിന്ന അവിടത്തെ വിദ്യാഭ്യാസമന്ത്രിയായ ആർ. എ. റജബോവിൻെറ നേതൃത്വത്തിൽ മൂന്നംഗങ്ങളടങ്ങിയ ഒരു വിദ്യാഭ്യാസപ്രതിനിധിസംഘം ഇന്ത്യയിൽ രണ്ടാഴ്ചക്കാലത്തെ പര്യടനത്തിന ന്യൂ ദൽഹിയിലെത്തി.

★ സോവിയററുശാസ്ത്ര അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭൂഗർഭ – ഖനിജശാസ്ത്ര വിദഗ്ദ്ധയായ മിസ്സിസ്സ് എം. എ. ഫവോർസ്കായാ ഇന്ത്യാ – സോവിയററു സാംസ്കാര–ശാസ്ത്ര വിനിമയ പരിപാടിയനുസരിച്ച് യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻെറ അതിഥിയായി, ന്യൂദൽഹിലെത്തി.

ഒക്ടോബർ 24: സോവിയററ് അഭിനേതാവും ഇൻറർ നേഷനൽ തിയേററർ ഇൻസ്റ്റിററ്യൂട്ടിൻെറ യു. എസ്. എസ്. ആർ. സെൻടറിൻെറ പ്രസിഡണ്ടുമായ മ ഖായിൽസ്സാരേവ് പൗരസ്ത്യ–പാശ്ചാത്യ തിയേററർ സെമിനാറിലും ഉത്സവത്തിലും പങ്കെടുക്കുവാൻ ന്യൂദൽഹിയിലെത്തി.

ഒക്ടോബർ 30: ന്യൂദൽഹിയിൽ നടന്ന അഞ്ചാം "ലോകഹൃദയവിജ്ഞാനീയ കോൺഗ്രസ്സി"ൽ സോവിയററു് ഹൃദയവിജ്ഞാനീയ സംഘത്തിൻെറ അദ്ധ്യക്ഷനായ പി. ഇ. ലുക്കോംസ്കിയുടെ നേതൃത്വത്തിൽ 14 അംഗങ്ങളടങ്ങിയ ഒരു പ്രതിനിധിസംഘം പങ്കെടുത്തു.

★ "ശങ്കേഴ്സ് വീക്കിലി"യുടെ പത്രാധിപർ ശങ്കർ സംഘടിപ്പിച്ച, കുട്ടികൾക്കായുള്ള സാർവ്വദേശീയ ചിത്രരചനാമത്സരത്തിൽ (1965) നെഹറു സമ്മാനം ലെനിൽഗ്രാഡിലെ വിബർഗ്ജില്ലയിലെ 31-ാം നമ്പർ കിണ്ടർഗാർട്ടനിൽ നിന്നുള്ള ഒരു ബാലികയ്ക്കു് (5 വയസ്സ്) നൽകപ്പെട്ടു. 367–ൽ 27 സമ്മാനങ്ങൾ സോവിയററു് ബാലചിത്രകാരക്ക ലഭിച്ചു. 80 രാജ്യങ്ങളിൽ നിന്ന ഒരു ലക്ഷത്തിലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തിരുന്നു.

നവമ്പർ

നവമ്പർ 1: എ. ഐ. ടി. യു. സി. യുമായി അഫിലിയേററ് ചെയ്യപ്പെട്ട ആൾഇന്ത്യാ മെഡിക്കൽ ആൻഡ് ഹെൽത്ത് എംപ്ലോയീസ്ഫെഡറേഷൻെറ ക്ഷണമനുസരിച്ച് ഇന്ത്യയിലെത്തിയ സോവിയററ് മെഡിക്കൽ വർക്കേഴ്സ്യൂണിയൻെറ രണ്ടംഗപ്രതിനിധിസംഘം പര്യടനമവസാനിപ്പിച്ചു. സോവിയററ് മെഡിക്കൽവർക്കേഴ്സ്യൂണിയൻെറ എക്സിക്യൂട്ടീവ്മെമ്പറും യൂണിയൻെറ മോസ്കോ റീജിയനൽകമ്മിററി ചെയർമാനമായ ക്ലാവ്ദിയ എ. സൂച്കോവായും യൂണിയൻെറ സെൻട്രൽകമ്മിററി മെമ്പറും അതിൻെറ രാഷ്ട്രാന്തരീയവകുപ്പിൻെറ മേലദ്ധ്യക്ഷയുമായ നതാലിയാ എൻ. വറൊബ്യോവായുമാണ് പ്രതിനിധികൾ.

★ സോവിയററ് ദാർശനികനായ അലെക്സി ലിത്മാൻ പി. എച്ച്. ഡി. ഭാരതീയദർശനത്തിലെ സമകാലികപ്രവണതകളെപ്പററി പഠനം നടത്തുന്നതിന്നു ന്യൂഡെൽഹിയിലെത്തി.

★ പ്രശസ്ത സോവിയററ് ഇൻഡോളജിസ്ററും സോവിയററ്-ഇന്ത്യൻ സാംസ്കാരികബന്ധസമിതിയുടെ ഉപാദ്ധ്യക്ഷനുമായ ഏവ്ഗെനി ചേലിഷേവ്, നവമ്പർ 4-ാംതീയതി കട്ടക്കിലാരംഭിക്കുന്ന 'ഇസ്കസ്' നേഷനൽകൗൺസിൽ സമ്മേളനത്തിൽ സംബന്ധിക്കുന്നതിന്നുവേണ്ടി, ന്യൂഡെൽഹിയിലെത്തി.

★ അസർബയിജാൻ റിപ്പബ്ളിക്കിലെ പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ച ഫോട്ടോഗ്രാഫുകളുടേയും ചാർട്ടുകളുടേയും ഒരു പ്രദർശനം ന്യൂഡെൽഹിയിൽ ഇന്ത്യൻ ഉപവിദ്യാഭ്യാസമന്ത്രി ഡോ: (മിസ്സിസ്) ടി. എസ്സ്. സൗന്ദരം രാമചന്ദ്രൻ ഉൽഘാടനം ചെയ്തു.

★ പ്രേംചന്ദിൻെറ 30-ാംചരമവാർഷികം പ്രമാണിച്ചു മോസ്കോവിലെ വിദേശഭാഷാലൈബ്രറിയിൽ മഹാനായ ആ ഇന്ത്യൻഎഴുത്തുകാരൻെറ സ്മരണയ്ക്കായി ഒരു പ്രദർശനം ഉൽഘാടനം ചെയ്യപ്പെട്ടു. സോവിയററ് ജനവിഭാഗങ്ങളുടെ ഭാഷകളിൽ പ്രേംചന്ദിൻെറ കൃതികളും അദ്ദേഹത്തിൻെറ ജീവിതത്തേയും സാഹിത്യസൃഷ്ടികളേയും പുരസ്കരിച്ചു സോവിയററ് ഇൻഡോളജിസ്റ്റുകൾ രചിച്ച പ്രബന്ധങ്ങളും പ്രദർശിപ്പിക്കപ്പെട്ടു.

നവമ്പർ 2: മോസ്കോ സർവ്വകലാശാലയിലെ വിദേശരാജ്യധനശാസ്ത്രപഠത്തിൻെറ മേലദ്ധ്യക്ഷനായ പ്രൊ: ഗ്രഗീലേവ് ഇസ്കസിൻെറ ക്ഷണം സ്വീകരിച്ചു രണ്ടാഴ്ച സന്ദർശനത്തിന്ന് ഇന്ത്യയിലെത്തി. സോവി

യററ്ശാസ്ത്രഅക്കാദമിയുടെ വികസ്വരരാജ്യവിഭാഗത്തിലെ ഒരു ശാസ്ത്രകാരനായ വ്ളാദിമീർ എ. കൊന്ദ്രാച്ചേവ്വ് അദ്ദേഹത്തെ അനുഗമിക്കുന്നു.

നവമ്പർ 3: ഇന്ത്യയും സോവിയററ്യൂണിയനും തമ്മിൽ വളൻ കൊണ്ടിരിക്കുന്ന മൈത്രീബന്ധവും ലോകസമാധാനസംരക്ഷണത്തിൽ ഇരുരാജ്യങ്ങളും വഹിക്കുന്ന പങ്കും ന്യൂദൽഹിയിൽ ''ഇസ്ക്കസ്സി''ൻെറ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗത്തിൽ പല പ്രാസംഗികരും എടുത്തു കാട്ടി. മഹത്തായ ഒക്ടോബർസോഷ്യലിസ്ററുവിപ്ലവത്തിൻെറ 49-ാം വാർഷികം പ്രമാണിച്ച് സംഘടിപ്പിക്കപ്പെട്ട ''മൈത്രീവാര''ത്തിൻെറ ഭാഗമായിരുന്നു ഈ പൊതുയോഗം.

നവമ്പർ 6: കട്ടക്കിൽ മൂന്നുദിവസം നീണ്ടുനിന്ന 'ഇസ്ക്കസ്' നേഷനൽകൗൺസിൽ യോഗത്തിൻെറ അവസാനത്തിൽ ഒരു പത്തിന ഇന്ത്യാ-സോവിയററ് സാംസ്കാരികക്കരാറ് ഒപ്പുവെക്കപ്പെട്ടു. ഗവൺമെ ണ്ടിതരനിലവാരത്തിൽ ഇത്തരത്തിലാദ്യത്തേതാണിതു്. അഞ്ചു വർഷത്തേക്കു ബലത്തിലിരിക്കുന്ന ഈ കരാറിൽ ഇസ്ക്കസ് പ്രസിഡണ്ട് കെ. പി. എസ്. മേനോനും സോവിയററ്പക്ഷത്തിന്നുവേണ്ടി പ്രൊ: ഇ. പി. ചേലിഷേവും ഒപ്പുവെച്ചു.

നവമ്പർ 8: സോവിയററ്നാട്ട് നെഹ്രുസമ്മാനകമ്മിററിയുടെ വർഷാന്തസമ്മാനവിതരണയോഗത്തിൽ സംബന്ധിക്കുന്നതിന്നു സോവിയററ്സാംസ്കാരികപ്രവത്തകരുടെ ഒരു പ്രതിനിധിസംഘം ന്യൂഡെൽഹിയിലെത്തി.

നവമ്പർ 11: സോവിയററ്ശാസ്ത്രഅക്കാദമിയുടെ തത്വശാസ്ത്രഇൻസ്റ്റിററ്യൂട്ടിൻെറ ഡയറക്ടർ അക്കാദമീഷ്യൻ ഫേ്യാദർ കോൺസ്റ്റാൻറിനോവിൻെറ നേതൃത്വത്തിൽ എഴംഗങ്ങളടങ്ങിയ ഒരു സോവിയററ്പ്രതിനിധിസംഘം ന്യൂഡെൽഹിയിലെത്തി. യുദ്ധവിപത്തിന്നും സൈനികഉടമ്പടികൾക്കും പട്ടാളത്താവളങ്ങൾക്കും അണുവായുധങ്ങൾക്കും കൊളോണിയലിസത്തിന്നുമെതിരായി നവമ്പർ 13-ാംതീയതി ന്യൂഡെൽഹിയിൽ ആരംഭിച്ച നാലു ദിവസത്തെ രാഷ്ട്രാന്തരീയസമ്മേളനത്തിൽ അവർ പങ്കെടുത്തു.

★ 1966-ലേക്കുള്ള സോവിയററുനാട്ടു നെഹ്രുസമ്മാനങ്ങൾക്ക് അർഹരായവരുടെ പേരുവിവരം സമ്മാനകമ്മിററി അദ്ധ്യക്ഷൻ ശ്രീ. കെ. പി. എസ്. മേനോൻ ന്യൂഡെൽഹിയിൽ പ്രഖ്യാപിച്ചു.



നോവോസ്തിപ്രസ്സ്ഏജൻസിയുടെ ഒന്നാം വൈസ് ചെയർമാൻ വാസിലി എൻ സെച്ചിക്കോവിനെ പ്രസിഡണ്ടുരാധാകൃഷ്ണൻ സ്വീകരിക്കുന്നു.

നവമ്പർ 13: രണ്ടംഗങ്ങളടങ്ങിയ ഒരു സോവിയററ്ട്രേഡ്യൂണിയൻ പ്രതിനിധിസംഘം രണ്ടാഴ്ചത്തെ പര്യടനത്തിന്നു് ഇന്ത്യയിലെത്തി. ഇന്ത്യയിലെ പോർട്ട് ആൻഡ് ഡോക്ക് വാട്ടർഫ്രണ്ട് വർക്കേഴ്സ് ഫെഡറേഷനാണു് അവരെ ക്ഷണിച്ചതു്. സോവിയററ്യൂണിയനിലെ മോട്ടോർ ട്രാൻസ്പോർട്ട് ആൻഡ് കമ്മ്യൂണിക്കേഷൻ വർക്കേഴ്സ്യൂണിയൻ സിക്രട്ടറി ഗ്രാച്ചേവും സീ ആൻഡ് റിവർവർക്കേഴ്സ്യൂണിയൻെറ ഇൻറർനേഷനൽ റിലേഷൻസ് ഓഫീസർ റൊ ആൽഡ് അൽജാക്രീൻസ്കിയുമാണു് പ്രതിനിധികൾ.

നവമ്പർ 14: ജവഹർലാൽനെഹ്രുവിൻെറ ജന്മദിനമാഘോഷിക്കുവാൻ മോസ്കോവിൽ ഒരു പൊതുയോഗം ചേർന്നു. വിദേശരാജ്യങ്ങളുമായി സൗഹൃദ–സംസ്കാരബന്ധങ്ങൾക്കായുള്ള സോവിയററ്സൊസൈററികളുടെ യൂണിയൻ മോസ്കോവിലെ സൗഹൃദഭവനിൽ വിളിച്ചുകൂട്ടിയ പ്രസ്തുത യോഗത്തിൽ മോസ്കോവിലെ പൗരപ്രതിനിധികളും ഇന്ത്യൻവിദ്യാർത്ഥികളും ഇന്ത്യൻഎംബസിയിലെ സ്റ്റാഫംഗങ്ങളും സോവിയററ്വിദേശകാര്യവകുപ്പുദ്യോഗസ്ഥന്മാരും സംബന്ധിച്ചു.

നവമ്പർ 15: ന്യൂഡെൽഹിയിൽ AIFACS ഹോളിൽ വർണ്ണശബളമായ ഒരു ചടങ്ങിൽവെച്ച് മിസ്സിസ് ഇന്ദിരാഗാന്ധി "സോവിയററ് നാട്" നെഹ്രു സമ്മാനങ്ങൾ വിതരണം ചെയ്തു.

★ സോവിയററുയൂണിയനിലെ ഇന്ത്യൻ ചലച്ചിത്രോത്സവത്തിൽ സംബന്ധിക്കുന്നതിന്ന് പ്രക്ഷേപണ–പ്രസിദ്ധീകരണ ഉപമന്ത്രി മിസ്സിസ് നന്ദിനി സത്പതിയുടെ നേതൃത്വത്തിൽ നിർമ്മാതാക്കളും സംവിധായകരും അഭിനേതാക്കളും അടങ്ങിയ ഒരു ഇന്ത്യൻ ഫിലിം പ്രതിനിധിസംഘം മോസ്കോവിലേക്ക് പുറപ്പെട്ടു.

★ ഒരു സോവിയററ് വോളീബാൾ ടീം—സെൻട്രൽ ആർമി ക്ലബ്ബ് ടീം—ന്യൂഡൽഹിയിലെത്തി. നിക്കോളായി ചെറെദ്നിച്ചെങ്കോവിൻെറ നേതൃത്വത്തിലുള്ള ഈ ടീം ഇന്ത്യാ–സോവിയററ് സാംസ്കാരികവിനിമയപരിപാടിയനുസരിച്ച് രണ്ടാഴ്ചക്കാലം ഇന്ത്യയിൽ പര്യടനം നടത്തി.

★ മോസ്കോവിൽ ഏർപ്പെടുത്തപ്പെട്ട, ഇന്ത്യൻ കയററുമതിച്ചരക്കുകളുടെ പ്രദർശനം 15 യൂണിയൻ റിപ്പബ്ളിക്കുകളുടെ സ്ഥിരം പ്രതിനിധികൾ സന്ദർശിച്ചു.

നവമ്പർ 16: ഇന്ത്യൻ ചലച്ചിത്രോത്സവം മോസ്കോവിലെ "ഉദാർനിക്" സിനിമാമന്ദിരത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇന്ത്യൻ അംബാസ്സിഡർ മി. കേവൽസിംഗ് ഉൾപ്പെടെ 1500 പ്രേക്ഷകർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

മി. ഒ. പി. റഹ്മാൻ സംവിധാനം ചെയ്ത ഒരു മനശ്ശാസ്ത്രപടമായ *"ഫൂൽ ഔർ പഥർ"* ഉദ്ഘാടനദിവസം മോസ്കോപൗരന്മാർ കണ്ടു.

മോസ്കോവിലെ മററു രണ്ടു സിനിമാമന്ദിരങ്ങളിലും കീവ്, യെരെവാൻ, ബക്കു എന്നീ നഗരങ്ങളിലും ഉത്സവം നടക്കുകയുണ്ടായി.

നവമ്പർ 18: 1966–ലെ സോവിയററുനാട്നെഹ്രു സമ്മാനം നേടിയ മി. കെ. സി. സോൺറെക്സാ രചിച്ച ഛായാചിത്രങ്ങളുടെ ഒരു പ്രദർശനം ന്യൂഡൽഹിയിലെ സോവിയററ് എമ്പസ്സിയുടെ സാംസ്കാരികവകുപ്പിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സോവിയററ്–ഇന്ത്യൻ ജനതകൾ തമ്മിലുള്ള സുദൃഢമൈത്രിക്ക് സമർപ്പിക്കപ്പെട്ട ഈ പ്രദർശനത്തിൻെറ ഉദ്ഘാടനകർമ്മം മി. കെ. പി. എസ്. മേനോൻ നിർവ്വഹിച്ചു.

നവമ്പർ 20: സോവിയററ് വൈദ്യസ്ഥാപനവകുപ്പിന്റെ മേലദ്ധ്യക്ഷനും കുട്ടികൾക്കായുള്ള ശസ്ത്രക്രിയാവകുപ്പിന്റെ തലവനുമായ പ്രൊ: യൂറി ഇനാക്കോവ്, പ്രസവവൈദ്യവിശാരദയായ പ്രൊ: (മിസ്സിസ്) ഇററിനാ മന്വയിലോവാ എന്നിവരടങ്ങിയ ഒരു സോവിയററ്പ്രതിനിധിസംഘം ന്യൂദൽഹിയിൽ നവമ്പർ 20 മുതൽ 25 വരെ തീയതികളിൽ നടന്ന മൂന്നാം സാർവ്വദേശീയ വൈദ്യവിദ്യാഭ്യാസകോൺഗ്രസ്സിൽ പങ്കെടുത്തു.

★ *ഇന്ത്യയും ഉസ്ബെക്കിസ്ഥാനും* എന്ന പുസ്തകം താഷ്കന്റിൽ പ്രസിദ്ധപ്പെടുത്തി. കഴിഞ്ഞ 15 വർഷങ്ങളിൽ ഉസ്ബെക്കിസ്ഥാനും ഇന്ത്യയും തമ്മിൽ നടന്ന സാമ്പത്തികവും ശാസ്ത്രീയവും സാംസ്കാരികവുമായ സമ്പർക്കങ്ങളെപ്പററി പ്രതിപാദിക്കുന്ന പുസ്തകമാണിതു്.

നവമ്പർ 21: 7500 മുതൽ 10,000 വരെ ഏക്ര വീതം വിസ്തീർണ്ണമുള്ള അഞ്ചു് സ്റ്റേററ് വിത്തുല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു് വേണ്ട യന്ത്രസാമഗ്രികൾ സോവിയററുയൂണിയൻ ഇന്ത്യക്കു സംഭാവന ചെയ്യുന്നതാണെന്നു് സോവിയററു് അമ്പാസ്സിഡർ ബെനെദിക്തോവ് ന്യൂദൽഹിയിൽ ഒരു പത്രസമ്മേളനത്തെ അറിയിച്ചു.

നവമ്പർ 25: ഇന്ത്യയിൽ അഞ്ചു് സ്റ്റേററു്വിത്തുല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ട സോവിയററു്കാർഷികയന്ത്രങ്ങൾ സംഭാവന ചെയ്യുന്നതു് സംബന്ധിച്ചു് ഒരു കരാറു് ന്യൂഡൽഹിയിൽ ഒപ്പുവെക്കപ്പെട്ടു.

★ ഷുക്രോയേവിന്റെ നേതൃത്വത്തിൽ ആറു് അംഗങ്ങളടങ്ങിയ ഒരു സോവിയററ് ഭാരോദ്വാഹകസംഘം മോസ്കോവിൽ നിന്നു് ന്യൂദൽഹിയിലെത്തി.

നവമ്പർ 27: ഭീലായി ഉരുക്കുനിർമ്മാണശാലയുടെ അഞ്ചാമത്തെ ബ്ലാസ്റ്റ്ഫർണസ് പ്രവർത്തനമാരംഭിക്കുന്ന കർമ്മം ഇരുമ്പ്-ഉരുക്കു സ്റ്റേററ് മന്ത്രി മി. ടി. എൻ. സിംഗ് നിർവ്വഹിച്ചു. ആറാമത്തെ കോക്കിംഗ് ബാററി ഏതാനും ദിവസം മുമ്പ് പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ഇതോടെ, സോവിയററു് സാമ്പത്തിക–സാങ്കേതികസഹായത്തോടെ നിർമ്മിക്കപ്പെട്ട ഈ പ്ലാന്റിന്റെ വികസനപരിപാടി പൂർത്തിയായി. ഒരു വർഷം 25 ലക്ഷം ടണ്ണാണു് ഇപ്പോൾ ഭീലായി ഉരുക്കുനിർമ്മാണശാലയുടെ ഉല്പാദനശേഷി.

നവമ്പർ 29: വിദേശസാമ്പത്തികബന്ധക്കമ്മിററിയുടെ ചെയർമാൻ എസ്. എ. സ്ക്കാച്ച്ക്കോവിൻെറ നേതൃത്വത്തിൽ ഒരു ഏഴംഗസോവിയററ് സാമ്പത്തികപ്രതിനിധിസംഘം ന്യൂദൽഹിയിലെത്തി.

നവമ്പർ 30: വിശ്വവിശ്രുതഭാരതീയശാസ്ത്രജ്ഞനായ ആചാര്യ ജഗദീശ്ചന്ദ്രബോസിൻെറ കൃതികളുടെ റഷ്യൻപരിഭാഷയുടെ രണ്ടു വാള്യങ്ങൾ, ലുമുംബായൂനിവേഴ്സിററിയുടെ സസ്യശാസ്ത്രപ്രൊഫസറായ എ. എം. സിന്യൂക്കിൻ കല്ക്കത്തയിൽവെച്ച് അവിടത്തെ ബോസ് ഇൻസ്റ്റിററ്യൂട്ടിൻെറ ഡയറക്ടറായ ഡോ: ഡി. എം. ബോസിന്നു്, സോവിയററ് ശാസ്ത്രഅക്കാദമിയുടെ പേരിൽ, സമ്മാനിച്ചു.

സോവിയററ് അംബാസ്സിഡർ ഐ. എ. ബെനിദിക്തോവും ഇന്ത്യൻ കൃഷിവകുപ്പുസെക്രട്ടറി ശ്രീ. ബി. ശിവരാമനും, ഇന്ത്യയ്ക്കുള്ള കൃഷിയന്ത്രങ്ങളുടെ സോവിയററ്ദാനം സംബന്ധിച്ച ഒരു കരാറിൽ ഒപ്പുവെയ്ക്കുന്നു.

ഡിസമ്പർ

ഡിസമ്പർ 1: മോസ്കോവിലെ ലെബെദേവ് ഊർജ്ജതന്ത്രഇൻസ്റ്റിററ്യൂട്ടിൽനിന്നുള്ള ഡോ: എൻ. ഡി. ഷെവാന്ദ്രോവ്, ഇന്ത്യാ–സോവിയററ് സംസ്കാര–ശാസ്ത്രവിനിമയപരിപാടിയനുസരിച്ച് ഇന്ത്യയിലെത്തി. ഊർജ്ജതന്ത്രത്തിലും ഗണിതശാസ്ത്രത്തിലും ഡോക്ടറേററ് നേടിയിട്ടുള്ള പണ്ഡിതനാണദ്ദേഹം.

യൂണിവേഴ്സിററി ഗ്രാൻറ്സ്കമ്മിഷൻെറ അതിഥി എന്ന നിലയിൽ ഇന്ത്യയിൽ നാലാഴ്ചക്കാലത്തെ താമസിത്തിനിടയിൽ അദ്ദേഹം ഡെൽഹിയും മദിരാശിയും ബോംബെയും ബാംഗ്ളൂരും സന്ദർശിച്ചു.

ഡിസമ്പർ 3: ഇരുരാജ്യങ്ങളുടേയും വാണിജ്യപ്രതിനിധികൾ മോസ്കോവിൽവെച്ച് ഒപ്പുവെച്ച ഒരു കരാറുപ്രകാരം, സോവിയററ്യൂണിയനും ഇന്ത്യയും തമ്മിലുള്ള വ്യാപാരം 1967–ൽ 225 കോടി രൂപയുണ്ടാകുമെന്ന് അറിയിക്കപ്പെട്ടു.

ഡിസമ്പർ 5: 33-ാം സാർവ്വദേശീയ ഫൗണ്ടിമെൻകോൺഗ്രസ്സിൽ സംബന്ധിക്കുന്നതിന്ന്, സോവിയററ് ഓട്ടോമോബൈൽ വ്യവസായവകുപ്പിൻെറ തലവൻ എം. പി. ഇവാനോവിൻെറ നേതൃത്വത്തിൽ ഒരു സോവിയററ് പ്രതിനിധിസംഘം ന്യൂഡെൽഹിയിലെത്തി. അവർ പ്രസ്തുത കോൺഗ്രസ്സിൽ നാലു റിപ്പോർട്ടുകൾ സമർപ്പിച്ചു.

ഡിസമ്പർ 7: പ്രൊ: ഗെർമാൻ സെവർദ്ലോവ് ഇന്ത്യയിൽ തൻെറ സന്ദർശനം പൂർത്തിയാക്കി. ഒന്നാമത്തെ സോവിയററ്പ്രസിഡണ്ടായിരുന്ന യാക്കോവ് സെവർദ്ലോവിൻെറ സഹോദരനാണിദ്ദേഹം. സാർവ്വദേശീയകാര്യങ്ങളിൽ ഒരു പ്രസിദ്ധപ്രാമാണികനായ പ്രൊ: സെവർദ്ലോവ് 'ഇസ്ക്കസ്സി'ൻെറ ക്ഷണം സ്വീകരിച്ച് ഇന്ത്യയിൽ ഒരു പ്രഭാഷണപര്യടനം നടത്തുകയായിരുന്നു.

ഡിസമ്പർ 8: സോവിയററ് പുസ്തകങ്ങളുടേയും ഫോട്ടോഗ്രാഫുകളുടേയും ഒരു പ്രദർശനം ജാദവ്പൂർ യൂണിവേഴ്സിററി ലൈബ്രറി (കല്ക്കത്ത) യിൽ ഉൽഘാടനം ചെയ്യപ്പെട്ടു. ഒരാഴ്ചക്കാലം നീണ്ടുനിന്ന ഈ പ്രദർശനത്തിൽ ശാസ്ത്രീയവും സാമൂഹ്യവും രാഷ്ട്രീയവും സാഹിതീയവും മററുമായ നാനാവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന അയ്യായിരത്തോളം പുസ്തകങ്ങളുണ്ടായിരുന്നു.

സോവിയററ്യൂണിയനിലെ വിദേശസാമ്പത്തികബന്ധകമ്മിററിചെയർമാൻ എസ്. എ. സ്കാച്ചക്കോവും, ഇന്ത്യൻ ധനകാര്യമന്ത്രി ശ്രീ. സചീന്ദ്രചൌധരിയും, ഇന്ത്യയുടെ നാലാമത്തു പഞ്ചവത്സരപദ്ധതിയ്ക്കുള്ള 30 കോടി റൂബിളിന്റെ ഒരു സോവിയററുവായ്പഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നു.

ഡിസമ്പർ 10: ഇന്ത്യയ്ക്കു് 30 കോടി റൂബിൾ (250കോടി രൂപാ) കടംകൊടുക്കുന്നതു സംബന്ധിച്ച ഒരു കരാറു് ന്യൂഡെൽഹിയിൽ ഒപ്പുവെയ്ക്കപ്പെട്ടു. സോവിയററ്ഗവണ്മെണ്ടിന്നുവേണ്ടി വിദേശസാമ്പത്തികബന്ധകമ്മിററി ചെയർമാൻ എസ്. എ. സ്കാച്ച്കോവും ഇന്ത്യാഗവണ്മെണ്ടിന്നുവേണ്ടി ധനകാര്യമന്ത്രി മി. സചീന്ദ്രചൌധരിയും ഒപ്പുവെച്ചു.

ഡിസമ്പർ 12: കല്ക്കത്തയിലെ സോവിയററ് കോൺസൽജനറൽ ജാദവ്പൂർയൂണിവേഴ്സിററി പരിസരത്തിലെ ഗാന്ധിഭവനിൽ ഏർപ്പെടുത്തപ്പെട്ട ഒരു ചടങ്ങിൽവെച്ചു് യൂണിവേഴ്സിററി റെക്ടർ പ്രൊ: എച്ച്. സി. ഗുഹയ്ക്കു്, വ്യത്യസ്തവിഷയങ്ങളെപ്പററിയുള്ള ഒരായിരം സോവിയററ് പുസ്തകങ്ങൾ സമ്മാനിച്ചു. പുസ്തകങ്ങൾ ഇംഗ്ലീഷ്, ഹിന്ദി, ഉറുദു, ബങ്കാളി, റഷ്യൻ എന്നീ ഭാഷകളിലുള്ളവയാണ്.

ഡിസമ്പർ 13: സോവിയററ്മന്ത്രിസഭയുടെ പ്രക്ഷേപണ–ടെലിവിഷൻകമ്മിററിയുടെ ഡെപ്യൂട്ടിചെയർമാൻ ഇ. എൻ. മമ്മദോവ് ഇന്ത്യയിൽ 10ദിവസത്തെ സന്ദർശനത്തിന്നു് ന്യൂഡെൽഹിയിലെത്തി.

ഡിസമ്പർ 14: ബൊക്കാറോവിൽ ജലവിതരണം സംവിധാനം ചെയ്യുന്നതിന്നു വേണ്ട മണ്ണുമാന്തിയന്ത്രങ്ങൾക്കായി 2കോടി രൂപയുടെ ഒരു കോൺട്രാക്ട് സോവിയററ് ട്രാക്ടറൊ എക്സ്പോർട്ടും ഇന്ത്യയും തമ്മിൽ പാററ്നായിൽവച്ചു് ഒപ്പുവെച്ചിരിക്കുന്നു.

★ സോവിയററ് സുപ്രീംകോടതിയുടെ ഡെപ്യൂട്ടിചെയർമാൻ വി. ഐ. തെറെബിലോവിൻെറ നേതൃത്വത്തിൽ സോവിയററ് നിയമപണ്ഡിതന്മാരുടെ ഒരു അഞ്ചംഗപ്രതിനിധിസംഘം ഇന്ത്യയിൽ തങ്ങളുടെ സന്ദർശനം അവസാനിപ്പിച്ചു. അല്ലഹാബാദ് ഹൈക്കോടതിയുടെ ശതാബ്ദിയാഘോഷത്തിൽ സംബന്ധിക്കുവാനാണു് അവർ വന്നതു്.

ഡിസമ്പർ 15: മോസ്കോ എഞ്ചിനീയർമാർ തയ്യാറാക്കിയ ഡിസൈനനുസരിച്ചു്, മദിരാശിക്കടുത്തു് ഏതാനും വർഷങ്ങൾക്കുള്ളിൽ, സോവിയററ് സാങ്കേതികസഹായത്തോടെ ഒരു ഉരുക്കുനിർമ്മാണശാല നിർമ്മിക്കപ്പെടുമെന്നു് അറിയിപ്പുണ്ടായി

★ നേഷനൽചാമ്പ്യൻ ആർ. എഫ്. മദോനും ആറോനുമടങ്ങിയ ഒരു ചെസ്സ്ടീം ന്യൂഡെൽഹിയിൽനിന്നു മോസ്കോവിലേക്കു പുറപ്പെട്ടു. അവർ രണ്ടാഴ്ചക്കാലം സോവിയററ്യൂണിയൻ സന്ദർശിക്കും.

ഡിസമ്പർ 16: രാജസ്ഥാനിലെ കോട്ട സൂക്ഷ്മോപകരണനിർമ്മാണശാലയുടെ മെക്കാനിക്കൽഷോപ്പുകൾ ഇന്ത്യൻവ്യവസായമന്ത്രി മി. ഡി. സഞ്ജീവയ്യ ഉൽഘാടനം ചെയ്തു. സോവിയററ്യൂണിയനിൽനിന്നു ധനപരവും സാങ്കേതികവുമായുള്ള സഹായത്തോടെ പൊതുമേഖലയിൽ മൊത്തം 17കോടി രൂപ ചിലവാക്കി നിർമ്മിക്കുന്ന രണ്ടു സൂക്ഷ്മോപകരണശാലകളിൽ ഒന്നാമത്തേതാണിതു്.

ഡിസമ്പർ 18: സോവിയററ്സഹായത്തോടെ ഹൈദരാബാദിൽ പൊതുമേഖലയിൽ സ്ഥാപിക്കപ്പെട്ട ഔഷധനിർമ്മാണശാലയിൽ ഫെനാസെററിൻ എന്ന ഔഷധത്തിൻെറ ഉല്പാദനമാരംഭിച്ചു. അവിടെ തയ്യാറാക്കുന്ന 16തരം ഔഷധയോഗങ്ങളിൽ ഒന്നാണിതു്. ഇതു് തെക്കുകിഴക്കെ ഏഷ്യയിലെ ഏററവും വലിയ ഔഷധനിർമ്മാണശാലയാണു്.

ഡിസമ്പർ 19: പൗരസ്ത്യമേഖലയിൽനിന്ന 'സോവിയററുനാട്ട്' നെഹ്രുസമ്മാനം നേടിയവക്ക സമ്മാനം വിതരണം ചെയ്യന്ന കർമ്മം കല്ക്കത്തയിൽ ഒരു ചടങ്ങിൽവെച്ച പ്രമുഖ സാഹിത്യകാരനായ മി. താരാശങ്കർ ബന്ധോപാദ്ധ്യായ നിവ്വഹിച്ചു. പൗരസ്ത്യമേഖലാ ഉപദേശകസമിതിഅദ്ധ്യക്ഷനും നേഷനൽ പ്രൊഫസറുമായ മി. സുനീത്കുമാർ ചാററർജി അദ്ധ്യക്ഷത വഹിച്ചു.

★ മി. മുൽക്ക്‌രാജ്ആനന്ദിൻെറ 'ഗൗരി' എന്ന കഥയുടെ താജിക്കു പരിഭാഷ താജിക്കു നേഷനൽ പ്രിൻറിംഗ്ഹൗസ് പ്രസിദ്ധപ്പെടുത്തി.

ഡിസമ്പർ 21: ദക്ഷിണമേഖലയ്ക്കുള്ള സോവിയററ്നാട്ട് നെഹ്രു സമ്മാനങ്ങൾ മദിരാശിയിലെ നിറപ്പകിട്ടാന്ന ഒരു ചടങ്ങിൽവെച്ച വിതരണം ചെയ്യപ്പെട്ടു

★ സോവിയററ് റെഡ്ക്രോസ്സ്–റെഡ്ക്രെസെൻറ് സൊസൈററികളുടെ യൂണിയനിൽനിന്ന് അയച്ചുകിട്ടിയ ആയിരം ഡോസ് പിള്ളവാതവാക്സിൻ, ഇന്ത്യയിൽ പ്രവത്തിക്കുന്ന സോവിയററ് ഡോക്ടർമാരുടെ സംഘത്തിൻെറ നേതാവ് പ്രൊ: ഒ. എഫ്. താരാസ്സോവ് കേരളത്തിലെ രണ്ടു ഗവർമ്മെണ്ടാസ്പത്രികൾക്ക് സംഭാവന ചെയ്തു.

ഡിസമ്പർ 22: സോവിയററ് ശാസ്ത്രഅക്കാദമിയുടെ ലെനിൻഗ്രാഡ് ശാഖയിൽ പുരാവസ്തുവിഭാഗത്തിലെ പ്രൊഫസ്സറായ പി. ജെ. ബോറിസ്സോവ്സ്കി ഇന്ത്യയിലെത്തി. അദ്ദേഹം ഇന്ത്യയിൽ മൂന്നുമാസത്തെ താമസത്തിനിടയിൽ ശിലായുഗത്തിലെ രേഖകളെപ്പററി പഠനം നടത്തുന്നതും ഇന്ത്യൻ പുരാവസ്തുഗവേഷകരുമായി ആശയവിനിമയം നടത്തുന്നതുമാണ്.

★ ന്യൂദൽഹിയിൽ ഒരു അനൗപചാരികയോഗത്തിൽവെച്ച് അഖിലേന്ത്യാറേഡിയോവിൻെറ ഡയരക്ടർ ജനറൽ ഡോ: നാരായണമേനോനും സോവിയററ് പ്രക്ഷേപണവകുപ്പിൻെറ ഡെപ്യൂട്ടി ചെയർമാൻ ഇ. എൻ. മമ്മദോവും ഇരുരാജ്യങ്ങളും തമ്മിൽ സാംസ്കാരികസഹകരണം ഇനിയും വളത്തേണ്ടതിൻെറ ആവശ്യകത ഊന്നുന്ന രേഖകൾ കൈമാറി.

ഡിസമ്പർ 2 : 2 ലക്ഷം ടൺ ഭക്ഷ്യധാന്യം ഇന്ത്യക്ക് സംഭാവന ചെയ്യാനുള്ള സന്നദ്ധത സോവിയററ്യൂണിയൻ അറിയിച്ചു.

ഡിസമ്പർ 2!: പ്രശസ്തസോവിയററ് ഇന്തോളജിസ്റ്റ് പ്രൊ: വ്ളാദിമീർ ബലാബുഷേവിച്ച് രണ്ടു മാസത്തെ സന്ദർശനത്തിന്ന് ഇന്ത്യ

യിലെത്തി. സോവിയററ്–ഇന്ത്യൻ സാംസ്കാരികബന്ധകമ്മിററിയുടെ വൈസ് പ്രസിഡണ്ടുകൂടിയാണദ്ദേഹം.

ഡിസമ്പർ 26: ദിവംഗതനായ ഇന്ത്യൻ പ്രധാനമന്ത്രിക്കുവേണ്ടിയുള്ള സ്മാരകസ്തൂപത്തിന്റെ 15 ഡിസൈനുകൾ താഷ്കൻറിൽ പൊതുജനങ്ങൾക്ക് കാണാനായി പ്രദർശിപ്പിച്ചു. ഉസ്ബെക്ക് സാംസ്കാരികവകുപ്പ് നിയോഗിച്ച ജൂറി ധാരാളം ഡിസൈനുകളിൽ നിന്നു് തിരഞ്ഞെടുത്തവയാണവ. ഇന്ത്യയിലേയും സോവിയററുയൂണിയനിലേയും പ്രശസ്തരായ പ്രതിമാശില്പികളും വാസ്തുശില്പികളും ഈ മത്സരത്തിൽ പങ്കെടുത്തു.

★ പാലക്കാട്ട് പുതുശ്ശേരിയിൽ സൂക്ഷ്മോപകരണനിർമ്മാണശാലയുടെ ശിലാസ്ഥാപനകർമ്മം ഇന്ത്യൻ വ്യവസായമന്ത്രി മി. ഡി. സഞ്ജീവയ്യ നിർവ്വഹിച്ചു. ഇന്ത്യയിലെ സോവിയററ് എമ്പസ്സിയുടെ സാമ്പത്തികകാര്യ കോൺസുലർ വി. എൻ. പാഷിൻ തദവസരത്തിൽ സന്നിഹിതനായിരുന്നു. സോവിയററ് സാമ്പത്തിക–സാങ്കേതികസഹായത്തോടെ ഇന്ത്യയിൽ നിർമ്മിക്കുന്ന രണ്ടാമത്തെ സൂക്ഷ്മോപകരണനിർമ്മാണശാലയാണിതു്.

ഡിസമ്പർ 27: സോവിയററ് ശാസ്ത്രഅക്കാദമിയുടെ വൈസ് പ്രസിഡണ്ട് അക്കാദമിഷ്യൻ പ്യോതുഫെദോസെയേവിന്റെ നേതൃത്വത്തിൽ സോവിയററു് ശാസ്ത്രജ്ഞരുടെ ഒരു ഏഴംഗപ്രതിനിധിസംഘം മോസ്കോവിൽനിന്നു് ന്യൂഡൽഹിയിലെത്തി. അവർ ഹൈദരാബാദിൽ ഇന്ത്യൻ സയൻസ് കോൺഗ്രസ്സിന്റെ 54–ാം സമ്മേളനത്തിൽ പങ്കെടുത്തു.

★ 6–ാം അഖിലേന്ത്യാ പുരോഗമനസാഹിത്യസമ്മേളനത്തിൽ പങ്കെടുക്കുന്നതിന്നു് സോവിയററു് എഴുത്തുകാരുടെ ഒരു മൂന്നംഗപ്രതിനിധിസംഘം ന്യൂഡൽഹിയിലെത്തി. അസർബയിജാൻ നാടകകൃത്തു് മീർസാ ഇബ്രാഹിമോവ്, മോസ്കോവിൽനിന്നുള്ള പ്രശസ്തകവി റോബെർട്ട് റോഷ്ദെസ്ത്‌വെൻസ്കി, ഇന്ത്യൻസാഹിത്യത്തെപ്പററി പഠനം നടത്തുന്ന ഒരു റിസർച്ച്സ്കോളറായ മറിയം സൽഗാനിക്ക എന്നിവരാണവർ.

★ ഉസ്ബെക്കിസ്ഥാനിൽനിന്നുള്ള 60അംഗങ്ങളടങ്ങിയ ‘‘വസന്ത’’ നൃത്തസംഘം ന്യൂഡെൽഹിയിലെത്തി. ഒരു മാസക്കാലത്തെ താമസത്തിനിടയിൽ അവർ ദൽഹി, മദിരാശി, ഹൈദരബാദ്, ബോംബെ, കല്ക്കത്ത, ലക്നൗ, ജയ്പൂർ എന്നിവിടങ്ങളിൽ നൃത്തപ്രദർശനം നടത്തി.



ഒരു സംഘം സോവിയററ് ശാസ്ത്രകാരന്മാർ. പാലംവിമാനത്താവളത്തിൽ വച്ചു ഇവരെ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ ചെയർമാൻ ഡോക്ടർ ഡി. എസ്. കൊത്താരി സ്വീകരിച്ചു. ഇടത്തുനിന്നും ആറാമതായി നില്ക്കുന്നതു്, ഡെലിഗേഷൻ നേതാവ് അക്കാദമിഷ്യൻ പി. എൻ. ഫെദോസേയേവാണ്.

★ ഇന്ത്യയിൽ മൂന്നാഴ്ചക്കാലത്തെ പര്യടനത്തിന്ന് സോവിയററ് ടേബിൾ ടെന്നീസ് കളിക്കാരുടെ ഒരു നാലംഗടീം ന്യൂദൽഹിയിലെത്തി.

★ ഇന്ത്യൻ ടെന്നീസ് ടൂർണ്ണമെൻറിൽ പങ്കെടുക്കുന്നതിന്ന ജോർജിയൻ റിപ്പബ്ളിക്കിൽനിന്ന് ഒരു സോവിയററു് ടെന്നീസ് ടീം ന്യൂദൽഹിയിലെത്തി.

ഡിസമ്പർ 28: ദൽഹി ലാബറട്ടറിയിൽനിന്നുള്ള ഡോ: ഐ. ജെ. കുമാർ മിൻസ്ക്ക് ഇൻസ്റ്റിററ്യൂട്ടിൽ പരിശീലനത്തിന്ന് ചേന്നു. അദ്ദേഹത്തിൻെറ ഗവേഷണം താപോർജ്ജതന്ത്രജ്ഞനായ അക്കാദമിഷ്യൻ അലെക്സി ലിക്കോവ് മേൽനോട്ടം ചെയ്യും. ഇന്ത്യയിൽനിന്ന് പ്രസ്തുത ഇൻസ്റ്റിററ്യൂട്ടിൽ ഗവേഷണത്തിന്ന് പോകുന്ന ഒന്നാമത്തെ ഇന്ത്യൻ വിദഗ്ധനാണ് ഡോ: കുമാർ.

ഡിസമ്പർ 29: ബുൾഡോസറോട്ടുകൂടിയ T-100 M തരം ട്രാക്ടറുകൾ വിലക്ക് വാങ്ങുന്നതു് സംബന്ധിച്ച് ദൽഹിഅധികാരികൾ സോവിയററ് വിദേശവ്യാപാരസംഘടനയായ "ട്രാക്തറോ എക്സ്പോർട്ട"മായി ഒരു കരാറിലേർപ്പെട്ടു.

ഡിസമ്പർ 30: സോവിയററ്യൂണിയൻ സംഭാവനചെയ്ത 2 ലക്ഷം ടൺ ധാന്യം കഴിയുന്നത്ര വേഗം കപ്പൽവഴി ഇന്ത്യയിലെത്തിക്കുവാനുള്ള സന്നദ്ധത സോവിയററുവിദേശവ്യാപാരകോർപ്പറേഷനായ "എക്സ്പോർത്ത് ഖ്ളേബ്" അറിയിച്ചു.

★ ലെനിൻഗ്രാഡ് മെററൽ വർക്സ്, ഭാക്രഡാ–നംഗൽ പവർ പ്ലാൻറിനുള്ള അവസാനത്തെ ഹൈഡ്രോ ടർബൈനിൻെറ പണി പൂത്തിയാക്കി. ഈ ടർബൈൻ പ്രവത്തനത്തിൽ വരുന്നതോടെ പവർ പ്ലാൻറിൻെറ രണ്ടാം ഘട്ടം പൂത്തിയാകും. അതിൻെറ ഉല്പാദനശേഷി 6 ലക്ഷം കിലോ വാട്ടിലെത്തുകയും ചെയ്യും.

ഡിസമ്പർ 31: മദിരാശിക്കടുത്ത് ആക്കോണത്ത് ഉരുക്കുവാപ്പ് ശാലക്കുള്ള ശിലാസ്ഥാപനം മദിരാശി മുഖ്യമന്ത്രി ഭക്തവത്സലം നിവ്വഹിച്ചു. സോവിയററ് സഹായത്തോടെ നിമ്മിക്കുന്ന ഈ പ്ലാൻറ് പൊ

അറുപതു അംഗങ്ങളടങ്ങുന്ന ഒരു ഉസ്ബക്ക് നൃത്തസംഘം പാലംവിമാനത്താവളത്തിൽ



ആദ്യത്തെ ഭക്ഷ്യധാന്യകൺസൈൻമെൻറുമായി ഇന്ത്യയിലേക്ക് പുറപ്പെടുന്നതിനുമുമ്പ്, ''പാർട്ടിസൻസ്കായ ഇസ്ക്ര'' എന്ന കപ്പൽ നൊവൊറൊ സീസ്ക് തുറമുഖത്ത്.

തുമേഖലയിൽ മദിരാശി ഗവർമ്മെണ്ട് ഏറ്റെടുക്കുന്ന ഒന്നാമത്തെ വൻകിട വ്യവസായമായിരിക്കും.

★ മദിരാശിക്കടുത്ത് എന്നൂറിൽ ഒരു പ്രീഫാബ്രിക്കേറ്റഡ് ഹൗസിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിൽ സോവിയററുയൂണിയൻ മദിരാശി ഗവമ്മെണ്ടിനെ സഹായിക്കുന്നതാണ്. മദിരാശിസ്റ്റേററ്ഹൗസിംഗ് ബോർഡും മോസ്കോവിലെ ''മാഷിനോ എക്സ്പോർത്തും'' ഇതു് സംബന്ധിച്ച രേഖകളിൽ ഒപ്പുവെച്ചു.

Regd. No. M. 8162

ഇന്ത്യാ-സോവിയറ്റ് മൈത്രിയുടെ വിസ്മയങ്ങളറിയാൻ

സോവിയറ്റ് നാട്

വായിക്കുക

12 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും നേപ്പാളിയിലും
പ്രസിദ്ധപ്പെടുത്തുന്നു

വരിസംഖ്യ നിരക്കിൽ പ്രത്യേക കിഴിവുനിരക്ക്
1 കൊല്ലം 6.00 3 കൊല്ലം 12.00 ഇംഗ്ലീഷ് പതിപ്പിനു. മലയാളം, തമിഴ്, തെലുങ്ക്
കന്നഡ മുതലായ പതിപ്പുകൾ 1 കൊല്ലം 5.00 3 കൊല്ലം 10.00

സൌജന്യം

വരിക്കാരായിച്ചേരുന്നവർക്കെല്ലാം മനോഹരമായ
ഒരു ബഹുവർണ്ണ കലണ്ടറും (1967 ലേത്). മൂന്നു
കൊല്ലത്തേക്ക വരിക്കാരായി ചേരുന്നവർക്ക്
കലണ്ടറിനു പുറമെ സോവിയറ്റ് നാട്
പോക്കററ് ഡയറിയും (1967)
സൗജന്യമായി ലഭിക്കും

ഞങ്ങൾ അധികാരപ്പെടുത്തിയ ഏജൻറുമാർ വഴി
വരിക്കാരായി ചേരാവുന്നതാണ് അല്ലങ്കിൽ
നേരിട്ട ഞങ്ങൾക്ക പണമയക്കുക.

സോവിയററ് നാട് ആപ്പീസ്
44, ത്യാഗരാജ റോഡ്, മദിരാശി-17

ഇതിലെ ലേഖനങ്ങൾ പത്രങ്ങളിൽ ഉദ്ധരിച്ചു ചേർക്കമ്പോൾ ഈ പത്രത്തിൻെറ പേർകൂടി ചേർക്കുന്നത് സ്വാഗതാർഹമായിരിക്കും.